വാല്യം 4
ഇഷ്യൂ 2

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം




COURT NO.11
S U P R E M E C O U R T O F I N D I A
RECORD OF PROCEEDINGS
(CIVIL) Diary No(s). 42406/2017
judgment and order dated 06-11-2017
Court Of Delhi At New Delhi)
Petitioner(s)
06.11.2017 with

കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം



# നിയമധ്വനി

GPM 5/93/2021 - 1

**പത്രാധിപ സമിതി**

*ചീഫ് എഡിറ്റർ*
**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി

*എഡിറ്റർ*
**ഗ്രാൻസി. റ്റി. എസ്**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ*
**എൽ. ആർ. രാജീവ് കുമാർ**
ജോയിന്റ സെക്രട്ടറി

**മനു സോളമൻ**
സെക്ഷൻ ആഫീസർ

**ശ്രീരഞ്ജിത്ത് . എം.സി**
അസിസ്റ്റന്റ് ലീഗൽ ആഫീസർ

**ജെസ്സി . പി**
ലീഗൽ അസിസ്റ്റന്റ്

*പുറംതാൾ രൂപകല്പന*
**രൂപകല്പന വിഭാഗം**
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം-2019

---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക

*വിലാസം*
നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ*
0471-2517064, 0471-2517066



# പ്രസാധക കുറിപ്പ്

കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാനയം വിജയകരമായി നടപ്പിലാക്കി വരികയാണ്. സുപ്രീം കോടതിയുടെയും ഹൈക്കോടതി യുടെയും വളരെ പ്രധാനപ്പെട്ടതും കാലികവുമായ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് നിയമ (ഔദ്യോഗിക ഭാഷപ്രസിദ്ധീകരണ സെൽ) വകുപ്പ് നിയമധ്വനി എന്ന ഒരു മലയാള ജേർണൽ പ്രസിദ്ധീകരിച്ചു വരികയാണ്.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ പുതുതായി നിലവിൽ വരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉള്ളടക്കം സംഗ്രഹ രൂപത്തിൽ ലളിതമായ ഭാഷയിൽപൊതുജനങ്ങ ളുടെ അറിവിലേക്കായി നിയമധ്വനിയിൽ പ്രസിദ്ധീകരിക്കണമെന്ന് ഒരു നിർദ്ദേശം ഉയർന്നു വന്നു. ആയതിൻ പ്രകാരം പുതുതായി നിലവിൽ വരുന്ന നിയമങ്ങളുടെയും, ചട്ടങ്ങളുടെയും ഉള്ളടക്കം ഞങ്ങൾ നിയമധ്വനിയിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നു. കൂടാതെ, ചില വിധി പകർപ്പുകൾ വളരെ പ്രാധാന്യം അർഹിക്കുന്നതും ആനുകാലികവും ആണെങ്കിലും വിധിപകർപ്പുകളുടെ പേജുകളുടെ ബാഹുല്യം നിമി ത്തം ആയതിന്റെ തർജ്ജമ പ്രായോഗികമായി പ്രസിദ്ധീകരിക്കുന്നതിൽ ബുദ്ധിമുട്ടുള്ളതിനാൽ അത്തരം വിധികളുടെ പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. തന്മൂലം കൂടുതൽ വിധിന്യായ ങ്ങൾ നിയമധ്വനിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതും, ആയത് മാന്യ വായനക്കാർക്ക് ഒരു മുതൽ കൂട്ടായിരിക്കും.

കോവിഡ്19 എന്ന കൊറോണ വൈറസിനെതിരെ ലോകജനത ഒറ്റക്കെട്ടായി പോരാടുകയാണ്. നമ്മൾ ഈ പ്രതിസന്ധിയും തരണം ചെയ്യും. എല്ലാ മാന്യ വായനക്കാർക്കും സർവ്വ ആയുരാരോഗ്യങ്ങളും നേരുന്നു.

ഇനിമുതൽ നിയമധ്വനി ലക്കങ്ങളായിട്ടായിരിക്കും പ്രസിദ്ധീകരിക്കുക എന്ന് മാന്യ വായനക്കാരെ അറിയിക്കുന്നു. പത്രാധിപ സമിതിയിലുള്ള പുതിയ അംഗങ്ങൾക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി.

**നിയമ വകുപ്പ്**
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
14-08-2020

GPM 5/93/2021 - 1A

# ഉൾത്താളുകളിൽ

## I) സുപ്രീം കോടതി വിധിന്യായങ്ങൾ


സിദ്ധരാജു Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക ........ 05

ശ്രീ ആന്റണി @ ആന്റണിസ്വാമി Vs മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ........ 17

നന്ദകിഷോർ ശ്രാവൺ അഹിരോ Vs കോസൺ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ് ........ 24

ഡി.എ.വി. കോളേജ് ട്രസ്റ്റ് ആന്റ് മാനേജ്മെന്റ് സൊസൈറ്റിയും മറ്റുള്ളവരും Vs പബ്ലിക് ഇൻസ്ട്രക്ഷൻ ഡയറക്ടറും മറ്റുള്ളവരും ........ 27

കുംസും ഭാട്ടിയ Vs സാഗർ സേതി ........ 41


## II) ഹൈക്കോടതി വിധിന്യായങ്ങൾ


ആന്റണി സ്കറിയയും മറ്റുള്ളവരും Vs ജില്ലാ കളക്ടറും മറ്റുള്ളവരും ........ 45

രാജ് കുമാർ Vs തഹസിൽദാർ ........ 50

അബ്ദുൾ ഖാദർ Vs സബ് രജിസ്ട്രാർ ........ 55

ജോണി Vs സ്റ്റേറ്റ് ഓഫ് കേരള ........ 62

ഗീതാ മനോഹരൻ Vs സ്റ്റേറ്റ് ഓഫ് കേരള ........ 66

രാജീവൻ Vs ഡെപ്യൂട്ടി കമ്മീഷണർ ........ 70

യൂണിയൻ ഓഫ് ഇന്ത്യ Vs സുജയ. ........ 76

വിഷ്ണു നമ്പൂതിരി Vs ബാലചന്ദ്രൻ. ........ 78


## III) സുപ്രധാന വിധികൾ ഒറ്റനോട്ടത്തിൽ


രാജസ്ഥാൻ ഹൈക്കോടതി Vs വേദ് പ്രിയയും മറ്റുള്ളവരും (സുപ്രീം കോടതി) ........ 83

ഹരികൃഷ്ണ മന്ദിർ ട്രസ്റ്റ് Vs സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്രയും മറ്റുള്ളവരും (സുപ്രീം കോടതി) ........ 85

പാണ്ഡു രംഗ് ഗൺപതി ചൗഗുലേ Vs വിശ്വാസ് റാവു പാട്ടീൽ മുർഗുഡ് സഹകാരി ബാങ്ക് ലിമിറ്റഡ് (സുപ്രീം കോടതി) ........ 87

അർജുൻ പണ്ഡിറ്റ് റാവു ഖോട്കർ Vs കൈലാഷ് ഖുഷൻ റാവു ഗോരന്ത്യാലും മറ്റുള്ളവരും (സുപ്രീം കോടതി) ........ 89

ഷഫീക്ക് Vs സ്റ്റേറ്റ് ഓഫ് കേരള (ഹൈക്കോടതി) ........ 91

അനി Vs സ്റ്റേറ്റ് ഓഫ് കേരള (ഹൈക്കോടതി) ........ 94




GPM 5/93/2021 - 2

## IV) പുതിയതായി നിലവിൽ വന്ന നിയമങ്ങൾ

1. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 (സംക്ഷിപ്ത രൂപം) ........ 97

2. 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള ആക്റ്റ് (2020-ലെ 1-ാം ആക്റ്റ്) ........ 103



സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. രോഹിന്റൺ ഫാലി നരിമാൻ

ബഹു. ജസ്റ്റിസ് അനിരുദ്ധ ബോസ്

&

ബഹു. ജസ്റ്റിസ് വി. രാമസുബ്രമണ്യൻ

സിവിൽ അപ്പീൽ നമ്പർ 2017-ലെ-1567

2020 ജനുവരി 15-ന് വിധി കല്പിച്ചത്

സിദ്ധരാജു

**Vs**

സ്റ്റേറ്റ് ഓഫ് കർണാടക

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

വൈകല്യമുള്ളവർക്കുള്ള സംവരണം 50% എന്ന പരിധിയുമായി ഒരു ബന്ധവുമില്ല. അതിനാൽ , വികലാഗരെ സംബന്ധിച്ചിടത്തോളം ഇന്ദ്രാ സാവ്നിയിൽ പറഞ്ഞിരിക്കുന്നതു പോലെ, പ്രൊമോഷനുകളിൽ സംവരണം ഏർപ്പെടുത്തരുത് എന്ന ചട്ടം വ്യക്തമായും, മാനദണ്ഡ മായും ബാധകമല്ല

**വിധിന്യായം**

**ജസ്റ്റിസ് രോഹിന്റൺ ഫാലി നരിമാൻ**

1. കോടതിക്ക് മുമ്പിലുള്ള ഈ ബാച്ച് കേസുകൾ ഞങ്ങളുടെ മുമ്പിൽ വന്നിട്ടുള്ളത് ഡിവിഷൻ ബഞ്ചിന്റെ 03.02.2017-ലെ റഫറൻസ് ഓർഡർ വഴിയാണ്. റഫറൻസ് ഓർഡർ ഇനി പറയുന്ന രീതിയിൽ വായിക്കുന്നു.

കാലതാമസം മാപ്പാക്കി. അനുമതി നൽകി.

ഈ കേസിൽ ഉയർന്നു വന്നിട്ടുള്ള ചോദ്യം 1995ലെ വൈകല്യമുള്ള വ്യക്തികൾ (തുല്യ അവസരങ്ങൾ, അവകാശങ്ങളുടെ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമത്തിന്റെ (ഇനി മുതൽ 1995ലെ നിയമം) കീഴിൽ വരുന്ന വ്യക്തികൾക്ക് സ്ഥാനക്കയറ്റത്തിൽ

സംവരണം നൽകാമോ എന്നതാണ്. രാജീവ് കുമാർ ഗുപ്തയും മറ്റുള്ളവരും **Vs** യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും SC (2016) 6 SCALE 41) എന്ന കേസിൽ ഈ കോടതി ദൃഢീകരിക്കുന്ന കാഴ്ചപ്പാട് ആണ് എടുത്തത്.

ഇന്ദ്രാസാനിയും മറ്റുള്ളവരും **Vs** യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും (1992) Supp. 3 SCC 215) എന്ന കേസിൽ ഭൂരിപക്ഷ തീരുമാനമായ സ്ഥാനക്കയറ്റങ്ങളിലെ സംവരണത്തിനെതിരായ വിലക്ക് ഭരണഘടനയുടെ അനുച്ഛേദം 16(4) ന് മാത്രമല്ല 16(1) നും ബാധകമാണെന്നും മറിച്ചുള്ള നിഗമനം ന്യായീകരിക്കാൻ കഴിയില്ല എന്ന് വിദ്വാനായ സോളിസിറ്റർ ജനറൽ ശ്രീ. രഞ്ജിത് കുമാർ ചൂണ്ടിക്കാണിക്കുന്നു.

വൈകല്യമുള്ളവർക്ക്, തീർച്ചയായും മുൻഗണനാ നയം ആവശ്യമാണെന്നും അത്തരം മുൻഗണനാ നയം നിയമനത്തിലെ സംവരണത്തെ ഉൾക്കൊള്ളുന്നുണ്ടെങ്കിലും സ്ഥാനക്കയറ്റത്തിൽ സംവരണം നൽകുന്നില്ല. 1995ലെ നിയമത്തിലെ വകുപ്പ് 33 ആ പശ്ചാത്തലത്തിൽ വായിച്ചു നിർണ്ണയിക്കേണ്ടതുണ്ട്. ഇക്കാര്യം വിശാല ബെഞ്ച് പരിഗണിക്കേണ്ടതുണ്ടെന്ന വാദത്തിന് ഞങ്ങൾ യോഗ്യത കാണുന്നു.
അതനുസരിച്ച്, ഉചിതമായ ഉത്തരവുകൾക്കായി വിഷയം ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ മുമ്പാകെ വയ്ക്കാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

ഇന്ന് മുതൽ ഒരാഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാൻ യൂണിയൻ ഓഫ് ഇന്ത്യക്ക് സ്വാതന്ത്ര്യമുണ്ട്.

2. ഇന്ത്യൻ പാർലമെന്റ് , 1995-ലെ ആക്റ്റ് ആയി വൈകല്യമുള്ള വ്യക്തികൾ (തുല്യ അവസരങ്ങൾ, അവകാശങ്ങളുടെ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമം 1996-ലെ 1-ാം ആക്റ്റ് ആയി പാസ്സാക്കി. ഈ നിയമത്തിന്റെ ഉദ്ദേശ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രസ്താവനയിൽ, 1992 ഡിസംബറിൽ ചൈനയിലെ ബീജിംഗിൽ നടന്ന സമ്മേളനം, ഏഷ്യയിലെയും, പസഫിക് മേഖലയിലെയും വികലാംഗരുടെ സമ്പൂർണ്ണ പങ്കാളിത്തവും, സമത്വവും സംബന്ധിച്ച പ്രഖ്യാപനം, അംഗീകരിച്ചു എന്നതാണ്. ഈ പ്രഖ്യാപനത്തിൽ ഇന്ത്യ ഒപ്പിട്ടിട്ടുള്ളതും, വൈകല്യമുള്ളവരോടുള്ള വിവേചനം നീക്കം ചെയ്യുന്നതിനും അത്തരം വ്യക്തികളെ സാമൂഹിക മുഖ്യധാരയിലേക്ക് സംയോജിപ്പിക്കുന്നതിന്, പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ പ്രത്യേക പരിചരണം നൽകുന്നതിന് അനുയോജ്യമായ ഒരു നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു.

3. ഈ നിയമത്തിലെ വകുപ്പ് 2(ഐ) "വൈകല്യം" നിർവ്വചിക്കുന്നത്:

(ഐ) "വൈകല്യം" എന്നാൽ

(i) അന്ധത;

(ii) കാഴ്ചക്കുറവ്;

(iii) ഭേദമായ കുഷ്ഠരോഗം ;

(iv) ശ്രവണ രോഗം;

(v) ലോക്കോമോട്ടർ വൈകല്യം;

(vi) മാനസിക വൈകല്യങ്ങൾ;

(vii) മാനസിക രോഗം;

വകുപ്പ് 2(റ്റി) "വൈകല്യമുള്ള വ്യക്തിയെ" ഇനിപ്പറയുന്ന രീതിയിൽ നിർവ്വചിക്കുന്നു:

(റ്റി) "വൈകല്യമുള്ള വ്യക്തി" എന്നാൽ ഒരു മെഡിക്കൽ അതോറിറ്റി സാക്ഷ്യപ്പെടുത്തിയ ഏതെങ്കിലും വൈകല്യത്തിന്റെ നാൽപ്പത് ശതമാനത്തിൽ കുറയാത്ത ഒരു വ്യക്തി;

4. ഈ നിയമം കേന്ദ്രസംസ്ഥാന ഏകോപന സമിതികൾക്കും, വൈകല്യങ്ങൾ തടയുന്നതിനും മുൻകൂട്ടി കണ്ടെത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ ആവശ്യത്തിനായി തസ്തികകൾ കണ്ടെത്തുന്നതിനും നീക്കിവയ്ക്കുന്നതിനുമായി ബന്ധപ്പെട്ട നിയമത്തിലെ ആറാം അദ്ധ്യായവുമായി ഞങ്ങൾ നേരിട്ട് ശ്രദ്ധ വയ്ക്കുന്നു. ഈ വകുപ്പുകൾ താഴെ പറയുന്നു:

32. വൈകല്യമുള്ളവർക്കായി നീക്കി വയ്ക്കാവുന്ന തസ്തികകളുടെ തിരിച്ചറിയൽ.-. ഉചിതമായി സർക്കാരുകൾ.-

(എ) വൈകല്യമുള്ളവർക്കായി നീക്കിവയ്ക്കാവുന്ന സ്ഥാപനങ്ങളിൽ പോസ്റ്റുകൾ തിരിച്ചറിയുക;

(ബി) മൂന്ന് വർഷത്തിൽ കൂടാത്ത, ആനുകാലിക ഇടവേളകളിൽ തിരിച്ചറിഞ്ഞ പോസ്റ്റുകളുടെ പട്ടിക അവലോകനം ചെയ്യുക, സാങ്കേതികവിദ്യയുടെ പുരാഗതി കണക്കിലെടുത്ത് പട്ടിക കാലികമാക്കുക.

33. തസ്തികകളുടെ സംവരണം.- ഓരോ ഉചിതമായ സർക്കാരും എല്ലാ സ്ഥാപനങ്ങളിലും ഒഴിവിലെ മൂന്ന് ശതമാനത്തിൽ കുറയാതെ വൈകല്യമുള്ള വ്യക്തികൾക്കോ അല്ലെങ്കിൽ വൈകല്യമുള്ള ഒരു വിഭാഗത്തിനുമായി നിയമനം നടത്തണം. ഇതിൽ ഒരു ശതമാനം

(i) അന്ധത അല്ലെങ്കിൽ കാഴ്ചക്കുറവ്;

(ii) ശ്രവണ വൈകല്യം;

(iii) ലോക്കോമോട്ടർ വൈകല്യം അല്ലെങ്കിൽ സെറിബ്രൽ പാൾസി ഉള്ളവർക്കായി മാറ്റി വയ്ക്കണം.

ഓരോ വൈകല്യത്തിനും തിരിച്ചറിഞ്ഞ പോസ്റ്റുകളിൽ,

ഏതെങ്കിലും വകുപ്പിലോ സ്ഥാപനത്തിലോ നടക്കുന്ന ജോലികളുമായി ബന്ധപ്പെട്ട്, അത്തരം വ്യവസ്ഥകൾക്ക് വിധേയമായി വിജ്ഞാപനം വഴി ഉചിതമായ സർക്കാരിന്, അത്തരം വിജ്ഞാപനത്തിൽ വ്യക്തമാക്കിയ പോലെ, ഏതെങ്കിലും സ്ഥാപനത്തെ ഈ വിഭാഗത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കാം.

5. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും **Vs** നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റും മറ്റുള്ളവരും (2013 (4) KLT SN 51 (C. No. 45) SC : (2013) 10 SCC 772) എന്ന കേസിൽ ഈ കോടതി മേൽപ്പറഞ്ഞ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച്, പ്രത്യേകിച്ചും വകുപ്പ് 32-ഉം, 33-ഉം കോടതി വിശദമായി പരിശോധിച്ചു. കോടതി പരിഗണിച്ച ഭാരത സർക്കാരിന്റെ 29.12.2005-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരിക്കുന്ന റിസർവ്വേഷന്റെ തോത് താഴെ പറയും പ്രകാരമാണ്.

2. റിസർവ്വേഷന്റെ തോത്

(i) ഗ്രൂപ്പ് എ,ബി,സി.ഡി തസ്തികകളിലേക്ക് നേരിട്ട് നിയമനം ചെയ്യുന്ന സാഹചര്യത്തിൽ ഒഴിവുകളുടെ മൂന്ന് ശതമാനം വൈകല്യമുള്ളവർക്കായി സംവരണം ചെയ്യേണ്ടതും, അതിൽ ഒരു ശതമാനം വീതം (i) അന്ധത അല്ലെങ്കിൽ കാഴ്ചക്കുറവ് (ii) ശ്രവണ വൈകല്യം (iii) ലോക്കോമാട്ടർ വൈകല്യം അല്ലെങ്കിൽ സെറിബ്രൽ പാൾസി എന്നിവ അനുഭവിക്കുന്ന വ്യക്തികൾക്കായി അതത് വൈകല്യത്തിനു തിരിച്ചറിഞ്ഞിട്ടുള്ള തസ്തികകൾക്കായി സംവരണം ചെയ്യേണ്ടതുമാണ്.

(ii) ഗ്രൂപ്പ്സി, ഗ്രൂപ്പ്ഡി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റതിത്തിന്റെ കാര്യത്തിൽ നേരിട്ടുള്ള നിയമനത്തിന്റെ അംശം 75% കൂടുന്നില്ലായെങ്കിൽ മൂന്നു ശതമാനം തസ്തികകൾ വികലാംഗർക്കായി സംവരണം ചെയ്യേണ്ടതും, അതിൽ ഒരു ശതമാനം വീതം (i) അന്ധത അല്ലെങ്കിൽ കാഴ്ചക്കുറവ് (ii) ശ്രവണ വൈകല്യം (iii) ലോക്കോ മാട്ടർ വൈകല്യം അല്ലെങ്കിൽ സെറിബ്രൽ പാൾസി എന്നിവ അനുഭവിക്കുന്ന വ്യക്തികൾക്കായി അതത് വൈകല്യത്തിനു തിരിച്ചറിഞ്ഞിട്ടുള്ള തസ്തികകളിലേക്ക് സംവരണം ചെയ്യേണ്ടതുമാണ്.

തുടർന്ന് കോടതി ഇപ്രകാരം വിധി പ്രസ്താവിച്ചു.

39) ഈ നിയമനിർമ്മാണത്തിനു മുൻപ് തന്നെ, ഗ്രൂപ്പ് സി, ഡി ലേക്ക് അംഗവൈകല്യ മുള്ളവരുടെ സംവരണം പ്രാബല്യം ഉണ്ടെന്നും, അത് 29.12.2005 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേഡർ സ്ട്രെങ്ങ്തിലെ ആകെ ഒഴിവുകൾക്കെതിരായി ഉണ്ടാക്കിയിട്ടുള്ളതാണെന്നും പക്ഷേ 33ാം വകുപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം വേർ തിരിച്ച തസ്തികകൾക്കെതിരെ മാത്രം സംവരണം കണക്കാക്കേണ്ടത് ആണ് എന്നും അപ്പീൽവാദികൾക്ക് വേണ്ടി സമർപ്പിച്ചു. മുകളിൽ പറഞ്ഞതു പോലെ മേൽ വകുപ്പിന്റെ ലളിതമായ ഭാഷ കണക്കിലെടുത്ത് ഈ വാദം പൂർണ്ണമായും തെറ്റിദ്ധരിക്കപ്പെടുന്നു. ഗ്രൂപ്പ് സി,ഡി തസ്തികകളിലെ സംവരണം കണക്കുകൂട്ടൽ കേഡർ സ്ട്രെങ്ങ്തിലെ മൊത്തം ഒഴിവുകൾക്ക് എതിരാണെന്ന് ഞങ്ങൾ വാദിക്കുകയാണെങ്കിൽ പോലും ഗ്രൂപ്പ് സി,ഡി തസ്തികകളിൽ സംവരണ സ്കീം പുതിയ നിയമത്തിനു മുൻപേ ബാധകമാകുന്നതിനാൽ, ഗ്രൂപ്പ് എ,ബി തസ്തികകൾ അല്ലെങ്കിൽ ഗ്രൂപ്പ് സി, ഡി തസ്തികകൾ തമ്മിലുള്ള സംവരണം കണക്കാക്കുന്ന രീതിയെ യഥാക്രമം 33ാം വകുപ്പ് വേർതിരിക്കുന്നില്ല. അതുപോലെ, ഒരു നിയമപരമായ വ്യവസ്ഥയെ ഒരേ വിഷയത്തിന് വ്യത്യസ്തമായി വ്യാഖ്യാനിക്കാനും പ്രയോഗിക്കാനും കഴിയില്ല.

40) കൂടാതെ, സംവരണം കണക്കാക്കുന്നത് തിരിച്ചറിഞ്ഞ തസ്തികകൾക്ക് എതിരായിരിക്കണം എന്ന് അപ്പീൽവാദികൾ വാദിക്കുന്ന വ്യാഖ്യാനം ഞങ്ങൾ അംഗീകരിക്കുകയാണെങ്കിൽ, അത് സംവരണ സ്കീമിന്റെ പ്രയോഗത്തിന്റെ പോലും അനിശ്ചിതത്വത്തിനു കാരണമാകും. കേന്ദ്രത്തിലും സംസ്ഥാനങ്ങൾ തമ്മിലും ഗവൺമെന്റിന്റെ ഏതെങ്കിലും വകുപ്പുകൾക്കിടയിൽ പോലും തസ്തികകൾ വേർതിരിക്കുന്നത് ഒരിക്കലും ഏകീകൃതമായിട്ടല്ലെന്ന് അനുഭവം കാണിക്കുന്നു. ഉദാഹരണത്തിന്, മിഡിൽ സ്ക്കൂൾ അദ്ധ്യാപകന്റെ ഒരു തസ്തിക അന്ധർക്കും കാഴ്ച ശക്തി കുറഞ്ഞവർക്കും അനുയോജ്യമാണെന്ന് കേന്ദ്ര സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ഗുജറാത്ത്, ജമ്മു കശ്മീർ പോലുള്ള സംസ്ഥാനങ്ങളിൽ ഇത് അന്ധർക്കും കാഴ്ച ശക്തി കുറഞ്ഞവർക്കും അനുയോജ്യമാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. ഇത് വിവിധ ഹൈക്കോടതി കളിൽ തീർപ്പുകൽപ്പിക്കാത്ത നിരവധി വ്യവഹാരങ്ങൾക്ക് കാരണമായി. അപ്പീൽവാദികൾ ഉന്നയിച്ച തർക്കം അംഗീകരിക്കുകയാണെങ്കിൽ 29.12.2005-ലെ മെമ്മോറാണ്ടത്തിൽ ജോലികൾ/തസ്തികകൾ തിരിച്ചറിയുന്നതിലുള്ള പ്രശ്നം കൈകാര്യം ചെയ്യുന്ന ഖണ്ഡിക 4 ലെ ഉപഖണ്ഡം (ബി)-ൽ സാമൂഹിക നീതിയും ശാക്തീകരണവും മന്ത്രാലയം അറിയിച്ച ജോലികളുടെ/തസ്തികകളുടെ പട്ടിക സമഗ്രമല്ലാത്തതും, ഇത് കണക്കാക്കുന്നത് അനിശ്ചിതവും ഏകപക്ഷീയവും ആകുന്നുവെന്ന് പ്രസ്താവിക്കുന്നു.

42) ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 16(4) അനുസരിച്ച് മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുകൂലമായ സംവരണത്തിന് മാത്രമെ 50% സംവരണത്തിന്റെ പരിധി ബാധകമാകൂ എന്ന് ഇന്ദ്ര സാവ്നിയുടെ ഒരു പരിശോധന വെളിപ്പെടുത്തും. അതേസമയം, ഭരണഘടനയുടെ ആർട്ടിക്കിൾ 16(1) പ്രകാരമുള്ള വൈകല്യമുള്ളവർക്ക് അനുകൂലമായ സംവരണം തിരശ്ചീനമാണ്. വാസ്തവത്തിൽ ഈ വിധിന്യായ പ്രഖ്യാപനത്തിലൂടെ കോടതി 50% പരിധിയിലെ ചട്ടം കൈകാര്യം ചെയ്യുമ്പോൾതന്നെ വികലാംഗർക്ക് അനുകൂലമായി 3% സംവരണത്തിന്റെ ഉദാഹരണം ഉപയോഗിച്ചു. ഈ വിധിന്യായത്തിന്റെ ഖണ്ഡിക 812 വ്യക്തമാക്കുന്നത്, വൈകല്യമുള്ള വർക്കായുള്ള സംവരണത്തിൻ കീഴിലുള്ള ഉദ്യോഗാ ർത്ഥികളെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തശേഷം അവർ ഉൾപ്പെടുന്ന വിഭാഗത്തിന്റെ അടിസ്ഥാനത്തിൽ യഥാക്രമം റിസർവ്ഡ് കാറ്റഗറി അല്ലെങ്കിൽ ഓപ്പൺ കാറ്റഗറിയിലെ പട്ടികയിൽ ഉൾപ്പെടുത്തും, അതിനാൽ വൈകല്യമുള്ളവർക്കുള്ള സംവരണത്തിന് 50% പരിധിയുമായി ഒരു ബന്ധവുമില്ല. ഖണ്ഡിക 812 ഇനിപ്പറയുന്ന രീതിയിൽ പകർത്തുന്നു.

812.... എല്ലാ സംവരണങ്ങളും ഒരേ സ്വഭാവമുള്ളവയല്ല. രണ്ട് തരം സംവരണങ്ങൾ ഉണ്ട്. അവ സൗകര്യത്തിനായി ലംബ സംവരണങ്ങൾ, തിരശ്ചീന സംവരണങ്ങൾ എന്ന് വിളിക്കാം. അനുച്ഛേദം 16(4) പ്രകാരമുള്ള പട്ടികജാതി, പട്ടികവർഗ്ഗക്കാർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവയ്ക്ക് അനുകൂലമായ സംവരണത്തെ ലംബ സംവരണം എന്ന് വിളിക്കാം. അതേ സമയം, അനുച്ഛേദം 16(1) പ്രകാരമുള്ള ശാരീരിക വൈകല്യമുള്ളവർക്ക് അനുകൂലമായ സംവരണങ്ങൾ തിരശ്ചീന സംവരണങ്ങളായി പരാമർശിക്കാം. തിരശ്ചീന സംവരണങ്ങൾ ലംബ സംവരണങ്ങളെ നടുവെ മുറിച്ചിരിക്കുന്നു. ഇതിനെ ഇന്റർലോക്കിംഗ് സംവരണങ്ങൾ എന്ന് വിളിക്കുന്നു.

കൂടുതൽ കൃത്യമായി പറഞ്ഞാൽ, 3% ഒഴിവുകൾ ശാരീരിക വൈകല്യമുള്ളവർക്ക് അനുകൂലമായി നീക്കിവച്ചിട്ടുണ്ടെന്ന് കരുതുക, ഇത് അനുച്ഛേദം 16-ലെ ഖണ്ഡിക (1)മായി ബന്ധപ്പെട്ട ഒരു സംവരണം ആയിരിക്കും. ഈ ക്വാട്ടയ്ക്കെതിരെ തിരഞ്ഞെടുത്ത വ്യക്തികളെ ഉചിതമായ വിഭാഗത്തിൽ ഉൾപ്പെടുത്തും. അദ്ദേഹം പട്ടികജാതി വിഭാഗത്തിൽ പെട്ടയാളാണെങ്കിൽ ആവശ്യമായ ക്രമീകരണം നടത്തി അവനെ ആ ക്വാട്ടയിൽ ഉൾപ്പെടുത്തും, അതുപോലെ, അവർ ഓപ്പൺ കോമ്പറ്റീഷൻ (ഒസി) വിഭാഗത്തിൽ പെട്ടയാളാണെങ്കിൽ, ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു കൊണ്ട് അവനെ ആ വിഭാഗത്തിൽ ഉൾപ്പെടുത്തും. ഈ തിരശ്ചീന സംവരണങ്ങൾ നൽകിയിട്ടും പിന്നോക്ക വിഭാഗത്തിലുള്ള പൗരന്മാർക്ക് അനുകൂലമായ സംവരണത്തിന്റെ ശതമാനം അങ്ങനെതന്നെ അവശേഷിക്കുന്നു അതെ..അങ്ങനെ തന്നെ നിലനിൽക്കണം.

അങ്ങനെ തീരുമാനിച്ച ശേഷം കോടതി ഇങ്ങനെ പറഞ്ഞു:

50) തൊഴിൽ വൈകല്യമുള്ളവരെ ശാക്തീകരിക്കുന്നതിലും ഉൾപ്പെടുത്തുന്നതിലുമുള്ള പ്രധാന ഘടകമാണ്. വികലാംഗർ ജോലിരഹിതർ ആണെന്നത് ഭയപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. കാരണം അവരുടെ വൈകല്യം അവരുടെ പ്രവർത്തന രീതിയിൽ വരുന്ന തിനാലല്ല, മറിച്ച് സാമൂഹികവും പ്രായോഗികവുമായ തടസ്സങ്ങളാണ് അവരെ തൊഴിൽപരമായുള്ള ശക്തിയിൽ ചേരുന്നതിൽ നിന്ന് തടയുന്നത്. തത്ഫലമായി നിരവധി വികലാഗർ ദാരിദ്ര്യത്തിലും പരിതാപകരമായ അവസ്ഥയിലും കഴിയുന്നു. സ്വന്തം ജീവിതത്തിനും അവരുടെ കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ജീവിതത്തിന് ഉപയോഗപ്രദമായ സംഭാവന നൽകാനുള്ള അവകാശം അവർക്ക് നിഷേധിക്കപ്പെടുന്നു.

51) ഇന്ത്യൻ യൂണിയൻ എല്ലാ സംസ്ഥാന സർക്കാരുകൾ അതുപോലെ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയ്ക്കു് ഭരണഘടന പ്രകാരവും മനുഷ്യാവകാശവുമായി ബന്ധപ്പെട്ട വിവിധ അന്താരാഷ്ട്ര ഉടമ്പടികളിലും പ്രത്യേകിച്ച് വികലാംഗർക്കു വേണ്ടിയുള്ള ഉടമ്പടികൾ പ്രകാരവും, വികലാംഗരുടെ അവകാശങ്ങൾ സംരക്ഷി ക്കുവാൻ സ്പഷ്ടമായ ബാധ്യതയുണ്ട്. 1995-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നെങ്കിലും വികലാംഗർക്ക് ഇത് വരെ ആവശ്യമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ പരാജയപ്പെട്ടു.

52) അങ്ങനെ, ശ്രദ്ധാപൂർവ്വം പരിഗണിച്ചതിനു ശേഷം, ഗ്രൂപ്പ് എ,ബി,സി,ഡി തസ്തിക കളിൽ, സമാന രീതിയിൽ വികലാംഗർക്കുള്ള സംവരണത്തിന്റെ കണക്കുകൂട്ടൽ കണക്കാക്കേണ്ടതാണെന്നും ഞങ്ങൾ കരുതുന്നു. അതായത് കേഡർ സ്ട്രെങ്ത്തിലെ മൊത്തം ഒഴിവുകളുടെ എണ്ണത്തിൽ 3% സംവരണം എന്നത് നിയമസഭയുടെ ഉദ്ദേശ്യമാണ്. അതനുസരിച്ച്, മേൽപ്പറഞ്ഞ ന്യായവാദത്തിന് വിരുദ്ധമായ 29.12.2005 തീയതിയിലെ ഓഫീസ് മെമ്മോറാണ്ടത്തിലെ ചില ഖണ്ഡികകൾ നിർത്തലാക്കുകയും ഈ കോടതി പുറപ്പെടുവിച്ച ഉത്തരവുകൾക്ക് അനുസൃതമായി പുതിയ ഓഫീസ് മെമ്മോറാണ്ടം (മെമ്മോറാണ്ടങ്ങൾ) പുറപ്പെടുവിക്കാൻ ഞങ്ങൾ ഉചിതമായ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

53) കൂടാതെ, വൈകല്യമുള്ളവർക്കുള്ള സംവരണം 50% എന്ന പരിധിയുമായി ഒരു ബന്ധവുമില്ല. അതിനാൽ, വികലാഗരെ സംബന്ധിച്ചിടത്തോളം ഇന്ദ്രാ സാവ്നി ബാധകമല്ല.

6. വികലാംഗർക്കുള്ള സംവരണ നയം കൃത്യമായി നടപ്പാക്കുന്നത് ഉറപ്പാക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും വിധിന്യായത്തിലെ അവസാന ഭാഗത്ത് ചില നിർദ്ദേശങ്ങൾ നൽകി.

7. ഈ കോടതിയുടെ വിധിന്യായത്തിന് അനുസൃതമായി, യൂണിയൻ ഓഫ് ഇന്ത്യ 03.12.2013-ൽ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചു. അതിൽ 29.12.2005-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ ഒരു മാറ്റം മാത്രമേ വരുത്തിയിട്ടുള്ളൂ.

> 5. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് 29.12.2005 -ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെ ഖണ്ഡിക 14 താഴെ പറയുന്ന പരിധിക്കുള്ളിൽ പരിഷ്ക്കരിച്ചു.
>
> ഗ്രൂപ്പ് 'എ' അല്ലെങ്കിൽ ഗ്രൂപ്പ് 'ബി' കേഡർ തസ്തികകളിലെ വൈകല്യമുള്ളവർക്കുള്ള സംവരണം, യഥാക്രമം കേഡറിലെ എല്ലാ ഗ്രൂപ്പ് 'എ' തസ്തികകളിലോ ഗ്രൂപ്പ് 'ബി' തസ്തികകളിലോ നേരിട്ടുള്ള നിയമന ക്വാട്ടയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കണം.
>
> ഈ വിധിന്യായത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ലെന്നും പ്രസ്താവിച്ചുകൊണ്ട് കോടതിയലക്ഷ്യ ഹർജികൾ ഫയൽ ചെയ്തിട്ടുള്ളത് അതു നമ്മുടെ മുമ്പിലുള്ള വിഷയമല്ല. ഈ കേസുകളിലെ തീരുമാനത്തിന് ശേഷം ഈ അപേക്ഷകൾ പട്ടിക പ്പെടുത്താൻ ഉത്തരവിട്ടിട്ടുണ്ട്.

8. ഇതിനായി പരിഗണിക്കേണ്ട അടുത്ത പ്രധാന വിധി നാഷണൽ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് Vs സഞ്ജയ് കോത്താരി, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ് (എസ് സി/1054/2015:2015(4) കെഎൽറ്റി ഓൺലൈൻ 3508 (എസ് സി):2015 (9), ഇതിൽ 10-ാം ഖണ്ഡിക, മുൻ വിധിന്യായത്തിന്റെ 51-ാം ഖണ്ഡിക ഇനിപ്പറയുന്ന രീതിയിൽ വ്യക്തമാക്കി:

> 10. ശ്രീ. രുഗ്ത ആശ്രയിച്ചിരിക്കുന്ന ഉത്തരവിന്റെ 51-ാം ഖണ്ഡിക കോടതിയുടെ മുമ്പാകെ ഉത്തരം ലഭിക്കുന്ന ചോദ്യങ്ങളുടെ പശ്ചാത്തലത്തിൽ കാണേണ്ടതാണ്, അതായത് ഗ്രൂപ്പുകൾ എ, ബി, സി, ഡി തസ്തികകളിൽ ഒഴിവുകൾ കണക്കാക്കുന്ന രീതി. മേൽ പറഞ്ഞ ഖണ്ഡിക 51-ൽ കോടതി പറഞ്ഞിട്ടുള്ളത് എല്ലാ ഗ്രൂപ്പുകളുടെയും അതായത് എ,ബി,സി,ഡി എന്നിവയുടെ കാര്യത്തിൽ അത്തരം തിരിച്ചറിയൽ രീതി ഏകീകൃതമായിരിക്കണം എന്നതാണ്. മുകളിൽ പറഞ്ഞ കോടതി ഉത്തരവിന്റെ 51-ാം ഖണ്ഡികയിൽ മുകളിൽ പറഞ്ഞതിൽ അധികം വ്യാഖ്യാനിക്കരുത്.

9. ഞങ്ങൾ ഇപ്പോൾ വരുന്നത്, ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച രാജീവ് കുമാർ ഗുപ്തയും മറ്റുള്ളവരും Vs യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും (എസ് സി/0718/2016 : 2016 (3) കെഎൽറ്റി 263 (എസ് സി) : (2016) 13 എസ് സിസി 153) എന്ന

വിധിന്യായത്തിലേക്കാണ്. ഈ വിധിന്യായത്തിൽ പ്രസാർ ഭാരതിയിലെ തസ്തികകളെ നാലു ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. എ മുതൽ ഡി വരെ കോടതിയുടെ മുമ്പാകെ ഉയർന്നു വന്ന കൃത്യമായ ചോദ്യം ഇതിന്റെ 5-ാം ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ അംഗവൈകല്യമുള്ളവർക്ക് അനുകൂലമായ 3% സംവരണത്തിന്റെ നിയമപരമായ ആനുകൂല്യം നിഷേധിക്കപ്പെടുന്നു. കാരണം, എ, ബി ഗ്രൂപ്പുകളിലെ തിരിച്ചറിഞ്ഞ തസ്തികകളെ സംബന്ധിച്ചിടത്തോളം, ഈ തസ്തികകൾ നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ടതാണ്. ഇന്ദ്ര സാവ്നി Vs യൂണിയൻ ഓഫ് ഇന്ത്യ (എസ്.സി/0104/1993:1993 (1) കെഎൽറ്റി ഓൺലൈൻ 1021 (എസ് സി):1992 Supp. (3) എസ്.സി.സി 217)-ൽ ഒമ്പത് ജഡ്ജിമാരുടെ ബെഞ്ച് അടിസ്ഥാനമാക്കിയുള്ള വാദങ്ങൾ ശ്രദ്ധിച്ച ശേഷം ഈ കോടതി വിധിച്ചു.

14. ഇന്ദ്ര സാവ്നിയിൽ മുന്നോട്ടുവച്ച പ്രൊമോഷനുകളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള വിലക്കിന്റെ പ്രായോഗികത ഞങ്ങൾ ഇപ്പോൾ പരിശോധിക്കുന്നു. ഇന്ദ്ര സാവ്നിക്കു മുൻപേ ദക്ഷിണ റെയിൽവേ Vs രംഗാചാരി (എസ്.സി/0388/ 1961:ഐഎആർ 1962 എസ്.സി 36) ഈ കോടതി വ്യാഖ്യാനിച്ച പ്രകാരം പ്രൊമോഷനുകളിൽ നിയമപ്രകാരം സംവരണം അനുവദിച്ചിരുന്നു. ഭരണഘടന യുടെ അനുച്ഛേദം 16(4) പ്രകാരം രംഗാചാരിയിലെ പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നിടത്തോളം ഇന്ദ്ര സാവ്നി രംഗാചാരിയെ അസാധുവാക്കി. അനുച്ഛേദം 16(4)-ൻ കീഴിലെ പ്രൊമോഷന് സംവരണം അനുവദിക്കണമോ എന്ന ചോദ്യം ഇന്ദ്രാസാവ്നിയിൽ പ്രത്യേകം അഭിസംബോധന ചെയ്തു നമ്മുടെ ഭരണഘടനാ വ്യവസ്ഥ പ്രകാരം പ്രൊമോഷനിൽ സംവരണം അനുവദനീയമല്ലെന്ന് ഭൂരിപക്ഷം അഭിപ്രായപ്പെട്ടു.

15. ഇന്ദ്ര സാവ്നിയിലെ 7-ാം ചോദ്യത്തിനുള്ള ഉത്തരം നിലവിലുള്ള സാഹചര്യത്തെ വ്യക്തമായി ഉൾക്കൊള്ളുന്നുവെന്നും ഖണ്ഡിക 828-ലെ ഇന്ദ്ര സാവ്നിയിലെ ഭൂരിപക്ഷാഭിപ്രായം വ്യക്തമാക്കിയ കാരണങ്ങൾ ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി എന്നിവയുടെ തിരിച്ച റിഞ്ഞ തസ്തിക കളിലേക്കുള്ള പ്രൊമോഷനുകളിലെ സംവരണത്തെ തടയുന്നെന്നും എതിർകക്ഷി വാദിച്ചു.

16. എതിർകക്ഷികളുടെ വാദത്തോട് ഞങ്ങൾ യോജിക്കുന്നില്ല. അനുച്ഛേദം 16(4) ന്റെ പരിധിയിൽ വരുന്ന പിന്നോക്ക വിഭാഗക്കാർക്ക് അനുകൂലമായ സംവരണത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ദ്ര സാവ്നി വിധി വന്നത്.

**XXXX**

21. ഒരു പിന്നോക്ക വിഭാഗമെനന് തിരിച്ചറിഞ്ഞ ചില പൗരന്മാരുടെ വിഭാഗത്തിന് സംസ്ഥാനത്തിന് കീഴിലുള്ള തൊഴിൽ കാര്യത്തിൽ മുൻഗണന നൽകാൻ സംസ്ഥാനം ശ്രമിക്കുമ്പോൾ മാത്രമെ ഇന്ദ്ര സാവ്നിയിൽ പറഞ്ഞിട്ടുള്ള തത്വം ബാധകമാകൂ. അനുച്ഛേദം 16(1) പ്രകാരം അത്തരം പരിഗണനയ്ക്ക് അർഹതയുണ്ടെങ്കിൽ മറ്റ് പൗരന്മാരുടെ വിഭാഗത്തിന് വ്യത്യസ്ത പരിഗണന (സംവരണം) നൽകുന്നതിൽ നിന്ന് അനുച്ഛേദം 16(4) സംസ്ഥാനത്തെ തടയുന്നില്ല. എന്നാൽ അനുച്ഛേദം 16(1) അനുശാസിച്ച പ്രകാരമുള്ള മുൻഗണനാർഹമായ പരിഗണന

സൃഷ്ടിക്കുമ്പോൾ, സംസ്ഥാനം അനുച്ഛേദം 16(1) പരാമർശിച്ചിരിക്കുന്ന ജാതി, മതം മുതലായ ഘടകങ്ങളൊന്നും, അടിസ്ഥാനമായി തെരഞ്ഞെടുക്കാൻ കഴിയില്ല. വികലാംഗർക്ക് സംവരണം നൽകുന്നതിനുള്ള അടിസ്ഥാനം ശാരീരിക വൈകല്യമാണ്, അല്ലാതെ അനുച്ഛേദം 16(1) പ്രകാരം നിരോധിച്ചിട്ടുള്ള, മാനദണ്ഡങ്ങൾ അല്ല. അതിനാൽ ഇന്ദ്ര സാവ്നിയിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രൊമോഷനുകളിൽ സംവരണം ഏർപ്പെടുത്തരുത് എന്ന ചട്ടം വ്യക്തമായും, മാനദണ്ഡമായും വികലാഗരെ ബാധിക്കുന്നില്ല. തുടർന്ന് കോടതി ഉപസംഹരിച്ചു.

24. 1995-ലെ നിയമത്തിന്റെ 32-ഉം,33-ഉം വകുപ്പുകളുടെ സംയോജിത വായന, ഭരണപരമായ ആവശ്യകതകളും, വികലാംഗർക്ക് കൂടുതൽ അവസരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകതയും തമ്മിലുള്ള മികച്ചതും രൂപകല്പന ചെയ്തതുമായ ഒരു തുല്യത വ്യക്തമാക്കുന്നു. അതിനാൽ ഞങ്ങളുടെ വിശകലനത്തിന്റെ ആദ്യഭാഗത്തിൽ വിശദമാക്കിയിരിക്കുന്നതുപോലെ 32-ാം വകുപ്പ് പ്രകാരമുള്ള തിരിച്ചറിയൽ പ്രക്രിയ നിർണ്ണായകമാണ്. ഒരു തസ്തിക തിരിച്ചറിഞ്ഞു കഴിഞ്ഞാൽ, തിരിച്ചറിഞ്ഞ ആ തസ്തികയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഒരു വികലാംഗന് പൂർണ്ണ ശേഷിയുണ്ടെന്നാണ് ഇതിനർത്ഥം. ഒരിക്കൽ ഇപ്രകാരം ശേഷിയുണ്ട് എന്നു കണ്ടു കഴിഞ്ഞാൽ 33-ാം വകുപ്പ് പ്രകാരമുള്ള സംവരണം മൂന്ന് ശതമാനത്തിൽ കുറയാത്ത എന്ന പരിധി പാലിക്കേണ്ടതാണ്. തസ്തിക തിരിച്ചറിഞ്ഞു കഴിഞ്ഞാൽ, ആ തസ്തികയിലേയ്ക്കുള്ള ഒഴിവ് നികത്തുന്നതിനായി സംസ്ഥാനം സ്വീകരിക്കുന്ന നിയമനരീതി, പരിഗണിക്കാതെ തന്നെ അത് വികലാംഗർക്കായി സംവരണം ചെയ്യണം.

25. മുമ്പത്തെ വിശകലനത്തിന്റെ വെളിച്ചത്തിൽ ചോദ്യം ചെയ്യപ്പെട്ട മെമ്മോറാണ്ടം നിയമവിരുദ്ധവും 1995ലെ നിയമവുമായി പൊരുത്തപ്പെടാത്തതു മാണെന്ന് ഞങ്ങൾ പ്രഖ്യാപി ക്കുന്നു. ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി എന്നിവിടങ്ങളിൽ തിരിച്ചറിഞ്ഞ എല്ലാ തസ്തികകളിലും വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം നീട്ടാൻ ഞങ്ങൾ സർക്കാരിനോട് നിർദ്ദേശി ക്കുന്നു. ഈ റിട്ട് അപേക്ഷ അതിനനുസരിച്ച് അനുവദനീയമാണ്.

10. അഡീഷണൽ സോളിസിറ്റർ ജനറൽ ഉൾപ്പെടെ എല്ലാ കക്ഷികൾക്കുമായി ഹാജരായ വിദ്വാനായ അഭിഭാഷകരെ കേട്ട ശേഷം, ഇന്ദ്ര സാവ്നി മറ്റൊരു പ്രശ്നമാണ് കൈകാര്യം ചെയ്യുന്നതെന്നും അതിനാൽ പിൻതുടരാൻ കഴിയില്ലെന്നും പ്രസ്താവിക്കു മ്പോൾ ഈ കോടതിയുടെ വിധി തെറ്റില്ലെന്ന് ഞങ്ങൾ കരുതുന്നു.

11. 2013-ലെയും, 2016-ലെയും വിധിന്യായങ്ങൾക്കെതിരെ പുനഃപരിശോധന ഹർജികൾ ഫയൽ ചെയ്തതായും അതിനുശേഷം രണ്ടും തള്ളിക്കളഞ്ഞതായും ഞങ്ങൾ ശ്രദ്ധിച്ചു. തന്മൂലം, 2013-ലെ നാഷണൽ ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് Vs സഞ്ജയ് കോത്താരി, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ട്രെയിനിംഗ് (എസ് സി/1054/2015:2015(4) കെഎൽറ്റി ഓൺലൈൻ 3508 (എസ് സി):2015 (9) വിധിന്യായം വ്യക്തമാക്കിയതു പരാമർശിച്ചുകൊണ്ട് റഫറൻസിന് ഉത്തരം നൽകുന്നു. രാജീവ് കുമാർ ഗുപ്തയും മറ്റുള്ളവരും Vs യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും (എസ് സി/0718/2016 : 2016 (3) കെഎൽറ്റി 263 (എസ് സി) : (2016) 13 എസ് സിസി 153) എന്ന കേസിലെ വിധിന്യായം

കേന്ദ്രത്തേയും സംസ്ഥാന സർക്കാരുകളെയും ബന്ധിപ്പിക്കുകയും, പ്രത്യേകിച്ച് 29.12.2005-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ എന്തു തന്നെ അടങ്ങിയാലും, വിധിന്യായം കർശനമായി പാലിക്കേണ്ടതാണ്. റഫറൻസ് ഇന്നു ഞങ്ങൾ തീർപ്പാക്കിയതിനാൽ കോടതിയലക്ഷ്യ ഹർജികൾ കേൾക്കുന്നതിനായി ഞങ്ങൾ ലിസ്റ്റ് ചെയ്യും.

2017-ലെ സിവിൽ അപ്പീൽ നമ്പർ 1567:

12. സി. എ നമ്പർ 1567/2017ൽ കക്ഷി ചേർക്കുന്നതിനുള്ള അപേക്ഷ അനുവദിച്ചു.

13. 24.07.2015-ൽ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ബാംഗ്ലൂർ ബെഞ്ചിന്റെ ഉത്തരവിൽ ഈ കോടതിയുടെ വിധിന്യായങ്ങളൊന്നും പരാമർശിക്കാതെ, 2005-ലെ ഓഫീസ് മെമ്മോറാണ്ടത്തെ പിൻതുടർന്ന് പുറപ്പെടുവിച്ച്, ഉത്തരവിൽ നിന്നുള്ള ഒരു റിട്ട് പെറ്റിഷൻ ഈ കേസിലെ സൂക്ഷ്മമായ നിയമപ്രശ്നം തീരുമാനിക്കുന്നില്ല എന്നുപറഞ്ഞ് കർണ്ണാടക ഹൈക്കോടതി 20.03.2016-ന് തള്ളി. അതനുസരിച്ച് ഞങ്ങൾ KAT (കർണ്ണാടക അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ) വിധി റദ്ദ് ചെയ്യുകയും തന്മൂലം ഹൈക്കോടതി വിധിയും റദ്ദ് ചെയ്യപ്പെട്ടു. മുകളിൽ പറഞ്ഞിരിക്കുന്ന ഈ കോടതിയുടെ മൂന്നു തീരുമാനങ്ങളാൽ കേസ് നിർണ്ണയിക്കപ്പെടേണ്ടതാണ്. ഈ വിധിന്യായങ്ങൾ, ഇന്ത്യൻ യൂണിയനും സംസ്ഥാന ങ്ങളും പാലിക്കേണ്ടതുമുണ്ട്. കൂടുതൽ നിർദ്ദേശങ്ങൾ കൈമാറേണ്ട ആവശ്യമില്ല. അപ്പീൽ അതനുസരിച്ച് തീർപ്പാക്കുന്നു.

സിവിൽ അപ്പീൽ 5389/2016-ലെ റിവ്യൂ പെറ്റിഷൻ (സി) 36/2017

14. കാലതാമസം മാപ്പാക്കി.

15. ഇന്നത്തെ വിധി കണക്കിലെടുത്ത് ഈ കേസ് തള്ളിക്കളയുന്നു.

2017ലെ എസ്.എൽ.പി.സി നമ്പർ 11632

16. അനുമതി നൽകി.

17. ഈ അപ്പീലിൽ 22.06.2016-ലെ ഹൈക്കോടതിയുടെ നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് Vs സഞ്ജയ് കോത്താരി, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ് (എസ് സി/1054/2015:2015(4) കെഎൽറ്റി ഓൺലൈൻ 3508 (എസ് സി):2015 (9) ഈ കോടതിയുടെ വിധി പരാമർശിച്ചതിന് ശേഷം ഇനി പറയുന്ന നിഗമനത്തിലെത്തി.

> 8. വകുപ്പ് 47-ലെ ഉപവകുപ്പ് (2) ഒഴികെ, നിയമത്തിൽ പ്രൊമോഷനുകൾ കൈകാര്യം ചെയ്യാൻ മറ്റു വകുപ്പുകൾ ഒന്നും തന്നെ, വികലാംഗ നിയമത്തിൽ ഇല്ലെന്നും ആയതുകൊണ്ട് വകുപ്പ് 47ന്റെ ഉപവകുപ്പ് (2)ന്റെ ബലത്തിൽ, നിയമത്തിൽ പ്രൊമോഷനുകളിൽ സംവരണം വ്യവസ്ഥ ചെയ്യുന്നുണ്ടെന്ന് വിദ്വാനായ അറ്റോർണി ജനറലിന്റെ വാദം അംഗീകരിക്കാൻ കഴിയില്ല.
>
> 9. കോടതിയലക്ഷ്യ ഹർജിയിൽ (സിവിൽ നം.499/2014) പരമോന്നത കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ വ്യക്തത കണക്കിലെടുത്ത് ഇപ്പോൾ 2013 ഡിസംബർ 4-ലെ വിധിന്യായത്തിന്റെയും ഉത്തരവിന്റെയും 13-ാം ഖണ്ഡികയിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ 2005 ഡിസംബർ 29-ലെ ഓഫീസ് മെമ്മോറാണ്ടം

പ്രയോഗിച്ചുകൊണ്ട് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന കാര്യത്തിൽ വൈകല്യമുള്ളവർക്ക് സംവരണത്തിന്റെ ആനുകൂല്യം നൽകുന്ന അതേ കരാർ പോലെ തന്നെ നടപ്പിലാക്കാൻ കഴിയില്ല.

തത്ഫലമായി, സ്ഥാനക്കയറ്റത്തിന്റെ കാര്യത്തിൽ സംവരണം നൽകിയിട്ടില്ല എന്ന കാരണത്താൽ കോടതിയലക്ഷ്യ ഹർജിയിൽ ഒരു നടപടിയും ആരംഭിക്കാൻ കഴിയില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ഇത് ഈ കോടതി നിർദ്ദേശിച്ച നിയമത്തിന്റെ ശരിയായ വ്യാഖ്യാനം അല്ലെന്ന് ചേർക്കാൻ ഞങ്ങൾ തിടുക്കപ്പെട്ടേക്കാം. നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് **Vs** സഞ്ജയ് കോത്താരി, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ് (എസ് സി/1054/2015:2015(4) കെഎൽറ്റി ഓൺലൈൻ 3508 (എസ് സി):2015 (9) ഒരു കോടതിയലക്ഷ്യ ഹർജിയിലെ വിധിന്യായമായിരുന്നു. അതിൽ 2013ലെ വിധിന്യായത്തിലെ 51ാം ഖണ്ഡിക എല്ലാ ഗ്രൂപ്പുകളുടെയും തസ്തികകളെ തിരിച്ചറിയുന്ന രീതി ആണെന്നു ചൂണ്ടിക്കാട്ടി പരാതിക്കാരൻ ഉന്നയിച്ച തർക്കം പിൻവലിച്ചു. രാജീവ് കുമാർ **Vs** യൂണിയൻ ഓഫ് ഇന്ത്യയിലെ നിയമ പ്രഖ്യാപനത്തിനു ശേഷം, 2005-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്, 2016-ലെ വിധിന്യായത്തിന്റെ ബലമുള്ളതിനാൽ അത് പ്രാബല്യത്തിൽ വരുത്താൻ കഴിയില്ലാത്തതിൽ സംശയമില്ല. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം റദ്ദുചെയ്യുകയും കോടതിയലക്ഷ്യ ഹർജി ഫയലിലേക്ക് പുനസ്ഥാപിക്കുകയും ചെയ്യുന്നു. ഹർജി ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കും. അപ്പീൽ അതനുസരിച്ച് തീർപ്പാക്കുന്നു.

2017-ലെ എസ്.എൽപി (സി) 21197

18. അനുമതി നൽകി.

19. ഇന്നത്തെ ഞങ്ങളുടെ വിധി കണക്കിലെടുത്ത്, അപ്പീൽ തള്ളപ്പെടുന്നു.

2019-ലെ എസ്.എൽ.പി (സി) നമ്പർ 4650

20. അനുമതി നൽകി.

21. അപ്പീൽവാദികൾക്കുവേണ്ടി മുതിർന്ന അഭിഭാഷകനെ കേട്ടുകൊണ്ട് ഞങ്ങൾ എതിർ സത്യവാങ്മൂലത്തിലെ ഖണ്ഡിക 4(സി) താഴെ പറയുന്ന പോലെ പ്രസ്താവിക്കുന്നു.

(സി) ഛത്തീസ്ഗഡ് സ്റ്റേറ്റ് പവർ ഹോൾഡിംഗ് കമ്പനി ലിമിറ്റഡ് സ്ഥാനക്കയറ്റത്തിൽ സംവരണം ബാധകമാകേണ്ട തസ്തിക തിരിച്ചറിയുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. മേൽപറഞ്ഞ കമ്മിറ്റി അതിന്റെ 10.01.2017-ന് കൂടിയ യോഗത്തിൽ പ്രസരണ, വിതരണ, ഉല്പാദന കമ്പനികളിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവിടത്തെ സൈറ്റുകൾ സന്ദർശിച്ച് വ്യക്തിപരമായി വിവിധ പ്രവർത്തനങ്ങൾ നടത്തേണ്ടതിനാൽ ടി തസ്തികകൾ സംവരണത്തിൻ കീഴിൽ ആക്കുന്നത് ഉചിതമല്ല എന്ന് തീരുമാനിച്ചു. എന്നിരുന്നാലും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, സിവിൽ എഞ്ചിനീയറിംഗ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനു റിസർവ്വേഷൻ ബാധകമാകും. കമ്പനിയുടെ ഈ തീരുമാനം ഇതുവരെ എതിർത്തിട്ടില്ല, അതിനാൽ 2016-ലെ അംഗവൈകല്യമുള്ളവരുടെ അവകാശ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് എല്ലാ ജീവനക്കാരെയും ബന്ധിക്കുന്നു.

ഈ കാരണത്താൽ അപേക്ഷകർ സമർപ്പിച്ച സ്പെഷ്യൽ ലീവ് അപേക്ഷയും നിലനിൽക്കുന്നതല്ല.

22. 2-ാം എതിർകക്ഷിയുടെ ഇന്റേണൽ കമ്മിറ്റി, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ ശ്രദ്ധിച്ചു നിരീക്ഷണം നടത്തിയ ശേഷമാണ് ഈ തസ്തികകളിൽ മേൽപറഞ്ഞ കാരണങ്ങളാൽ ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം നൽകാൻ സാധ്യമല്ലെന്നും ഉപദേശം നൽകിയത്.

23. അപ്പീൽവാദിയെ പ്രതിനിധീകരിച്ച് വിദ്വാനായ മുതിർന്ന അഭിഭാഷകൻ ചൂണ്ടിക്കാണിച്ചത് 31.05.2001-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം, 1995ലെ വികലാംഗരുടെ (തുല്യ അവസരങ്ങൾ, സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകളും പ്രത്യേകിച്ച് 32-ാം വകുപ്പ് കണക്കിലെടുത്ത് വികലാംഗർക്ക് ഉചിതമായ തസ്തിക വേർതിരിക്കേണ്ടത് വിദഗ്ദ്ധ സമിതിയാണ്. ഇത് ഇപ്പോഴത്തെ കേസിൽ ചെയ്തിട്ടില്ല. ക്രോസ് അപ്പീലുകളിലൊന്നും ഈ കാര്യം വാദിച്ചിട്ടില്ലാത്തതിനാൽ, നിയമത്തിൽ ലഭ്യമായ കാരണങ്ങളാൽ ആഭ്യന്തര സമിതിയുടെ കണ്ടെത്തലുകളെ ചോദ്യം ചെയ്യാൻ നിയമപ്രകാരമുള്ള കാരണങ്ങളാൽ ഞങ്ങൾ അപ്പീൽവാദിക്ക് സ്വാതന്ത്ര്യം കരുതിവച്ചിരിക്കുന്നു. ഇതുകൂടാതെ, ആക്ഷേപിക്കപ്പെട്ട വിധിന്യായത്തിൽ ഇടപെടാൻ ആവശ്യപ്പെടുന്നില്ല. അപ്പീൽ അതനുസരിച്ച് തീർപ്പാക്കുന്നു.

24. അത്തരം വെല്ലുവിളികൾ വിജയിച്ചാൽ പോലും കൂടുതലായി ഒന്നും കൂട്ടിച്ചേർക്കേണ്ടതില്ല, അതായത് 2017-ലെ സിവിൽ അപ്പീൽ നമ്പർ 1567-ലെ, വിധിന്യായത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ച മൂന്നു വിധിന്യായങ്ങൾ പ്രയോഗിക്കുകയും പിന്തുടരുകയും വേണം.

2019-ലെ സിവിൽ അപ്പീൽ നമ്പർ 6092:

25. ഇന്നത്തെ വിധിന്യായപ്രകാരം അപ്പീൽ തള്ളപ്പെടുന്നു. 08.07.2019-ലെ ഇടക്കാല ഉത്തരവ് അസാധുവാക്കി. 2 ഗ്രൂപ്പ് എ തസ്തികകളിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ/ തിരിച്ചറിഞ്ഞിട്ടുള്ളൂ. ഇതിന്റെ ഫലമായി റോസ്റ്റർ സമ്പ്രദായമനുസരിച്ച് റിസർവ്വേഷൻ പ്രവർത്തിക്കേണ്ടിവരുമെന്ന് ഞങ്ങൾക്ക് മുമ്പേ വാദമുണ്ട്. അത്തരം സംവിധാനം എങ്ങനെ പ്രവർത്തിക്കണമെന്ന് ഞങ്ങൾ ഒരു തരത്തിലും സൂചിപ്പിച്ചിട്ടില്ലെന്ന് മാത്രമെ ഞങ്ങൾ വ്യക്തമാക്കൂ.

2019-ലെ സിവിൽ അപ്പീൽ നമ്പർ 6095:

26. ഇന്നത്തെ വിധി കണക്കിലെടുത്ത് അപ്പീൽ തള്ളപ്പെടുന്നു.

## ബഹു സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് നവീൻ സിൻഹ**

**&**

**ബഹു. ജസ്റ്റിസ് ബി. ആർ. ഗവായ്**

**ശ്രീ ആന്റണി ഏലിയാസ് ആന്റണി സ്വാമി**

**Vs**

**മാനേജിംഗ് ഡയറക്ടർ, കെ. എസ്. ആർ. ടി. സി**

സിവിൽ അപ്പീൽ നമ്പർ 2551/2020

(2018 ലെ എസ് എൽ പി (സിവിൽ) നം. 1738/2018-ൽ നിന്ന് ഉത്ഭവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

പരിക്കുകളുടെ ഫലമായി അപേക്ഷകന് സ്ഥിരമായ വൈകല്യം സംഭവിക്കുന്നിടത്ത് ഭാവിയിലെ വരുമാന നഷ്ടം എന്ന ശീഷകത്തിൻ കീഴിൽ നഷ്ടപരിഹാരം കണക്കാക്കുന്നത് അയാളുടെ വരുമാന ശേഷിയിൽ അത്തരം സ്ഥിരമായ വൈകല്യത്തിന്റെ ഫലത്തെയും സ്വാധീനത്തെയും ആശ്രയിച്ചിരിക്കും. യഥാർത്ഥവരുമാന ശേഷിയിൽ സ്ഥിരമായ വൈകല്യത്തിന്റെ സ്വാധീനം കണ്ടെത്തുന്നതിന് മൂന്ന് ഘട്ടങ്ങൾ ഉൾപ്പെടുന്നു. സ്ഥിരമായ വൈകല്യം ഉണ്ടായിട്ടും അപേക്ഷകന് എന്ത് പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്നും സ്ഥിരമായ വൈകല്യത്തിന്റെ ഫലമായി അദ്ദേഹത്തിന് ചെയ്യാൻ കഴിയാത്തത് എന്താണെന്ന ും ട്രൈബ്യൂണൽ ആദ്യം കണ്ടെത്തേണ്ടതുണ്ട് (ജീവിത സൗകര്യങ്ങൾ നഷ്ടപ്പെടുന്നതിന്റെ ശീർഷകത്തിൽ നഷ്ട പരിഹാരം നൽകുന്നതിനും ഇത് പ്രസക്തമാണ് ). രണ്ടാമത്തെ ഘട്ടം അപകടത്തിന് മുമ്പ് അയാളുടെ ജോലി, തൊഴിൽ, തൊഴിലിന്റെ സ്വഭാവം ഒപ്പം അയാളുടെ പ്രായം എന്നിവ കണ്ടെത്തുക എന്നതാണ്. മൂന്നാമത്തെ ഘട്ടം (i) ഏതെങ്കിലും തരത്തിലുള്ള ഉപജീവന മാർഗ്ഗം നേടുന്നതിൽ നിന്ന് അപേക്ഷകനെ പൂർണ്ണമായും അപ്രാപ്തമാക്കിയിട്ടുണ്ടോ അല്ലെങ്കിൽ (ii) സ്ഥിരമായ വൈകല്യമുണ്ടായിട്ടും അപേക്ഷകൻ ഇപ്പോഴും അദ്ദേഹം മുൻപ് ചെയ്ത പ്രവർത്തനങ്ങളും കർത്തവ്യങ്ങളും ഫലപ്രദമായി ചെയ്യാൻ കഴിയുന്നുണ്ടോ അല്ലെങ്കിൽ (iii) അയാൾ മുൻപത്തെ പ്രവർത്തന ങ്ങളും കർത്തവ്യങ്ങളും നിർവഹിക്കു ന്നതിൽ നിന്നും തടസപ്പെടുകയും, എന്നാൽ മറ്റേതെങ്കിലും ചെറിയ രീതിയിലുള്ള പ്രവർത്തനങ്ങളും കർത്തവ്യങ്ങളും ചെയ്തു കൊണ്ട് വരുമാനമുണ്ടാക്കുകയും അല്ലെങ്കിൽ ഉപജീവനമാർഗ്ഗം തുടരാൻ കഴിയുന്നുണ്ടോ എന്നിവ കണ്ടെത്തുകയാണ്.

**ജസ്റ്റിസ് നവീൻ സിൻഹ**

1) അനുമതി നൽകി

2) മോട്ടോർ വാഹന അപകട കേസിൽ തനിക്ക് അനുവദിച്ച നഷ്ടപരിഹാരത്തിലെ അപര്യാപ്തത ആരോപിച്ച് ഹൈക്കോടതി ഉത്തരവിന്മേൽ അപ്പീൽ വാദി അപ്പീൽ സമർപ്പിച്ചു.

3) എതിർകക്ഷിയായ കോർപ്പറേഷന്റെ, ഒരു ബസ്സിൽ അപ്പീൽവാദി യാത്ര ചെയ്യവെ ബസ് ഡ്രൈവറുടെ അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും മൂലം ഒരു ലോറിയുടെ പുറകിൽ ഇടിച്ച് 19.02.2010 ന് അപകടമുണ്ടായി.. പരിക്കേറ്റതിന്റെ ഫലമായി അപ്പീൽവാദി യുടെ ഇടതുകാൽ മുറിച്ചു മാറ്റേണ്ടി വന്നു. ട്രൈബ്യൂണൽ 4,08,850/- രൂപ നഷ്ടപരിഹാരം അനുവദിച്ചു. അപ്പീലിൽ ഹൈക്കോടതി ഇത് 5,10,350/-ആയി ഉയർത്തി. എതിർ കക്ഷി കോർപ്പറേഷൻ നല്കിയ അപ്പീൽ തള്ളി.

4) ഹൈക്കോടതി വർദ്ധിപ്പിച്ച നഷ്ടപരിഹാരം വളരെ ലുബ്ധമാണെന്നും പരിക്കുകളുടെ സ്വഭാവം കണക്കിലെടുക്കുമ്പോൾ തീർത്തും അപര്യാപ്തമാണെന്നും അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ ശ്രീ. അശ്വിൻ കോട്ടമത് ബോധിപ്പിച്ചു. അപ്പീൽവാദി തൊഴിൽ പരമായി ഒരു ചിത്രകാരനായിരുന്നു. അദ്ദേഹത്തിന് പ്രതിദിനം വരുമാനം 300 ഉം ഒരു മാസം കൂടിയാൽ 9000 ഉം എന്നത് അനുകൂലിക്കുന്ന അദ്ദേഹത്തിന്റെ തൊഴിലുടമയായ പി.ഡബ്ല്യു-2-ന്റെ തെളിവുകൾ തെറ്റായി നിരസിക്കപ്പെട്ടു. പിഡബ്ല്യു-3, ചികിത്സിക്കുന്ന ഡോക്ടർ എസ്. രാമചന്ദ്രയുടെ തെളിവിന് വിരുദ്ധമായി അപ്പീൽ വാദിയുടെ സ്ഥിരമായ വൈകല്യം മൊത്തം ശരീരത്തിന്റെ 25% ആണെന്ന് പരിക്കിന്റെ സ്വഭാവം, ദുരിതം, ഭാവിയിലെ ചികിത്സ അപ്പീൽ വാദിയുക്കുണ്ടാവുന്ന ഭാവി വരുമാനനഷ്ടം എന്നിവ യാതൊന്നും പരിഗണിക്കാതെ തെറ്റായി നിശ്ചയിച്ചു.

5) ഹൈക്കോടതി നഷ്ടപരിഹാരം ന്യായമായും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അതിൽ ഇടപെടേണ്ടതില്ലെന്നും എതിർകക്ഷിയുടെ വിദ്വാനായ അഭിഭാഷകൻ ശ്രീ. എസ്. എൻ ഭട്ട് സമർപ്പിച്ചു. അവകാശപ്പെട്ട വരുമാനം സാരവത്തായ തെളിവുകൾ ഉപയോഗിച്ച് സ്ഥിരീകരിക്കുന്നതിൽ അപ്പീൽകക്ഷി പരാജയപ്പെട്ടു. വൈകല്യത്തിന്റെ വ്യാപ്തി തൃപ്തികരമായി വിലയിരുത്തി. തൊഴിലുടമയുടെയും ചികിത്സിക്കുന്ന ഡോക്ടറുടെയും തെളിവുകളെല്ലാം ഉചിതമായി പരിഗണിച്ചിട്ടുണ്ട്.

6) കക്ഷികൾക്ക് വേണ്ടിയുള്ള വാദങ്ങൾ ഞങ്ങൾ പരിഗണിച്ചു. അപകടം നടന്ന തീയതിയിൽ അപ്പീൽവാദിയെ സർക്കാർ ആശുപത്രിയിലേക്കു കൊണ്ടുപോയെങ്കിലും 25.02.2010-ന് സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റുകയും അവിടെ 16.09.2010 വരെ കിടപ്പുരോഗി (ഇൻപേഷ്യന്റ്) ആയി തുടരുകയും കാൽ മുട്ടിനു മുകളിൽ നിന്നും ഇടതുകാൽ മുറിച്ച് മാറ്റുന്ന ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. ചികിത്സിക്കുന്ന ഡോക്ടറായ പി.ഡബ്ല്യു-3 ഇടതു കാലിലെ ടിബിയയ്ക്കും (കാലിലെ വലിയ അസ്ഥി), ഫിബുലയ്ക്കും (കാൽവണ്ണയെല്ല്) ടൈപ്പ്-III'ബി' ഒടിവും സജീവമായ അണുബാധ മൂലമുള്ള വിട്ടുമാറാത്ത ഓസ്റ്റിയോ മെയിലൈറ്റിസും അതിൽ നിന്നുള്ള ദുർഗന്ധവും മൂലം കക്ഷിക്ക് പൊതുജനങ്ങളുമായി സാമൂഹികമായി കൂടിചേരുന്നതിന് തടസ്സപ്പെടുന്നു എന്ന് മൊഴിനൽകുകയും ചെയ്തു. അംഗവിച്ഛേദമോ ക്രിത്രിമക്കാൽ വയ്ക്കുന്നതോ അല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ലായിരുന്നു. അപ്പീൽ വാദി അനുഭവിക്കുന്ന ഇടതുകാലിന്റെ ലോവർ

ലിംബിന്റെ 75% ശാരീരിക വൈകല്യമായി കണകാക്കിയിട്ടുള്ളത് മൊത്തം ശരീരത്തിന്റെ 37.5% ആണ്. കൂടാതെ ഇടതു കാലിൽ ലോവർ ലിംബ് 3CM നീളം കുറഞ്ഞിട്ടുള്ളതായും പി.ഡബ്ല്യു-3 അഭിപ്രായപ്പെട്ടു. സ്വതന്ത്രമായി നിൽക്കാനോ ചക്രക്കൂട് (വാക്കർ)-ന്റെയോ പരസഹായമോ ഇല്ലാതെ നടക്കാനോ അയാൾക്ക് കഴിയില്ല. അപ്പീൽവാദിക്ക് ചമ്രം പടിഞ്ഞ് ഇരിക്കാനോ കുത്തിയിരിക്കാനോ ഇന്ത്യൻ ടോയിലറ്റ് ഉപയോഗിക്കാനോ കഴിയില്ല, അയാൾക്ക് പടിക്കെട്ട് കയറുവാനോ ഇറങ്ങുവാനോ കഴിയില്ല. പെയിന്റിംഗ് ഉൾപ്പെടെ യാതൊരു ശാരീരികമായ ജോലികളും ചെയ്യാൻ അപ്പീൽ വാദിക്ക് കഴിയില്ല. 45 വയസ്സു പ്രായമുള്ള അപ്പീൽവാദിക്ക് ശരാശരി 65 വയസ്സ് ജീവിത ദൈർഘ്യം പരിഗണിച്ച് തന്റെ ജീവിത കാലത്ത് ഏറ്റവും കുറഞ്ഞത് മൂന്ന് ക്രിത്രിമക്കാലുകൾ എങ്കിലും മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിന് ഏകദേശം 75000 രൂപ മുതൽ 1,50,000 രൂപ വരെ ചെലവ് കണക്കാക്കി യിട്ടുള്ളതുമാണ്.

7) ഹൈക്കോടതി അപ്പീൽവാദിയുടെ മാസ വരുമാനം 5500/- രൂപയായി ഉയർത്തി. വേദനയ്ക്കും കഷ്ടപ്പാടിനും 1,00,000/- രൂപയും ചികിത്സബത്തയായി 7350/- രൂപയും ഒപ്പം സഹായബത്തയായി 21000/-രൂപയും അദ്ദേഹത്തിന് അനുവദിച്ചു. ചികിത്സാകാലയളവിലെ വരുമാന നഷ്ടം 66000/- രൂപയായി ഹൈക്കോടതി ഉയർത്തുകയും യാത്രാബത്തയായി 10000/-രൂപ അനുവദിക്കുകയും ചെയ്തു. മുകളിൽ പറഞ്ഞ പരിധിയിൽ ഇടപെടാൻ ഞങ്ങൾ ഒരു കാരണവും കാണുന്നില്ല.

8) അപ്പീൽവാദിയുടെ ശാരീരിക വൈകല്യം യാതൊരു യുക്തിയുമില്ലാതെ മൊത്തം ശരീരത്തിന്റെ 25% ആയി കണക്കാക്കിയതിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. വൈകല്യത്തെ തുടർന്നു ഭാവിയിൽ ഉണ്ടാകുന്ന വരുമാനനഷ്ടം 2,31,000/-ആയി കണക്കാക്കിയത് കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും തീർത്തും അപര്യാപ്തമാണ്, അതുപോലെ ഭാവിയിലെ ചികിത്സാ ചെലവുകൾക്ക് നഷ്ടപരിഹാരമായി 50000/- രൂപയും സുഖ സൗകര്യങ്ങളുടെ നഷ്ടത്തിന് 25000/- രൂപയും മാത്രമാണ് എന്നുള്ളതും.

9) അപ്പീൽവാദിയുടെ ഇടതുകാലിന്റെ ശാരീരിക വൈകല്യം 75% ആയും മൊത്തം ശരീരത്തിന്റെ 37.5% ആണെന്നും പി.ഡബ്ല്യു 3 വിലയിരുത്തി. ശാരീരിക വൈകല്യം മൊത്തം ശരീരത്തിന്റെ 25% ആയി മാത്രം വിലയിരുത്തുന്നതു ഉചിതമാണെന്ന് ഹൈക്കോടതി വിലയിരുത്തി. അപ്പീൽവാദി അനുഭവിക്കുന്ന സ്ഥായിയായ പ്രവർത്തന വൈകല്യത്തിന്റെ സ്വഭാവം കണക്കാക്കുന്നതിനോ ശതമാനത്തിൽ കുറവ് വരുത്തുന്നതിനെപ്പറ്റിയോ ഒരു ചർച്ചയും നടത്തിയിട്ടില്ല. ഭാവിയിലെ വരുമാന നഷ്ടത്തിന് അപ്പീൽവാദിക്ക് ന്യായമായതും ഉചിതമായതുമായ നഷ്ടപരിഹാരം അനുവദിക്കുന്ന തിനായി കേസിലെ വസ്തുതകളിൽ, ശാരീരിക പ്രവർത്തന വൈകല്യത്തിന്റെ വ്യാപ്തി പിരിഗണിക്കേണ്ടതുണ്ട്. അപകടം നടന്ന തീയതിയിലെ അപ്പീൽവാദിയുടെ വരുമാന ശേഷി കുറയ്ക്കുകയല്ല, പൂർണമായും ഇല്ലാതാക്കിയിരിക്കുകയാണ്. അയാൾക്ക് ഒരു ചിത്രകാരനായി പ്രവർത്തിക്കാനോ എന്തെങ്കിലും ശാരീരകമായ ജോലി ചെയ്യുന്നതിനോ സ്ഥിരമായി പ്രാപ്തിയില്ലാതായിട്ടുണ്ട്. ഭാവിയിലെ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം അതുകൊണ്ട് അയാളെ അന്തസ്സായി ജീവിക്കാൻ പ്രാപ്തമാക്കുന്നതിനുവേണ്ടി ഉചിതവും നീതിപൂർവ്വവും ആകണം, അല്ലാതെ നഷ്ടപരിഹാരം അവ്യക്തമാക്കരുത്. 75% ശാരീരിക വൈകല്യം അപ്പീൽ വാദിയെ അയാളുടെ സാധാരണ തൊഴിൽ അല്ലെങ്കിൽ സമാനമായ ജോലി ചെയ്യുന്നതിൽ നിന്ന് ശാശ്വതമായി

അപ്രാപ്തനാക്കിയെങ്കിൽ മൊത്തം ശാരീരിക വൈകല്യത്തിന്റെ അനുപാതത്തിൽ നഷ്ടപരിഹാരം അനുവദിച്ചത് മനസ്സിലാക്കാൻ പ്രയാസമാണ്. അതിനാൽ 75% സ്ഥായിയായ ശാരീരിക പ്രവർത്തന വൈകല്യം അടിസ്ഥാനമാക്കിയുള്ള അപ്പീൽ വാദിയുടെ ഭാവിയിലെ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം 5500/-രൂപ ശമ്പളം 14-ന്റെ ഗുണിതത്തോടെ 6,93,000/-രൂപയായി പുനർനിർണയിക്കാൻ അർഹതയുണ്ട്.

10) രാജ്കുമാർ **Vs** അജയ് കുമാറും മറ്റൊരാളും (2011(1) എസ് സിസി 343) എന്ന കേസ്സിൽ സ്ഥിരമായി ശാരീരിക പ്രവർത്തന വൈകല്യം ഉള്ള കേസുകളിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള തത്വങ്ങൾ താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.

> ''10. പരിക്കുകളുടെ ഫലമായി അപേക്ഷകന് സ്ഥിരമായ വൈകല്യം അനുഭവപ്പെടുന്നിടത്ത്, ഭാവിയിലെ വരുമാന നഷ്ടം എന്ന ശീഷകത്തിൻ കീഴിൽ നഷ്ടപരിഹാരം കണക്കാക്കുന്നത് അയാളുടെ വരുമാന ശേഷിയിൽ അത്തരം സ്ഥിരമായ വൈകല്യത്തിന്റെ സ്വാധീനത്തെയും അനന്തരഫലത്തെയും ആശ്രയിച്ചിരിക്കും. സ്ഥിരമായ വൈകല്യത്തിന്റെ ശതമാനത്തെ വരുമാന ശേഷിയുടെയോ വരുമാന നഷ്ടത്തിന്റെയോ ശതമാനം എന്ന പോലെ യാന്ത്രികമായി ട്രൈബ്യൂണൽ പ്രയോഗിക്കരുത്. മിക്ക കേസുകളിലും സാമ്പത്തിക നഷ്ടത്തിന്റെ ശതമാനം അതായത് സ്ഥിരമായ വൈകല്യം മൂലമുള്ള വരുമാന ശേഷിയുടെ നഷ്ടത്തിന്റെ ശതമാനം എന്നത് സ്ഥിരമായ വൈകാല്യത്തിന്റെ ശതമാനത്തിൽ നിന്നും വ്യത്യസ്തമാണ്.
>
> ചില ട്രൈബ്യൂണലുകൾ എല്ലാ കേസുകളിലും സ്ഥിരമായ വൈകല്യത്തിന്റെ ഒരു പ്രത്യേക പരിധിക്ക് (ശതമാനം) അനുസൃതമായി വരുമാന ശേഷി നഷ്ടം സംഭവിക്കുമെന്ന് തെറ്റായി വിലയിരുത്തുകയും തത്ഫലമായി, 45% സ്ഥിര വൈകല്യം കാണിക്കുന്നതിനായി ഹാജരാക്കിയ തെളിവുകൾ ഭാവിയിലെ വരുമാന ശേഷിയിലെ 45% നഷ്ടം ഉണ്ടെന്ന് കണക്കാക്കപ്പെടും. മിക്കകേസുകളിലും വരുമാന ശേഷിയിലെ നഷ്ടത്തിന്റെ വ്യാപ്തി (ശതമാനം) സ്ഥിര വൈകല്യ ത്തിന്റെ വ്യാപ്തി (ശതമാനം) യുമായി തുല്യമാക്കുന്നത് വളരെ കുറഞ്ഞതോ വളരെ കൂടിയതോ ആയ നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാരണമാകും.
>
> 11. ട്രൈബ്യൂണൽ വിലയിരുത്തേണ്ടത് എന്തെന്നാൽ പരിക്കേറ്റയാളുടെ വരുമാന ശേഷിയെ സ്ഥിര വൈകല്യം എങ്ങനെ ബാധിക്കുമെന്നും വരുമാനത്തിന്റെ അനുപാതത്തിൽ വരുമാന ശേഷി നഷ്ടം വിലയിരുത്തിയ ശേഷം, അത് പണത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി ഭാവിയിലെ വരുമാന നഷ്ടം കണക്കാക്കുന്നതിൽ എത്തിച്ചേരേണ്ടതാണ് (ആശ്രിതത്വത്തിന്റെ നഷ്ടം തീരുമാനക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഗുണിത രീതി അവലംബിച്ച്). എന്നിരുന്നാലും ചില കേസുകളിൽ തെളിവുകളുടെയും കണക്കുകളുടെയും വിലയിരുത്തലിൽ, സ്ഥിരമായ വൈകല്യത്തിന്റെ ഫലമായി വരുമാന ശേഷി നഷ്ടപ്പെടുന്നതിന്റെ ശതമാനം സ്ഥിരമായ വൈകല്യത്തിന്റെ ശതമാനത്തിന് തുല്യമാണെന്ന് ട്രൈബ്യൂണൽ കണ്ടെത്തിയേക്കാവുന്നതും തീർച്ചയായും അത്തരം കേസുകളിൽ ആ ശതമാനത്തെ നഷ്ടപരിഹാരം തീരുമാനിക്കുന്നതിനായി ട്രൈബ്യൂണൽ സ്വീകരിക്കുന്നതുമാണ്. (ഉദാഹരണത്തിന് അരവിന്ദ്കുമാർ മിശ്ര **Vs** ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യാദവ കുമാർ **Vs**

നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നിവയിലെ ഈ കോടതിയുടെ തീരുമാനങ്ങൾ കാണുക)

13. യഥാർത്ഥ വരുമാന ശേഷിയിൽ സ്ഥിരമായ വൈകല്യത്തിന്റെ സ്വാധീനം കണ്ടെത്തുന്നതിന് മൂന്ന് ഘട്ടങ്ങൾ ഉൾപ്പെടുന്നു. സ്ഥിരമായ വൈകല്യം ഉണ്ടായിട്ടും അപേക്ഷകന് എന്ത് പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്നും സ്ഥിരമായ വൈകല്യത്തിന്റെ ഫലമായി അദ്ദേഹത്തിന് ചെയ്യാൻ കഴിയാത്തത് എന്താണെന്നും ട്രൈബ്യൂണൽ ആദ്യം കണ്ടെത്തേണ്ടതുണ്ട് (ജീവിത സൗകര്യങ്ങൾ നഷ്ടപ്പെടുന്നതിന്റെ ശീർഷകത്തിൽ നഷ്ട പരിഹാരം നൽകുന്നതിനും ഇത് പ്രസക്തമാണ്). രണ്ടാമത്തെ ഘട്ടം അപകടത്തിന് മുമ്പ് അയാളുടെ ജോലി, തൊഴിൽ, തൊഴിലിന്റെ സ്വഭാവം ഒപ്പം അയാളുടെ പ്രായം എന്നിവ തിട്ടപ്പെടുത്തുക എന്നതാണ്. മൂന്നാമത്തെ ഘട്ടം (i) ഏതെങ്കിലും തരത്തിലുള്ള ഉപജീവന മാർഗ്ഗം നേടുന്ന തിൽ നിന്ന് അപേക്ഷകനെ പൂർണ്ണമായും അപ്രാപ്തമാക്കിയിട്ടുണ്ടോ അല്ലെങ്കിൽ (ii) സ്ഥിരമായ വൈകല്യ മുണ്ടായിട്ടും അപേക്ഷകൻ ഇപ്പോഴും അദ്ദേഹം മുൻപ് ചെയ്ത പ്രവർത്ത നങ്ങളും കർത്തവ്യങ്ങളും ഫലപ്രദമായി ചെയ്യാൻ കഴിയുന്നുണ്ടോ അല്ലെങ്കിൽ (iii) അയാളെ മുൻപത്തെ പ്രവർത്തനങ്ങളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിൽ നിന്നും നിയന്ത്രിക്കുകയും അല്ലെങ്കിൽ തടയുകയും എന്നാൽ മറ്റേതെങ്കിലും ചെറിയ രീതിയിലുള്ള പ്രവർത്തനങ്ങളും കർത്തവ്യങ്ങളും ചെയ്തു കൊണ്ട് വരുമാനമുണ്ടാ ക്കുകയും അല്ലെങ്കിൽ ഉപജീവനമാർഗ്ഗം തുടരാൻ കഴിയുന്നുണ്ടോ എന്നിവ കണ്ടെത്തുകയാണ്.

14. ഉദാഹരണത്തിന്, അപേക്ഷകന്റെ ഇടതു കൈ ഛേദിക്കപ്പെടുയാണെങ്കിൽ സ്ഥിരമായ ശാരീരികമായ അല്ലെങ്കിൽ പ്രവർത്തനപരമായ വൈകല്യത്തെ 60% ആയി കണക്കാക്കപ്പെടാം അപേക്ഷകൻ ഒരു ഡ്രൈവറോ മരപ്പണിക്കാരനോ ആണെങ്കിൽ അയാൾക്ക് വാഹനമോടിക്കു ന്നതിനോ മരപ്പണി ചെയ്യാനോ കഴിയുന്നില്ലെങ്കിൽ, വരുമാന ശേഷിയിലെ യഥാർത്ഥ നഷ്ടം ഫലത്തിൽ നൂറു ശതമാനം ആയിരിക്കും, നേരെ മറിച്ച് അപേക്ഷകൻ സർക്കാർ സേവനത്തിൽ ഒരു ഗുമസ്തനായിരുന്നു വെങ്കിൽ, അയാൾക്ക് ഇടതു കൈ നഷ്ടപ്പെട്ടത് തൊഴിൽ നഷ്ടത്തിന് ഇടവെരുത്താ ത്തതും അയാൾക്ക് ഗുമസ്തന്റെ ജോലി നിർവഹിക്കാൻ കഴിയുന്നതിനാൽ ഗുമസ്തനായി തുടരാവുന്നതുമാണ്, അത്തരം സാഹചര്യത്തിൽ വരുമാന ശേഷി യിലെ നഷ്ടം ഡ്രൈവറുടെയോ മരപ്പണിക്കാരന്റേയോ കാര്യത്തിലെന്നപോലെ 100 ശതമാനമോ യഥാർത്ഥ ശാരീരിക വൈകല്യമായ 60 ശതമാനമോ ആകണമെന്നില്ല, പക്ഷേ വളരെ കുറവായിരിക്കും. വാസ്തവത്തിൽ, 'ഭാവിയിലെ വരുമാന നഷ്ടം' എന്ന ശീർഷകത്തിൻ കീഴിൽ എന്തെങ്കിലും നഷ്ടപരിഹാരം അനുവദിക്കേണ്ട യാതൊരു ആവശ്യവുമില്ല. അപേക്ഷകൻ സർക്കാർ സേവത്തിൽ തുടരുകയാണെങ്കിൽ പോലും കൈ നഷ്ടപ്പെട്ടതിന്റെ അനന്തരഫലമായി 'സൗകര്യങ്ങൾ നഷ്ടം' എന്ന ശീർഷകത്തിൽ നഷ്ടപരിഹാരം അനുവദിക്കാം. ചിലപ്പോൾ പരിക്കേറ്റ അപേക്ഷകൻ സേവനത്തിൽ തുടരാം, എന്നാൽ അദ്ദേഹത്തിന്റെ വൈകല്യം കാരണം മുമ്പ് വഹിച്ചിരുന്ന തസ്തികയുടെയോ തൊഴിലുമായോ ബന്ധപ്പെട്ട കർത്തവ്യങ്ങൾക്ക് വൈകല്യം മൂലം അനുയോജ്യമല്ലെന്ന് കണ്ടെത്താവുന്നതും അതിനാൽ അനുയോജ്യമായതും താഴ്ന്നതുമായ മറ്റേതെങ്കിലും തസ്തികയിലേക്ക് കുറഞ്ഞ വേതനത്തോടെ മാറ്റുകയും

ചെയ്യാം. അത്തരം സാഹചര്യത്തിൽ 'ഭാവിയിലെ വരുമാന ശേഷി നഷ്ടം' എന്ന ശീർഷകത്തിൽ വരുമാന ശേഷി കുറഞ്ഞു എന്നത് പരിഗണിച്ച് പരിമിതമായ ന്യായവിധി ഉണ്ടാകണം."

11) നാഗരാജപ്പ Vs ഡിവിഷണൽ മാനേജർ, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, 2011(13) എസ് സി സി 323-ൽ കാലിന്റെ മുകൾഭാഗത്തിന്റെ ശാരീരിക വൈകല്യം മൊത്തം ശരീരത്തിന്റെ 22.23% ന് അനുപാതമായി 68% ആയി നിർണ്ണയിക്കപ്പെട്ടു. ഈ കോടതി ഇപ്രകാരം അഭിപ്രായപ്പെട്ടു

"9. അപ്പീൽവാദിക്ക് സംഭവിച്ച പരിക്കുകളുടെ സ്വഭാവുമായി ബന്ധപ്പെട്ട ഡോക്ടറുടെ തെളിവുകൾ പരിശോധിക്കുമ്പോൾ അപകടത്തിന്റെ ഫലമായി ഇനി പറയുന്ന വൈകല്യങ്ങൾ മൂലം അപ്പീൽവാദി ബുദ്ധിമുട്ടുന്നതായി കണ്ടെത്തി. ഇടതു കൈത്തണ്ടയുടെയും മണിബന്ധത്തിന്റെയും കൈയുടെയും മൊത്തത്തിലുള്ള വൈകല്യം, ഇടതു കൈത്തണ്ടയുടെ പേശികളുടെ നഷ്ടപ്പെടൽ, ബലഹീനത, ഇടതു കൈത്തണ്ടയിലെ 1 സെ.മീ നീളം കുറവ്, ഇതിന്റെ ഫലമായി അപ്പീൽവാദിക്ക് കൂലിയായി ജോലി ചെയ്യാനോ മറ്റ് കായികമായ ജോലികൾ ചെയ്യുന്നതിനോ കഴിയുകയില്ലെന്ന് ഡോക്ടർ വിലയിരുത്തി. കൈയുടെ മുകൾ ഭാഗത്തെ ശേഷിച്ച സ്ഥിരമായ ശാരീരിക വൈകല്യം 68% എന്നും മൊത്തം ശരീരത്തിന്റെ 22.23% എന്നും ഡോക്ടർ വിലയിരുത്തി.

10. അപ്പീൽ വാദി ഒരു കായിക തൊഴിലാളി ആയി ജോലി ചെയ്യുന്നതിനാൽ അയാൾക്ക് രണ്ട് കരങ്ങളും ഉപയോഗിക്കേണ്ടത് ആവശ്യമാണ്. അപകടം അയാളെ ഒരു കൈ മാത്രമുള്ളതായി ശേഷിപ്പിച്ചു എന്നത് അയാളുടെ കൂലി ആയോ മറ്റേതെങ്കിലും കായികമായ ജോലിയോ നിർവ്വഹിക്കുന്നതിനുള്ള കഴിവിനെ ബാധിച്ചു എന്നത് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ നഷ്ട പരിഹാരം അനുവദിക്കുമ്പോൾ അപ്പീൽ വാദി തന്റെ ഇടതു കൈ പൂർണ്ണമായി ഉപയോഗിക്കാതെ ജീവിത കാലം മുഴുവൻ കായികമായ ജോലികൾ ചെയ്യേണ്ടി വരുമെന്നതും അത് അയാളുടെ ജോലിയുടെ ഗുണനിലവാരത്തെയും ജോലി കണ്ടെത്തുവാനുള്ള കഴിവിനെയും അദ്ദേഹത്തിന്റെ വൈകല്യം പരിഗണിക്കുമ്പോൾ ബാധിക്കും എന്നത് മനസ്സിലാക്കേണ്ടതുമാണ്. അതുകൊണ്ട് ഭാവിയിലെ വരുമാന നഷ്ടം കണക്കാക്കുമ്പോൾ, വൈകല്യം 68% ആയിരിക്കണം, അല്ലാതെ ട്രിബ്യൂണലും ഹൈക്കോടതിയും ചെയ്തത് പോലെ 20% ആകരുത്. രാജ്കുമാർ കേസിലെ അനുപാതവും അപ്പീൽവാദി ദാരുണമായി ബുദ്ധിമുട്ടിലായി എന്നതും ഒരുപക്ഷേ ഒരു കൂലി ആയി തൊഴിൽ നിർവ്വഹിക്കുന്നതിൽ നിന്നും അയാൾ എന്നെന്നേക്കുമായി വൈകല്യമുള്ളവനായി എന്ന വസ്തുതയും ഞങ്ങളുടെ കാഴ്ചപ്പാടിനെ പിന്തുണയ്ക്കുന്നു."

12) ഭാവിയിലെ ചികിത്സാ ചെലവുകൾക്കായി 50000/-രൂപ മാത്രം അനുവദിച്ച് ഉത്തരവായതിലും ഹൈക്കോടതിക്ക് തെറ്റുപറ്റി. അപ്പീൽവാദിക്ക് തന്റെ ജീവിത കാലയളവിൽ മൂന്ന് ക്രിത്രിമ കാലുകൾ വരെ ആവശ്യമായേക്കാം എന്ന് പി.ഡബ്യു 3 മൊഴി നൽകി. ഹൈക്കോടതി അനുവദിച്ചതിന് പുറമേ 2,50,000/-രൂപ കൂടി വർദ്ധിപ്പിച്ച് നല്കുന്നത് ഉചിതമാകുമെന്ന് ഞങ്ങൾ കരുതുന്നു. പി.ഡബ്യു 3 മൊഴി നൽകിയ പോലെ അപ്പീൽ വാദിക്ക്

സാമൂഹികമായ കൂടിച്ചേരൽ നഷ്ടപ്പെടും എന്നത് പരിഗണിച്ച് സൗകര്യങ്ങളുടെ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 50,000/-ആയി വർദ്ധിപ്പിച്ച് നല്കുന്നു

13) ഇപ്രകാരം ഹൈക്കോടതി അനുവദിച്ച നഷ്ടപരിഹാരം ഇനി പറയുന്ന പ്രകാരം പരിഷ്കരിക്കുകയും പുനർ നിർണയിക്കുകയും ചെയ്യുന്നു.

| സീരിയൽ നം | വിശദാംശങ്ങൾ | തുക (രൂപയിൽ) |
|---|---|---|
| 1. | വേദനയും കഷ്ടപ്പാടും | 1,00,000 |
| 2. | ചികിത്സാ ചെലവുകൾ | 7,350 |
| 3. | സഹായി ചെലവുകൾ | 21,000 |
| 4. | ചികിത്സാ കാലയളവിലെ വരുമാന നഷ്ടം | 66,000 |
| 5. | യാത്രാ ചെലവുകൾ | 10,000 |
| 6. | വൈകല്യം മൂലമുണ്ടാകുന്ന ഭാവിയിലെ വരുമാന നഷ്ടം | 6,93,000 |
| 7. | ഭാവിയിലെ ചികിത്സാപരമായ ചെലവുകൾ | 2,50,000 |
| 8. | സുഖ സൗകര്യങ്ങളുടെ നഷ്ടം | 50,000 |
| | ആകെ | 11,97,350. |

14) ഞങ്ങൾ ഹൈക്കോടതിയുടെ ന്യായവിധി ഇപ്രകാരം പരിഷ്കരിക്കുന്നതും ആയത് ഹർജി തീയതി മുതൽ തുക ലഭ്യമാക്കുന്നത് വരെ 6% നിരക്കിൽ പലിശ നൽകേണ്ടതുമാണ്.

15) അപ്പീൽ അനുവദിക്കുന്നു

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ഡോ. ധനഞ്ജയ വൈ. ചന്ദ്രചൂഡ്**

**&**

**ബഹു. ജസ്റ്റിസ് ഋഷികേശ് റോയ്**

**നന്ദകിഷോർ ശ്രാവൺ അഹിരോ**

**Vs**

**കോസൻ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ്**

സിവിൽ അപ്പീൽ നമ്പരുകൾ 201-202/2020

പ്രത്യേകാനുമതി ഹർജി (സിവിൽ) നമ്പരുകൾ 30469-30470/2015

2020 ജനുവരി 10ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1947ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് ജോലിയിൽ നിന്നും വകുപ്പുതല അന്വേഷണത്തെ തുടർന്ന് പിരിച്ചുവിട്ട അപ്പീൽവാദിയെ, ടി പിരിച്ചുവിടൽ അപകടവും പരുഷവുമാണെന്നും നിരീക്ഷിച്ച് കൊണ്ട് അധിക ദിവസങ്ങൾക്ക് 25% ശമ്പള കുടിശ്ശികസഹിതം തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ ലേബർ കോടതി ഉത്തരവിട്ടു. 25% ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള ലേബർ കോടതിയുടെ ഉത്തരവ് ഗുജറാത്ത് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് റദ്ദാക്കി . തുടർന്ന് നൽകിയ അപ്പീലും തള്ളിയതിനെ തുടർന്ന് ഫയൽ ചെയ്തതാണ് ഈ അപ്പീൽ. അപ്പീൽവാദിയെ തിരിച്ച് എടുക്കാൻ ലേബർ കോടതി തീർപ്പ് കൽപ്പിച്ചപ്പോൾ ജോലി തുടർച്ചയും ന്യായമായി ലഭിക്കും. ലേബർ കോടതിയുടെ ഉത്തരവിൽ ജോലി തുടർച്ച നിയതമായി നിരാകരിച്ചിട്ടില്ല. . ആയതിനാൽ ലേബർ കോടതി ജോലി തുടർച്ച നിരാകരിച്ചു എന്ന ഹൈക്കോടതിയുടെ നിരീക്ഷണം തെറ്റാണ്.

**വിധിന്യായം**

**ജസ്റ്റിസ് ഡോ. ധനഞ്ജയ വൈ. ചന്ദ്രചൂഡ്**

1. അനുമതി നൽകി.

2. അപ്പീൽവാദിക്ക് എതിർകക്ഷിയുടെ യന്ത്രസാമഗ്രികൾ കൂട്ടിച്ചേർക്കുന്ന വിഭാഗത്തിൽ

ജോലിയായിരുന്നു.അയാൾക്ക് 1992 ജൂൺ 26ന് കുറ്റാരോപണ പത്രിക നൽകി. 1992 ജൂൺ 17ന് രാവിലെ 10.50നും ഉച്ചയ്ക്ക് 12 മണിക്കും ഇടയിലെ ജോലിക്ക് തടസ്സം വരുത്തി എന്നതാണ് അപ്പീൽവാദിക്ക് എതിരായ കുറ്റം. വകുപ്പുതല അന്വേഷണത്തെ തുടർന്ന് 1997 നവംബർ 26ന് അപ്പീൽവാദിയെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. 2008 ഫെബ്രുവരി 27ന് നൽകിയ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് പ്രകാരം നടത്തിയ ഒരു റഫറൻസിന് അനുസൃതമായി ലേബർ കോടതി അന്വേഷണത്തിലെ കണ്ടെത്തലുകൾ അപക്വമാണെന്നും, പിരിച്ചുവിടൽ ഉത്തരവ് പരുഷമാണെന്നും അധിക ദിവസങ്ങൾക്ക് 25% ശമ്പള കുടിശ്ശിക സഹിതം തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള തീരുമാനത്തിലെത്തി.

3. ലേബർ കോടതിയുടെ ഉത്തരവ് തൊഴിൽ ദാതാവ് ഗുജറാത്ത് ഹൈക്കോടതിയിൽ ചോദ്യംചെയ്തു. 2013 ഫെബ്രുവരി 5ലെ വിധിന്യായത്തിലൂടെ ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി പ്രത്യേക സിവിൽ അപേക്ഷ ഭാഗികമായി അനുവദിച്ചു. തിരികെ ജോലിയിൽ പ്രവേശിപ്പിച്ച ഉത്തരവ് ശരിവച്ചപ്പോൾ സിംഗിൾ ജഡ്ജി 25% ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള ഉത്തരവ് റദ്ദാക്കി. തുടർന്ന് അപ്പീൽവാദി ലെറ്റേർസ് ഓഫ് അപ്പീൽ ഫയൽ ചെയ്തു. അത് നിലനിൽക്കുന്നതല്ല എന്ന കാരണത്താൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് അപ്പീൽ തള്ളി.

4. 2015 ഒക്ടോബർ 16ന് ഈ നടപടികളുടെ നോട്ടീസ് പുറപ്പെടുവിച്ചു. എതിർകക്ഷി കൈപ്പറ്റിയതായി ഓഫീസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. എതിർകക്ഷി ഹാജരാകുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഞങ്ങൾ അപ്പീലിന്റെ യഥാർത്ഥ ചോദ്യത്തിൽ ഇടപെട്ട് മുന്നോട്ട് നീങ്ങുന്നു.

5. അപ്പീൽവാദിക്ക് ചുമത്തപ്പെട്ട ശിക്ഷ പരുഷമാണെന്ന ലേബർ കോടതിയുടെ നിരീക്ഷണം ശരിയാണെന്ന് വിദ്വാനായ സിംഗിൾ ജഡ്ജി വിധിച്ചു. ചോദ്യം ചെയ്യപ്പെട്ട കാലയളവിൽ ജോലി തടസപ്പെട്ട സമയത്തെ അപ്പീൽവാദിയുടെ ശമ്പളം വരെ കുറവ് ചെയ്തതായി കാണുന്നു. എന്നിരുന്നാലും തിരിച്ചെടുക്കുന്നതിനുള്ള അവാർഡിന്റെ തുടർച്ചയായി ശമ്പള കുടിശ്ശിക വരില്ല എന്ന് വിദ്വാനായ സിംഗിൾ ജഡ്ജി വിധിച്ചു. അതിനാൽ 25%ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നിർദ്ദേശത്തിൽ ഇടപെട്ടുകൊണ്ട് റദ്ദാക്കി. "സർവ്വീസ് തുടർച്ച നൽകാതെ എതിർകക്ഷിയെ തിരികെ പ്രവേശിപ്പിച്ചതിലൂടെ, ലേബർ കോടതി ശരിയായ വിധിന്യായവും അവാർഡും നൽകി" എന്നും സിംഗിൾ ജഡ്ജി നിരീക്ഷിച്ചു.

6. അപ്പീൽവാദിക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകന്റെ ഒന്നാമത്തെ ആവലാതി, ലേബർ കോടതിയുടെ അവാർഡ് സർവ്വീസ് തുടർച്ച നിഷേധിച്ചു എന്ന് തെറ്റിദ്ധരിച്ചതിലൂടെ ഹൈക്കോടതിക്ക് തെറ്റുപറ്റി എന്നതാണ്. ഞങ്ങൾ ഈ വാദത്തിന് കഴമ്പ് ഉണ്ടെന്ന് കാണുന്നു. ലേബർ കോടതിയുടെ അവാർഡ് താഴെ പറയുന്ന വ്യവസ്ഥയിലാണ്. "രണ്ടാം കക്ഷിയുടെ റഫറൻസ് നന്ദകിഷോർ ശ്രാവൺ അഹിരോ, 94, ശ്രീരാം കുടിർ, ചികുവാടിക്ക് സമീപം, ഫത്തേനഗർ പോസ്റ്റ് ഓഫീസ്, ഉദന, സൂറത്ത് -304220- C/o. ബോംബെ ഫുഡ്സ് ലിമിറ്റഡും കോസൻ ഇൻഡസ്ട്രീസ് ലിമിറ്റഡ് വർക്കർ/എംപ്ലോയീസ് യൂണിയൻ, സൂറത്ത് ഇതിനാൽ ഭാഗികമായി അനുവദിക്കുന്നു.

കൂടാതെ, ഈ കേസിലെ ഒന്നാം കക്ഷിക്ക് ഇതിനാൽ ഉത്തരവ് നൽകുന്നു, അവർ ഈ ഉത്തരവ് പ്രസിദ്ധപ്പെടുത്തിയത് മുതൽ 30 ദിവസത്തിനകം രണ്ടാം കക്ഷിയെ അയാളുടെ

അധിക ദിവസങ്ങൾക്ക് 25% ശമ്പള കുടിശ്ശിക സഹിതം ജോലിയിൽ തിരികെ പ്രവേശിപ്പിക്കണം."

7. ഒറ്റ നോട്ടത്തിൽ ലേബർ കോടതി അപ്പീൽവാദിയെ തിരിച്ച് എടുക്കാൻ തീർപ്പുകൽപ്പിച്ചതിലൂടെ ജോലിതുടർച്ചയും നിയമപ്രകാരം തുടർന്നു കിട്ടുന്നതാണ്. ലേബർ കോടതിയുടെ 2008 ഫെബ്രുവരി 27ലെ അവാർഡിൽ ജോലി തുടർച്ച നിയതമായി നിരാകരിച്ചിട്ടില്ല. ആയതിനാൽ, ലേബർ കോടതി ജോലി തുടർച്ച നിരാകരിച്ചു എന്ന രീതിയിലെ ഹൈക്കോടതിയുടെ നിരീക്ഷണം തെറ്റാണെന്നും തദനുസൃതമായി മുകളിൽ നിരീക്ഷിച്ച പ്രകാരം തിരുത്തുന്നു. അപ്പീൽവാദിക്ക് ജോലി തുടർച്ചയ്ക്ക് അവകാശമുണ്ട്.

8. ശമ്പള കുടിശ്ശികയുടെ കാര്യത്തിൽ, ലേബർ കോടതി ശമ്പള കുടിശ്ശിക 25% ആയി നിജപ്പെടുത്തി. അച്ചടക്കനടപടിയിലെ കണ്ടെത്തലുകൾ തെറ്റാണെന്ന തീരുമാനത്തിൽ എത്തിച്ചേർന്നതിനാൽ ലേബർ കോടതി, രേഖകൾ പ്രകാരം പിരിച്ചുവിടലിന് ശേഷമുള്ള 1990 മാർച്ച് 3 മുതൽ 1992 സെപ്റ്റംബർ 9 വരെയുള്ള ഭാഗികമായ കാലയളവിൽ, തൊഴിലാളി മറ്റൊരു തൊഴിൽദാതാവിന്റെ അടുത്ത് തൊഴിൽ നേടിയിരുന്നു എന്ന് നിരീക്ഷിച്ചു. മേൽസാഹചര്യത്തിൽ, അപ്പീൽവാദിക്ക് ശമ്പള കുടിശ്ശിക മൊത്തത്തിൽ നൽകാതെ 25% മാത്രമേ നൽകിയുള്ളൂ. ലേബർ കോടതി നൽകിയ നീതിയുക്തവും ഉചിതവുമായ 25% ശമ്പള കുടിശ്ശിക റദ്ദാക്കുന്നതിന് ഹൈക്കോടതിക്ക് ഒരു ന്യായീകരണവും ഇല്ല. ആയതിനാൽ ശമ്പള കുടിശ്ശിക നീക്കം ചെയ്യാനുള്ള ഹൈക്കോടതിയുടെ നിർദ്ദേശം നിലനിൽക്കുന്ന തല്ലാത്തതിനാൽ റദ്ദാക്കുന്നു.

9. തദനുസൃതമായി, ഞങ്ങൾ തിരിച്ച് എടുക്കാനുള്ള അവാർഡ് നിലനിർത്തിക്കൊണ്ട് അപ്പീൽവാദിക്ക് നോഷണലായി ജോലി തുടർച്ചക്കും 25% ശമ്പള കുടിശ്ശികയ്ക്കും അർഹതയുണ്ടെന്നും നിരീക്ഷിച്ച് കൊണ്ട് അപ്പീൽ അനുവദിക്കുന്നു. നടപടികൾ നിലവിലു ണ്ടായിരുന്ന വേളയിൽ, അപ്പീൽവാദി ജോലിയിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ, അയാളുടെ വിരമിക്കൽ കുടിശ്ശിക, ബന്ധപ്പെട്ട സമയത്തെ 25% ശമ്പള കുടിശ്ശിക സഹിതം കണക്കാക്കി, ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ അപ്പീൽവാദിക്ക് നൽകണം.

തദനുസൃതമായി ഉത്തരവിടുന്നു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ദീപക് ഗുപ്ത**

**&**

**ബഹു. ജസ്റ്റിസ് അനിരുദ്ധ ബോസ്**

സിവിൽ അപ്പീൽ നമ്പരുകൾ 2013-ലെ 9828, 9844-45, 9846-9857, 9860

2019 സെപ് റ്റംബർ 17-ന് വിധി കല്പിച്ചത്

**ഡി.എ.വി. കോളേജ് ട്രസ്റ്റ് ആന്റ് മാനേജ്മെന്റ് സൊസൈറ്റിയും മറ്റുള്ളവരും**

**Vs**

**പബ്ലിക് ഇൻസ്ട്രക്ഷൻ**

**ഡയറക്ടറും മറ്റുള്ളവരും**

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

സർക്കാർ ഗണ്യമായി ധനസഹായം നൽകുന്ന എൻ.ജി.ഒ. കൾ വിവരാവകാശ നിയമത്തിലെ 2 വകുപ്പ് ഉപവകുപ്പ് (എച്ച്) പ്രകാരമുള്ള പബ്ലിക് അതോറിറ്റിയുടെ പരിധിയിൽ വരുമോ എന്നും അപ്രകാരം നിയമത്താൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരം കോളേജുകളും, സ്ക്കൂളുകളും പൊതു അധികാര സ്ഥാനങ്ങളാണെന്നും കോടതി കണ്ടെത്തി. സർക്കാർ നൽകുന്ന ഫണ്ടുകൾ വഴി നേരിട്ട് ധനസഹായം നേടുന്നുണ്ടെങ്കിൽ ഈ നിയമപ്രകാരം ഒരു പൊതു അതോറിറ്റിയാകുമെന്ന് സുപ്രീം കോടതി വിലയിരുത്തി. ഗണ്യമായ ധനസഹായം എന്നാൽ ഒരു വലിയ ഭാഗം എന്നാണ് അർത്ഥമാക്കുന്നത്. പക്ഷെ അത് ഒരു പ്രധാന ഭാഗം അല്ലെങ്കിൽ 50 ശതമാനത്തിൽ കൂടുതലാകണമെന്നില്ല. ഈ കാര്യത്തിൽ കർശനവും വേഗത്തിലുള്ളതുമായ ഒരു നിയമവും ഏർപ്പെടുത്താൻ കഴിയില്ലെന്നും ഇത് ഓരോ കേസുകളുടെയും വസ്തുതകളെ ആശ്രയിച്ചിരിക്കും എന്നും നിരീക്ഷിച്ചു. അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളത്തിന്റെ 95 ശതമാനവും സർക്കാർ നൽകുന്നു. അദ്ധ്യാപനം കോളേജുകളുടെ ഒരു പ്രധാന ഭാഗമാണെന്നും ,ഓഡിറ്റോറിയം, ഹോസ്റ്റലുകൾ മുതലായവ അടിസ്ഥാന സൗകര്യങ്ങളല്ലെന്നും നിരീക്ഷിച്ചു . അതനു സരിച്ച് ഇവ ഗണ്യമായ പണമടയ്ക്കലാണെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. അതിനാൽ കോളേജുകൾ/ സ്ക്കൂളുകൾ ഗണ്യമായ ധനസഹായം നൽകുന്നതു നിയമത്തിലെ 2(എച്ച്)ന്റെ അർത്ഥത്തിൽ പൊതു അതോറിറ്റയാണെന്നും അഭിപ്രായപ്പെട്ടു

## വിധിന്യായം

### ജസ്റ്റിസ് ദീപക് ഗുപ്ത

1. ഈ കേസിലെ തർക്ക വിഷയം, അനുയോജ്യമായ സർക്കാരുകൾ ഗണ്യമായി തന്നെ സാമ്പത്തികം നൽകുന്ന ഗവൺമെന്റ് ഇതര സ്ഥാപനങ്ങൾ 2005ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 2(എച്ച്)ൽ പറയുന്ന 'പൊതു അധികാര സ്ഥാനം' എന്നതിന്റെ പരിധിയിൽ വരുമോ എന്നതാണ്.

2. പാർലമെന്റ് 2005ൽ വിവരാവകാശ നിയമം (ചുരുക്കത്തിൽ 'നിയമം') നിർമ്മിച്ചത് പൗരന്മാർക്ക് വിവരങ്ങൾ ലഭിക്കുന്നത് ഉറപ്പുവരുത്താൻ വേണ്ടി വിവരാവകാശത്തിന്റെ പ്രായോഗികമായ നടപ്പിലാക്കൽ ആരംഭിക്കാനാണ്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെയും കാരണങ്ങളുടെയും പ്രസക്ത ഭാഗങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

> ജനാധിപത്യത്തിൽ വിവരങ്ങൾ അറിയുന്ന പൗരന്മാരെ ആവശ്യമായതിനാലും വിവരങ്ങളുടെ സുതാര്യത അതിന്റെ പ്രവർത്തനത്തിന് ഒഴിച്ചുകൂടാനാവാത്തിനാലും അഴിമതി നിയന്ത്രിക്കപ്പെടുന്നതിനാലും, ഗവൺമെന്റുകളെയും അവയുടെ ഉപകരണങ്ങളെയും ഭരിക്കപ്പെടുന്നവരോട് ഉത്തരവാദിത്തമുള്ളതാക്കുകയും ചെയ്യുന്നതിനാലും യഥാർത്ഥ പ്രായോഗികതയിലുള്ള വിവരങ്ങളുടെ വെളിപ്പെടുത്തൽ, സർക്കാരുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ, പരിമിതമായ ധനവിഭവങ്ങളുടെ പരമാവധി ഉപയോഗം, തന്ത്രപ്രധാനമായ വിവരങ്ങളുടെ രഹസ്യസ്വഭാവം സംരക്ഷിക്കാൻ എന്നിവ ഉൾപ്പെടെയുള്ള മറ്റു പൊതു താത്പര്യങ്ങളുമായി ചേർന്നു പോവാതിരിക്കാൻ സാദ്ധ്യതയുണ്ട്.
>
> ജനാധിപത്യമെന്ന ആശയത്തിന്റെ പരമപ്രധാനത കാത്തു സൂക്ഷിക്കുന്നതിനിടയിൽ ഈ പരസ്പര വിരുദ്ധമായ താത്പര്യങ്ങൾ സമന്വയിപ്പിക്കേണ്ടത് ആവശ്യമാണ്.

3. നിയമത്തിന്റെ കീഴിൽ ഒരു പൊതു അധികാരസ്ഥാനം അദ്ധ്യായം II പ്രകാരം രേഖകൾ സൂക്ഷിക്കേണ്ടതാവശ്യമാണ്. കൂടാതെ, ഓരോ പൗരനും പൊതു അധികാര സ്ഥാനത്തു നിന്ന് വിവരങ്ങൾ നേടാനുള്ള അവകാശമുണ്ട്. 'പൊതു അധികാരസ്ഥാനം' എന്നത് വകുപ്പ് 2(എച്ച്)-ൽ താഴെ പറയും പ്രകാരം നിർവ്വചിക്കപ്പെട്ടതായി വായിക്കാം.

(എച്ച്) 'പൊതു അധികാരസ്ഥാനം' എന്നാൽ-

(a) ഭരണഘടനയാൽ അല്ലെങ്കിൽ അതിൽ കീഴിൽ;

(b) പാർലമെന്റിനാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;

(c) സംസ്ഥാന നിയമസഭയാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;

(d) സമുചിത സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ, ഉത്തരവോ മുഖേനയോ സ്ഥാപിക്കപ്പെട്ടതോ, രൂപീകരിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാര സ്ഥാനം അല്ലെങ്കിൽ ബോഡി അല്ലെങ്കിൽ സ്വയം ഭരണസ്ഥാപനം എന്നും, കൂടാതെ സമുചിത സർക്കാരിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ നൽകപ്പെടുന്ന ഫണ്ടിനാൽ,

(i) ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ ഗണ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും ബോഡിയും;

(ii) ഗണ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുള്ള ഏതെങ്കിലും സർക്കാരിതര സംഘടന ഉൾപ്പെടെയും, എന്നർത്ഥമാകുന്നു.

4. ഈ കോടതിക്ക് മുമ്പിലുള്ള അപ്പീൽ കക്ഷികൾ കേളേജുകളും കൂടാതെ/അല്ലെങ്കിൽ സ്ക്കൂളുകളും നടത്തുന്ന എല്ലാ കോളേജുകളോ അസോസിയേഷനുകളോ ആണ്. സർക്കാരിതര സംഘടനകൾ ഈ നിയമത്തിന്റെ പരിധിയിൽ വരില്ലെന്നാണ് അവരുടെ അവകാശവാദം. അപ്പീൽ കക്ഷികൾ പറയുന്നത് ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം സർക്കാരിനെയും സർക്കാരിനോട് ഉത്തരവാദിത്തപ്പെട്ട അതിന്റെ ഉപകരണങ്ങളെയും മാത്രം ഉൾക്കൊള്ളുന്നതാണ് എന്നതാണ്. 'പൊതു അധികാരസ്ഥാനം' എന്ന പദം അർത്ഥമാക്കുന്നത് ഭരണഘടന പ്രകാരമോ, പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരമോ, സംസ്ഥാന നിയമസഭ നിർമ്മിച്ച ഏതെങ്കിലും നിയമം അല്ലെങ്കിൽ അനുയോജ്യമായ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉത്തരവോ പ്രകാരമോ രൂപീകരിക്കപ്പെട്ട ഏതെങ്കിലും അധികാര സ്ഥാനമോ, ബോഡിയോ, സ്വയംഭരണ സ്ഥാപനമോ ആണ്.

5. ഖണ്ഡം (ഡി) പ്രകാരം ഒരു നിർദ്ദിഷ്ട വിജ്ഞാപനം പുറപ്പെടുവിക്കുന്ന പക്ഷം 2 (എച്ച്) വകുപ്പിലെ ഖണ്ഡങ്ങൾ (എ) മുതൽ (സി) വരെ ഉള്ളതിന്റെ പരിധിക്ക് പുറത്തുള്ള ഒരു ബോഡിയെയോ സ്ഥാപനത്തെയോ ഒരു പൊതു അധികാരസ്ഥാനമായി കണക്കാക്കാനാവില്ല. മേൽപറഞ്ഞ പ്രകാരം 4 തരം പൊതു അധികാരസ്ഥാനങ്ങളെ ചൂണ്ടിക്കാണിക്കപ്പെടുന്നു. (എ) ഭരണഘടന പ്രകാരമുള്ളതും, (ബി) പാർലമെന്റ് രൂപീകരിച്ച നിയമപ്രകാരം, (സി) സംസ്ഥാന നിയമസഭ നിർമ്മിച്ച നിയമപ്രകാരമോ അല്ലെങ്കിൽ (ഡി) അനുയോജ്യമായ സർക്കാരുകൾ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉത്തരവോ പ്രകാരമുള്ളത്. മറ്റൊരു അധികാരസ്ഥാനത്തെയും പൊതു അധികാര സ്ഥാനമായി കണക്കാക്കാനാവില്ല. ആയതിനാൽ അപ്പീൽ കക്ഷികൾ മേൽ പറഞ്ഞ 4 വിഭാഗത്തിലും പെടാത്തവരും പൊതു അധികാരസ്ഥാനം എന്നു വിശേഷിക്കാ നാവാത്തവരുമാണ്.

6. പൊതു അധികാരസ്ഥാനം എന്നതിന്റെ നിർവ്വചനത്തെ സംബന്ധിച്ചിടത്തോളം ഈ കോടതി പ്രസ്തുത കാര്യം തലപ്പലം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡും മറ്റുള്ളവരും **Vs** കേരള സംസ്ഥാനവും മറ്റുള്ളവരും ( (2013) 16 എസ് സിസി 82) എന്ന കേസിൽ പരിഗണിച്ചതാണ്. എന്നിരുന്നാലും ആ കേസിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നമ്പർ 23/2006 ആയി എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഈ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചു. ഈ വിജ്ഞാപനം ഈ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. വകുപ്പ് 2(ബി) പരിഗണിക്കുമ്പോൾ ഈ കോടതി മേൽ പറഞ്ഞ വിധിന്യായത്തിൽ താഴെ പറയുന്ന പ്രകാരം നിലപാടെടുത്തു:

> 30. നിയമനിർമ്മാണ സഭ, അതിന്റെ വിവേകത്തിൽ വകുപ്പ് 2(എച്ച്) പ്രകാരമുള്ള 'പൊതു അധികാരസ്ഥാനം 'എന്ന പദപ്രയോഗം നിർവ്വചിക്കുമ്പോൾ, നിയമത്തിന്റെ സന്ദർഭം ആവശ്യപ്പെടുന്നില്ലെങ്കിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളെ മാത്രം ഉൾക്കൊള്ളാൻ ഉദ്ദേശിച്ചുള്ളതാണ്. വകുപ്പ് 2(എച്ച്) 'അർത്ഥമാക്കുന്നു', 'ഉൾപ്പെടുന്നു' എന്നീ പദപ്രയോഗങ്ങൾ ഉപയോഗിച്ചു . ഒരു വാക്ക് 'അർത്ഥമാക്കുന്നു'

എന്നു നിർവ്വചിക്കപ്പെടുമ്പോൾ, നിർവ്വചനം പ്രഥമദൃഷ്ട്യാ നിയന്ത്രിക്കപ്പെട്ടതാണ്. കൂടാതെ മറ്റെന്തെങ്കിലും 'ഉൾക്കൊള്ളുന്നു' എന്ന രീതിയിൽ പദം നിർവ്വചിക്കപ്പെടുന്നിടത്ത് നിർവ്വചനം പ്രഥമദൃഷ്ട്യാ വിപുലമാണ്. എന്നാൽ 'അർത്ഥമാക്കുന്നു 'ഉൾപ്പെടുന്നു' എന്നീ രണ്ടു പദങ്ങളും ഉപയോഗിക്കുമ്പോൾ, അവിടെ പരാമർശിച്ചിരിക്കുന്ന വിഭാഗങ്ങൾ സ്വയം ദുർബ്ബലപ്പെടും. ഈ കോടതി ഡിഡിഎ **Vs** ഭോല നാഥ് ശർമ്മ (ഖണ്ഡിക 25 മുതൽ 28 വരെ) ഉള്ളതിൽ 'അർത്ഥമാക്കുന്നു' എന്നതും 'ഉൾക്കൊള്ളുന്നു' എന്നതുമായ പദപ്രയോഗങ്ങളുടെ അർത്ഥം വിശദമാക്കിയിട്ടുണ്ട്. അത്തരം പദപ്രയോഗങ്ങൾ ഉപയോഗിക്കുമ്പോൾ, നിയമത്തിന്റെ ഉദ്ദേശ്യത്തിനായി, ആ വാക്കുകളോടും പദപ്രയോഗങ്ങളോടും സ്ഥിരമായി ബന്ധമുള്ള അർത്ഥത്തിന്റെ സമഗ്രമായ വിശദീകരണം അവയ്ക്കു നൽകാം.

31. വകുപ്പ് 2 (എച്ച്) അതിൽ പ്രതിപാദിക്കപ്പെട്ട വിഭാഗങ്ങളെ ശൂന്യീകരിക്കുന്നു. വകുപ്പ് 2(എച്ച്)ലെ ആദ്യ ഭാഗം കൈകാര്യം ചെയ്യുന്നത്;

(1) ഭരണഘടന അനുസരിച്ച് രൂപീകൃതമായ അധികാരസ്ഥാനമോ, ബോഡിയോ, സ്ഥാപനമോ, സ്വയം ഭരണ സ്ഥാപനമോ

(2) പാർലമെന്റ് ഉണ്ടാക്കിയ മറ്റേതെങ്കിലും നിയമമനുസരിച്ച് സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരസ്ഥാനമോ ബോഡിയോ സ്വയം ഭരണ സ്ഥാപനമോ

(3) സംസ്ഥാന നിയമനിർമ്മാണ സഭ ഉണ്ടാക്കിയ നിയമമനുസരിച്ച് സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരസ്ഥാനമോ , ബോഡിയോ, സ്വയംഭരണ സ്ഥാപനമോ, കൂടാതെ

(4) അനുയോജ്യമായ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ, ഉത്തരവോ അനുസരിച്ച് സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെടുന്നതോ ആയ അധികാര സ്ഥാനമോ, ബോഡിയോ, സ്വയംഭരണ സ്ഥാപനമോ.

32. ഈ കോടതി പരിഗണിക്കുന്ന സൊസൈറ്റികൾ മേൽ പറഞ്ഞ വിഭാഗങ്ങളിൽ പെടുന്നില്ലെന്ന് സമ്മതിക്കുന്നു, കാരണം അവയൊന്നും ഭരണഘടന പ്രകാരമോ, പാർലമെന്റ് നിർമ്മിച്ച നിയമമോ, സംസ്ഥാന നിയമസഭ നിർമ്മിച്ച നിയമമോ അല്ലെങ്കിൽ അനുയോജ്യമായ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ പ്രകാരം സ്ഥാപിതമായതോ രൂപീകരിച്ചതോ ആയ സ്ഥാപനമോ, സ്വയംഭരണ സ്ഥാപനമോ അല്ല. നിയമത്തിലെ 2ാം വകുപ്പിന്റെ ഖണ്ഡം (എച്ച്)ന്റെ അവസാന ഭാഗത്ത് ഇവ ഉൾപ്പെടുമോ എന്നത് നമുക്ക് ഇപ്പോൾ പരിശോധിക്കാം;

(5) സമുചിതമായ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലെങ്കിൽ അവ നൽകുന്ന ധനസഹായം ഗണ്യമായി പ്രത്യക്ഷമായോ പരോക്ഷമായോ ലഭിക്കുന്ന ഒരു ബോഡി,

(6) സമുചിതമായ സർക്കാരുകൾ പ്രത്യക്ഷമായോ പരോക്ഷമായോ ഗണ്യമായി ധനസഹായം നൽകുന്ന സർക്കാരിതര സംഘങ്ങൾ.

7. ഈ ഘട്ടത്തിൽ ഈ കോടതി തലപ്പലം കേസിൽ (മേൽപ്പറഞ്ഞ) സഹകരണ സംഘങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുമെന്നു നിർദ്ദേശിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധിക്കുന്നു. സഹകരണ സംഘങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ അല്ലെങ്കിൽ സർക്കാരിന്റെ ഗണ്യമായ ധനസഹായം ലഭിക്കുന്നവയോ അല്ലാത്തതിനാലും അവയെ അനുയോജ്യമായ സർക്കാർ പ്രത്യക്ഷമായോ പരോക്ഷമായോ നൽകുന്ന ഗണ്യമായ ധനസഹായം ലഭിക്കുന്ന സർക്കാരിതര സംഘടനകൾ എന്ന് പറയാൻ സാധിക്കാത്തതിന്റെയും അടിസ്ഥാനത്തിൽ ഈ പറഞ്ഞ ഉത്തരവിന്റെ സാധുത ചോദ്യം ചെയ്യപ്പെട്ടു.

8. വ്യാഖ്യാനങ്ങളുടെ നിയമാനുസൃതമായ ചട്ടങ്ങളിൽ നിർവ്വചനത്തിന്റെ നിബന്ധനകളിൽ ചില നിശ്ചിത പദങ്ങൾക്ക് ഒരു അർത്ഥം നൽകുമ്പോൾ, ആ അർത്ഥം മാത്രമേ നൽകാൻ പാടുള്ളൂ എന്നത് ശരിയായി തീരുമാനിക്കപ്പെട്ടതാണ്. എന്നിരുന്നാലും നിർവ്വചനത്തിന്റെ നിബന്ധനയിൽ 'അർത്ഥമാക്കുന്നു', 'ഉൾക്കൊള്ളുന്നു' എന്നീ വാക്കുകൾ അടങ്ങിയിരിക്കുമ്പോൾ, ഈ രണ്ട് പദങ്ങൾക്കും ആവശ്യമായ ഊന്നൽ നൽകണം. ഒരു വാക്കിന് മറ്റൊന്നിനെ അസാധുവാക്കാൻ കഴിയില്ല.

9. പി. കാശിലിംഗം Vs പി.എസ്.ജി കോളേജ് ഓഫ് ടെക്നോളജിയും മറ്റുള്ളവരും (1995) **Supp 2** എസ് സി സി**348**) എന്ന കേസിൽ ഈ കോടതി അർത്ഥമാക്കുന്നു, ഉൾക്കൊള്ളുന്നു എന്ന പദപ്രയോഗം കൈകാര്യം ചെയ്യുമ്പോൾ ജസ്റ്റിസ് എസ്. സി. അഗ്രവാൾ താഴെ പറയും പ്രകാരം നിരീക്ഷിച്ചു.

> "19.....ഒരു പ്രത്യേക പദപ്രയോഗം നിയമസഭ നിർവ്വചിക്കുന്നത് 'അർത്ഥമാക്കുന്നു' അല്ലെങ്കിൽ 'ഉൾക്കൊള്ളുന്നു' എന്നീ പദങ്ങൾ ഉപയോഗിച്ചാണ്. ചില സന്ദർഭങ്ങളിൽ 'അർത്ഥമാക്കുകയും ഉൾക്കൊള്ളുകയും' ഉപയോഗിക്കുന്നു. 'അർത്ഥമാക്കുന്നു' എന്ന പദത്തിന്റെ ഉപയോഗം സൂചിപ്പിക്കുന്നത് 'നിർവ്വചനം കൃത്യമായ നിർവ്വചനം ആണെന്നും ആ നിർവ്വചനത്തിൽ പറയുന്ന പദപ്രയോഗത്തിന് മറ്റൊരു അർത്ഥവും നൽകാനാവില്ല എന്നതുമാണ്". (കാണുക: ഗഫ് **Vs** ഗഫ് , പഞ്ചാബ് ലാന്റ് ഡവലപ്മെന്റ് ആന്റ് റിക്ലമേഷൻ കോർപ്പറേഷൻ ലിമിറ്റഡ്. പ്രിസൈഡിംഗ് ഓഫീസർ, ലേബർ കോടതി). 'ഉൾക്കൊള്ളുന്നു' എന്ന പദം ഉപയോഗിക്കുമ്പോൾ നിർവ്വചിക്കപ്പെട്ട പദപ്രയോഗത്തിന്റെ അർത്ഥം വിപുലമാകുന്നു. അതിനാൽ അവയുടെ സ്വാഭാവിക അർത്ഥമനുസരിച്ച് സൂചിപ്പിക്കുന്ന കാര്യങ്ങൾ മാത്രമല്ല നിബന്ധനയിൽ പ്രഖ്യാപിക്കുന്ന കാര്യങ്ങളും അതിൽ ഉൾക്കൊള്ളുന്നതാണ്. മറുവശത്ത് 'അർത്ഥമാക്കുകയും ഉൾക്കൊള്ളുകയും' എന്ന വാക്കുകൾ സൂചിപ്പിക്കുന്നത് 'നിയമ ത്തിന്റെ ഉദ്ദേശങ്ങൾക്കായി ഈ വാക്കുകളുമായോ പദപ്രയോഗങ്ങളു മായോ സ്ഥിരമായി ബന്ധപ്പെട്ട അർത്ഥത്തിന്റെ സമഗ്രമായ വിശദീകരണം.(കാണുക: ദിൽവർത്ത് **Vs** കമ്മീഷണർ ഓഫ് സ്റ്റാമ്പ്സ് (ലോർഡ് വാട്ട്സൺ), മഹാലക്ഷ്മി ഓയിൽ മിൽസ് **Vs** സ്റ്റേറ്റ് ഓഫ് എ.പി.) ചട്ടം 2(ബി) യിലെ 'അർത്ഥമാക്കലും ഉൾക്കൊള്ളലും' എന്ന പദത്തിന്റെ ഉപയോഗം അതിനാൽ 'കോളേജ്' എന്നതിന്റെ നിർവ്വചനം സമഗ്രമാണെന്നും വിശാലമല്ലെന്നും അത് ചട്ടം 2(ബി)യിലെ വിഭാഗങ്ങളിൽ പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രമെ ഉൾക്കൊള്ളു ന്നുള്ളൂവെന്നും അതിൽ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നില്ല എന്നുമാണ്. എഞ്ചിനീയറിങ്ങ് കോളേജുകളെ സംബന്ധിച്ചിടത്തോളം അവ

ഒഴിവാക്കപ്പെട്ടതിന്റെ കാരണം സ്വകാര്യ എഞ്ചിനീയറിങ്ങ് കോളേജുകളുടെ ആരംഭവും പ്രവർത്തനവും നിയന്ത്രിക്കുന്നത് ഐഎസിറ്റിഇ യുടെ സമയാസമയങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ പരിശീലന ബോർഡിലുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിലുടെയും ആണ് എന്നതാവാം...."

ഭാരത് കോഓപ്പറേറ്റീവ് ബാങ്ക് (മുംബൈ) ലിമിറ്റഡ് **Vs** കോഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് യൂണിയൻ (2007) 4 എസ് സിസി 685), ഡൽഹി ഡവലപ് മെന്റ് അതോറിറ്റി. **Vs** ഭോല നാഥ് ശർമ്മ(നിര്യാതൻ)യുടെ നിയമപരമായ അവകാശികളും മറ്റും (2011) 2 എസ് സിസി 54) എന്നീ കേസുകൾ ഈ വിധി പിന്തുടർന്നു.

10. 'അർത്ഥമാക്കുന്നു' എന്ന വാക്ക് സൂചിപ്പിക്കുന്നത് നിർവ്വചനം സമഗ്രവും പൂർണ്ണവുമാണെന്ന് ഇതിനാൽ വ്യക്തമാണ്. ഇത് കൃത്യമായ നിർവ്വചനമാണ്. അതിന് മറ്റൊരു അർത്ഥവും നൽകാനാവില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ 'ഉൾക്കൊള്ളുന്നു' എന്ന വാക്ക് പദപ്രയോഗത്തിന്റെ സാധ്യത വിപുലമാക്കുന്നു. നിർവ്വചനത്തിന്റെ നിബന്ധനയിൽ നൽകിയിരിക്കുന്ന അർത്ഥത്തിനപ്പുറം ഭാഷയുടെ സ്വഭാവവും വ്യവസ്ഥയും ഉദ്ദേശ്യവും കണക്കിലെടുത്ത് മറ്റ് കാര്യങ്ങൾ ഉൾപ്പെടുത്താം എന്ന് സൂചിപ്പിക്കുന്നതിന് 'ഉൾക്കൊള്ളുന്നു' എന്ന പദം ഉപയോഗിക്കുന്നു. പി. കാശിലിംഗം കേസിൽ (മേൽപറഞ്ഞ) 'അർത്ഥമാക്കുന്നു', 'ഉൾക്കൊള്ളുന്നു' എന്ന പദം ഉപയോഗിച്ചുവെങ്കിലും നിലവിലെ കേസിൽ 'അർത്ഥമാക്കുന്നു' എന്നത് വകുപ്പ് 2ലെ ഖണ്ഡം(ബി) യിലെ ആദ്യ ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വകുപ്പിന്റെ രണ്ടാം ഭാഗത്ത് 'ഉൾക്കൊള്ളുന്നു' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അവ രണ്ടും ഒരുമിച്ച് ഉപയോഗിച്ചിട്ടില്ല.

11. വകുപ്പ് 2(എച്ച്) ന്റെ പ്രാരംഭ ഭാഗത്ത് സംഭവിക്കുന്ന 'സ്വയം ഭരണം' എന്ന വാക്ക് 'അധികാരസ്ഥാനം', 'ബോഡി' അല്ലെങ്കിൽ 'സ്ഥാപനം' എന്നീ വാക്കുകളെ നിയന്ത്രിക്കുന്നതാണ്. ഈ കോടതി മുന്നിൽ ഉയർത്തപ്പെട്ട ഒരു വാദം, സ്വയംഭരണവുമായി ബന്ധപ്പെട്ട അത്തരം അധികാര സ്ഥാനങ്ങളെയോ ബോഡികളെയോ സ്ഥാപനങ്ങളെയോ മാത്രമേ പൊതു അധികാര സ്ഥാനങ്ങളായി പ്രഖ്യാപിക്കാൻ പാടുള്ളൂ എന്നഭ്യർത്ഥിച്ചു. ഈ എതിർപ്പ് പൂർണ്ണമായും നിരസിക്കേണ്ടതുണ്ട്. പ്രാരംഭ വരിയിൽ മൂന്ന് വിഭാഗങ്ങളുണ്ട്. അവ (എ) അധികാര സ്ഥാനങ്ങൾ(ബി) ബോഡികൾ; കൂടാതെ (സി) സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. ഇതു സംബന്ധിച്ച് ഒരു സംശയവും ഇല്ലാത്തതിനാൽ ഈ കോടതി ഈ വാദം നിരസിക്കുന്നു.

12. ഒരു അധികാര സ്ഥാനമോ, ബോഡിയോ, സ്ഥാപനമോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ (എ) ഭരണഘടനയ്ക്കു കീഴിലോ; (ബി) പാർലമെന്റിന്റെ നിയമമനുസരിച്ചോ; (സി) സംസ്ഥാന നിയമസഭയുടെ നിയമമനുസരിച്ചോ അല്ലെങ്കിൽ (ഡി) അനുയോജ്യമായ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം മൂലമോ മാത്രമാണെങ്കിലേ അത് ഒരു പൊതു അധികാരസ്ഥാനം ആവുകയുള്ളൂ എന്നതാണ് അടുത്ത വാദം. പൊതു അധികാര സ്ഥാനത്തിന്റെ നിർവ്വചനത്തിൽ ഈ നാലു വിഭാഗങ്ങളിൽപ്പെടുന്ന അധികാര സ്ഥാനങ്ങളോ, സംഘങ്ങളോ, സ്ഥാപനങ്ങളോ മാത്രമേ ഉൾപ്പെടുന്നുള്ളൂ എന്നതാണ് അപ്പീൽ കക്ഷികളുടെ വാദം. മേൽ പറഞ്ഞ തലപ്പലം കേസിൽ കോടതി ഖണ്ഡം (ഡി) യുടെ നിർവ്വചനത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉള്ള പ്രഭാവം പരിഗണിച്ചില്ല എന്നതും വാദിച്ചു.

13. മറുവശത്ത് വകുപ്പ് 2(എച്ച്) ന്റെ ആദ്യഭാഗത്തിൽ പരാമർശിച്ചിരിക്കുന്ന നാല് വിഭാഗങ്ങൾക്ക് പുറമെ, (i) സമുചിതമായ സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, അതു നൽകുന്ന ഗണ്യമായ ധനസഹായം ലഭിക്കുന്നതോ; (ii) സമുചിതമായ സർക്കാർ നേരിട്ടോ അല്ലാതെയോ ഗണ്യമായ ധനസഹായം നൽകുന്ന സർക്കാരിതര സംഘടനകളെയും ഉൾപ്പെടുത്തുന്ന ഒരു മൊത്തമായ ഭാഗം ഉണ്ടെന്ന് വ്യക്തമായി കാണാവുന്നതാണ് എന്ന് എതിർകക്ഷികൾക്ക് വേണ്ടി വാദിച്ചു.

14. വകുപ്പിൽ പക്ഷപാതപരമായ വാക്കുകൾ അടങ്ങിയിരിക്കുന്നതുകൊണ്ട് ഈ കോടതിയുടെ മേൽ അതിന്റെ ശരിയായ അർത്ഥം കണ്ടു പിടിക്കാനും ആ നിയമത്തിന്റെ ഉദ്ദേശ്യത്തെ സാധൂകരിക്കുന്ന രീതിയിൽ വ്യാഖ്യാനിക്കാനുമുള്ള ഉത്തരവാദിത്തം വന്നു ചേർന്നിരിക്കുന്നു.

15. ഈ കോടതി വകുപ്പ 2(എച്ച്) സൂക്ഷ്മമായി വിശകലനം ചെയ്തതിൽ വകുപ്പ് 2(ബി) യുടെ ആദ്യ ഭാഗം, (എ) ഭരണഘടനാ പ്രകാരമോ (ബി) പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരമോ (സി) സംസ്ഥാന നിയമസഭയുടെ ഏതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ (ഡി) സമുചിതമായ സർക്കാർ ഉണ്ടാക്കിയ വിജ്ഞാപന പ്രകാരമോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ ആയ അധികാരസ്ഥാനങ്ങൾ, ബോഡികൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച വയാണെന്ന് സുവ്യക്തമായി. ഖണ്ഡം (എ) മുതൽ (സി) വരെയുള്ളവയെ സംബന്ധിച്ച് ഒരു തർക്കവും ഇല്ല. ഖണ്ഡം (ഡി) യെ സംബന്ധിച്ച് ഒരു അധികാരസ്ഥാനത്തെയോ, ബോഡിയെയോ, സ്ഥാപനത്തെയോ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന വിജ്ഞാപനം പുറപ്പെടുവിക്കാത്തിടത്തോളം മേൽ പറഞ്ഞ നിയമം ബാധകമാവില്ല എന്ന് അപ്പീൽകക്ഷികൾക്കു വേണ്ടി വാദിച്ചു. ഈ വാദം ഈ കോടതിയിൽ മതിപ്പുണ്ടാക്കിയില്ല. ഖണ്ഡം (ഡി) യിൽ പറയുന്ന വിജ്ഞാപനം ഒരു സംഘത്തിന്റെ രൂപീകരണത്തിനോ സ്ഥാപിക്കുന്നതിനോ ഉള്ള വിജ്ഞാപനമാണ്. അതിന് നിയമവുമായി ബന്ധമൊന്നും ഇല്ല. വകുപ്പ് 2(എച്ച്) ലെ ഖണ്ഡം (ഡി) പ്രകാരം ഏതെങ്കിലും അധികാരസ്ഥാനമോ, ബോഡിയോ, സ്വയം ഭരണ സ്ഥാപനമോ അവ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ ആണെങ്കിൽ പൊതു അധികാരസ്ഥാനത്തിന്റെ അർത്ഥത്തിൽ പെടും.

16. ഖണ്ഡം (ഡി) അവസാനിക്കുന്നതിൽ ഒരു അർദ്ധവിരാമവും ശേഷം കുറച്ച് അകലവും ഉണ്ടെന്നും അതിനു ശേഷം നിർവ്വചനം 'കൂടാതെ ഇവയും ഉൾക്കൊള്ളുന്നു' എന്നും പറയുന്നതായും അതിനു ശേഷം താഴെ പറയുന്ന പ്രകാരം വായിക്കാമെന്നും ഈ കോടതി ശ്രദ്ധിക്കേണ്ടതുണ്ട് .

(i) ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലെങ്കിൽ ഗണ്യമായി ധനസഹായം ലഭിക്കുന്നതോ;

(ii) ഗണ്യമായി ധനസഹായം നൽകുന്ന സർക്കാരിതര സംഘടനകൾ; (അനുയോജ്യമായ സർക്കാർ നേരിട്ടോ അല്ലാതെയോ)

ഈ കോടതിയുടെ പരിഗണനാ വീക്ഷണത്തിൽ 'കൂടാതെ ഇവയും ഉൾക്കൊള്ളുന്നു' എന്ന വാക്കുകൾ ആദ്യ ഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ നിർവ്വചനത്തെ

വിപുലീകരിക്കുന്നു. നിർവ്വചനത്തിന്റെ രണ്ടാം ഭാഗം ഉൾക്കൊള്ളൽ അടങ്ങിയ ഒരു ഖണ്ഡമാണ്. ഇത് വകുപ്പ് 2(എച്ച്) ലെ (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ളവ ഒഴികെയുള്ള സംഘങ്ങളെ ഉൾപ്പെടുത്താനുള്ള നിയമനിർമ്മാണ സഭയുടെ ഉദ്ദേശ്യത്തെ സൂചിപ്പിക്കുന്നു.

17. ഉപഖണ്ഡങ്ങൾ (എ) മുതൽ (ഡി) വരെയുള്ളതിൽ പ്രതിപാദിക്കുന്ന നാലു വിഭാഗങ്ങൾ കൂടാതെയുള്ള സംഘങ്ങളും സർക്കാരിതര സംഘടനകളുമാണ് രണ്ടാം ഭാഗത്തിലെ ഉപഖണ്ഡങ്ങൾ (i) ലും (ii) ലും പ്രതിപാദിച്ചിരിക്കുന്നത് എന്നതിൽ ഈ കോടതിയുടെ മനസ്സിൽ ഒരു സംശയവുമില്ല. ഖണ്ഡം (എ) മുതൽ (ഡി) വരെയുള്ളത് അതിൽ പറയുന്ന നാലു രീതിയിൽ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ ആയ സംഘങ്ങളെ മാത്രം ഉൾക്കൊള്ളുന്നു. നിർവ്വചനത്തിൽ ഉൾക്കൊള്ളൽ ഖണ്ഡം ചേർക്കുക വഴി പാർലമെന്റ് ആദ്യം ഉപഖണ്ഡം (i) വഴി സമുചിതമായ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലെങ്കിൽ ഗണ്യമായി ധനസഹായം ലഭിക്കുന്നതോ ആയ സംഘങ്ങളെ സംബന്ധിച്ച അധികം രണ്ടു വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിച്ചു. ഇവ ഭരണഘടന പ്രകാരമോ, സംസ്ഥാന നിയമസഭയാലോ അല്ലെങ്കിൽ ഒരു വിജ്ഞാപന പ്രകാരമോ രൂപീകരിക്കപ്പെട്ട സംഘങ്ങൾ ആവണമെന്നില്ല. സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലെങ്കിൽ ഗണ്യമായ സർക്കാർ ധനസഹായമുള്ളതോ ആയ ഏതൊരു സംഘവും പൊതു അധികാരസ്ഥാനങ്ങൾ ആവുന്നതാണ്.

18. ഉപഖണ്ഡം (ii) നെ സംബന്ധിച്ചിടത്തോളം അത് സമുചിതമായ സർക്കാരിന്റെ ഗണ്യമായ ധനസഹായമുള്ള സർക്കാരിതര സംഘടനകളെകുറിച്ച് കൈകാര്യം ചെയ്യുന്നതാണ്. അതിനാൽ തന്നെ അത്തരം സർക്കാരിതര സംഘടനകളെ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ആക്കുവാൻ സാധ്യമല്ല എന്നത് വ്യക്തമാണ്. ആയതിനാൽ ധനസഹായത്തെ കുറിച്ചുള്ള ചോദ്യം മാത്രം പ്രസക്തമാണ്.

19. മേൽ പറഞ്ഞ തലപ്പലം കേസിൽ പോലും വിധിന്യായത്തിന്റെ 32ാം ഖണ്ഡികയിൽ ഈ കോടതി നാലു വിഭാഗങ്ങൾക്കു പുറമേ (5) ഉം (6) ഉം പ്രകാരം രണ്ട് അധിക വിഭാഗങ്ങളും കൂടി ഉണ്ടാക്കാം എന്നു നിലപാടെടുത്തിട്ടുണ്ട്.

20. ഒരു നിയമത്തിന്റെ ഉദ്ദേശ്യമുൾക്കൊണ്ട വ്യാഖ്യാനമെന്ന തത്വം നമ്മുടെ നിയമശാസ്ത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു അംഗീകൃത തത്വമാണ്. ഒരു ഉദ്ദേശ്യമുൾക്കൊണ്ട വ്യാഖ്യാനം നൽകുന്ന വേളയിൽ, ഒരു കോടതി സ്വയം അതിനെ ഒരു നിയമ നിർമ്മാതാവിന്റെയോ നിയമത്തിന്റെ രചയിതാവിന്റെയോ കസേരയിൽ അവരോധിക്കേണ്ടത് ആവശ്യമാണ്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ രീതിയിലാവണം വ്യവസ്ഥയുടെ വ്യാഖ്യാനം. തീർച്ചയായും നിയമത്തിന്റെ ഭാഷ സുവ്യക്തമാണെങ്കിൽ ആ ഭാഷ തന്നെ പിൻതുടരേണ്ടതുണ്ട്. അതിൽ കോടതിയ്ക്ക് സ്വന്തമായ വ്യാഖ്യാനങ്ങൾ നൽകാൻ സാധ്യമല്ല. എന്നിരുന്നാലും ഭാഷ രണ്ടു അർത്ഥങ്ങൾ അനുവദിക്കുന്ന പക്ഷം കോടതിക്ക് ഉദ്ദേശ്യ ലക്ഷ്യങ്ങളും കാരണങ്ങളും പരിശോധിച്ച് നിയമത്തിന്റെ രചയിതാക്കൾ ഉദ്ദേശിച്ച വ്യവസ്ഥയുടെ യഥാർത്ഥ അർത്ഥം കണ്ടുപിടിക്കാവുന്നതാണ്. ജസ്റ്റിസ് എസ്. ബി. സിൻഹ, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് Vs നുസ്‌ലി നെവിലി വാഡിയയും മറ്റുള്ളവരും (2008) 3 എസ് സിസി 279) എന്ന

കേസിൽ താഴെ പറയുന്ന പ്രകാരം നിലപാടെടുത്തു:

> 51...... ഒരു നിയമം യുക്തിപൂർവ്വമായ രീതിയിൽ വ്യാഖ്യാനിക്കുന്നതിന്, കോടതി ഒരു യുക്തിയുള്ള നിയമസഭാ സാമാജികന്റെ / രചയിതാവിന്റെ കസേരയിൽ തന്നെ ഇരിക്കണം. അങ്ങനെ ചെയ്താൽ ഉദ്ദേശ്യപ്രകാരമുള്ള വ്യാഖ്യാനം അവലംബിക്കേണ്ടതുണ്ട്. അതിനായി നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ നിയമവ്യാഖ്യാനം ആവശ്യപ്പെടുന്നു; ഇത് അശോക മാർക്കറ്റിങ്ങ് ലിമിറ്റഡ് കേസിൽ കോടതി നിലപാടെടുത്ത പോലെ അതിന്റെ ഭരണഘടനാ ഉത്തരവാദിത്തം നിറവേറ്റുന്ന നിയമപരമായ പദ്ധതി പ്രകാരമുള്ള ഗുണഭോക്താവിലേക്ക് നയിക്കുന്നു.

ബരാക്കിന്റെ രചനയായ നിയമത്തിലെ ഉദ്ദേശ്യപരമായ വ്യാഖ്യാനത്തെ കുറിച്ചുള്ള പ്രബന്ധത്തിൽ നിന്നും ജസ്റ്റിസ് സിൻഹ താഴെ പറയുന്ന അനുമതിയോടു കൂടി ഖണ്ഡിക ഉദ്ധരിച്ചു.

> 52....... ഹാർട്ടും സാച്ചും 'ഉദ്ദേശ്യത്തെ' ഒരു ആത്മനിഷ്ഠ സങ്കൽപ്പമായി കാണുന്നു. ഞാൻ കാണപ്പെടുന്നു എന്നു പറയുന്ന കാരണം, വ്യാഖ്യാതാവ് സ്വയം അവനെയോ അവളെയോ ഒരു നിയമസഭാ സാമാജികന്റെ ചെരുപ്പിട്ട് ഭാവനയിൽ കാണണമെന്ന് ഹാർട്ടും സാച്ചും അവകാശപ്പെടുന്നുണ്ടെങ്കിലും , അവർ വസ്തു നിഷ്ഠമായ രണ്ട് ഘടകങ്ങൾ അവതരിപ്പിക്കുന്നു: ആദ്യമായി, വ്യാഖ്യാതാവ് നിയമസഭ ന്യായമായ ലക്ഷ്യങ്ങൾ ന്യായമായ മാർഗ്ഗത്തിലൂടെ നേടാൻ ശ്രമിക്കുന്ന ന്യായബോധമുള്ള ആളുകൾ അടങ്ങുന്നതാണെന്ന് കരുതണം; രണ്ടാമതായി, നിയമനിർമ്മാണ സഭയിലെ അംഗങ്ങൾ തങ്ങളുടെ ഭരണഘടനാപരമായ കടമകൾ ഉത്തമ വിശ്വാസത്തോടെ നിറവേറ്റാൻ ശ്രമിച്ചുവെന്ന നിഷേധിക്കാനാവാത്ത ധാരണയെ വ്യാഖ്യാതാവ് അംഗീകരിക്കണം. ഈ സമവാക്യം വ്യാഖ്യാതാവിന് രചയിതാവിന്റെ ആത്മനിഷ്ഠമായ ഉദ്ദേശ്യത്തിനെ കുറിച്ച് അന്വേഷിക്കാൻ അനുവദിക്കുന്നില്ല മറിച്ച് രചയിതാവ് അവൻ അല്ലെങ്കിൽ അവൾ യുക്തിസഹമായി പ്രവർത്തിച്ചുവെങ്കിൽ ഉണ്ടായിരുന്ന ഉദ്ദേശ്യത്തെക്കുറിച്ച് അന്വേഷിക്കാൻ അനുവദിക്കുന്നു.

21. അഭിറാം സിംഗ് **Vs** സി.ഡി. കോമചെൻ (നിര്യാതൻ) നിയമപരമായ അവകാശികൾ (2017) 2 എസ് സിസി 629 ) എന്ന കേസിൽ ഭൂരിപക്ഷത്തിനു വേണ്ടി സംസാരിച്ച ജസ്റ്റിസ് എ.ബി. ലോകൂർ താഴെ പറയുന്ന പ്രകാരം നിലപാടെടുത്തു:

> 39...... സാധാരണഗതിയിൽ, ഒരു നിയമം പാർലമെന്റിൽ നന്നായി കരടുരൂപീകരണം നടത്തി ചർച്ച ചെയ്യുകയാണെങ്കിൽ, നിയമത്തിന്റെ അക്ഷരാർത്ഥ വ്യഖ്യാനമല്ലാതെ മറ്റൊരു വ്യാഖ്യാനവും സ്വീകരിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും, നമ്മുടേതു പോലുള്ള ഒരു ക്ഷേമരാഷ്ട്രത്തിൽ, ജനങ്ങളുടെ പ്രയോജനത്തിനായി ഉദ്ദേശിച്ചിട്ടുള്ളത് ഒരു പുസ്തകത്തിൽ പൂർണ്ണമായി പ്രതിഫലിക്കുന്നില്ല. അത്തരം നിയമങ്ങളിൽ, ജനങ്ങൾക്കു പ്രയോജനം ലഭിക്കാൻ വേണ്ടിയിട്ടുള്ള പ്രായോഗിക വീക്ഷണം സ്വീകരിക്കേണ്ടതും, നിയമം ലക്ഷ്യബോധത്തോടും യാഥാർത്ഥ്യ ബോധത്തോടും വ്യാഖ്യാനിക്കുകയും വേണം....

22. ഈ കോടതിയുടെ വീക്ഷണത്തിൽ വകുപ്പ് 2(ബി)യിൽ ആറ് വിവിധ വിഭാഗങ്ങളും കൂടാതെ ഉപഖണ്ഡം (i)-ലും (ii)-ലും പറഞ്ഞ രണ്ട് അധിക വിഭാഗങ്ങളും കൈകാര്യം

ചെയ്തിരി ക്കുന്നു. ഖണ്ഡം (i)-നും (ii)-നും വേറെ ഏതെങ്കിലും വ്യാഖ്യാനം നൽകിയാൽ അവ സർക്കാരിതര സംഘടനകളെ ഉൾക്കൊള്ളാതെ പോകും എന്നതിനാൽ അനാവശ്യമാണ്. സർക്കാരിതര സംഘടനകളെ പ്രത്യേകമായി കൊണ്ടുവരുന്നതിലൂടെ പാർലമെന്റിന്റെ ഉദ്ദേശ്യം ഉപഖണ്ഡം (i), (ii) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ഈ രണ്ട് വിഭാഗങ്ങളെ കൂടാതെ (എ) മുതൽ (ഡി) വരെയുള്ള നാല് വിഭാഗങ്ങളെ ഉൾപ്പെടുത്തുക എന്നതായിരുന്നു. അതിനാൽ സമുചിതമായ സർക്കാർ നേരിട്ടോ അല്ലാതെയോ ഗണ്യമായ ധനസഹായം നൽകുന്ന എൻജിഒകൾ ഈ നിയമ വ്യവസ്ഥകൾ പ്രകാരം പൊതു അധികാരസ്ഥാനമാണെന്ന നിലപാടെടുക്കാൻ ഈ കോടതിക്ക് ഒരു മടിയുമില്ല.

23. ഈ കോടതിയെ സംബന്ധിച്ചിടത്തോളം, എൻജിഒ എന്നത് ഈ നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ നിർവ്വചിക്കപ്പെട്ടിട്ടില്ല. ഈ കോടതിക്ക് യഥാർത്ഥത്തിൽ എൻജിഒ എന്ന പദം ആദ്യമായി ഒരു അന്താരാഷ്ട്ര ബോഡിയെ വിവരിക്കുന്നതായി തോന്നുന്നു. അത് നിയമപരമായി രൂപീകരിക്കപ്പെട്ടതും എന്നാൽ സർക്കാരിതര സ്വഭാവമുള്ളതുമാണ്. സർക്കാരിന്റെ പങ്കാളിത്തമോ പ്രാതിനിധ്യമോ ഇല്ലാത്ത സ്വാഭാവികമോ നിയമപരമോ ആയ സ്ഥാപനങ്ങളാണ് ഇവയെ സൃഷ്ടിക്കുന്നത്. പൂർണ്ണമായോ ഭാഗിഗമായോ സർക്കാർ ധനസഹായം ചെയ്യുന്ന എൻജിഒ കൾ പോലും അവയുടെ സംഘടനയിൽ സർക്കാരിന്റെ പ്രതിനിധാനം ഒഴിവാക്കിക്കൊണ്ട് എൻജിഒ എന്ന പദവി നിലനിർത്തുന്നു. ചില നിയമശാസ്ത്രങ്ങളിൽ അവയെ പൊതു സമൂഹ സംഘടനകൾ എന്നും വിളിക്കുന്നു.

24. സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ലാത്ത ഒരു സാമൂഹ്യ സംഘടന ഒരു എൻജിഒ ആയിരിക്കാം, പക്ഷേ അവയ്ക്ക് സർക്കാർ നേരിട്ടോ അല്ലാതെയോ ഗണ്യമായ ധനസഹായം നൽകുന്നുവെങ്കിൽ അത് ഉപഖണ്ഡം (ii) ന്റെ പരിധിയിൽ വരും.

25. അത് കോടതിയെ എതിർകക്ഷികളുടെ വാദത്തിന്റെ രണ്ടാമത്തെ പ്രധാന ഭാഗമായ സ്ക്കൂളുകൾക്കും കോളേജുകൾക്കും ഗണ്യമായ ധനസഹായം ലഭിച്ചില്ല എന്നതിലേക്ക് എത്തിക്കുന്നു. ഇക്കാര്യത്തിൽ ഈ കോടതി, മുമ്പ് ഗണ്യമായ ധനസഹായത്തെക്കുറിച്ചുള്ള തർക്കം പരിഗണിച്ച മേൽ പറഞ്ഞ തലപ്പലം കേസിലെ വിധി വീണ്ടും പരാമർശിച്ചേക്കാം, അതിൽ ഈ കോടതി താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

> 47. നമ്മൾ പലപ്പോഴും 'നിയമത്തെ സംബന്ധിച്ച ചോദ്യങ്ങൾ, 'നിയമത്തെ സംബന്ധിച്ച ഗണ്യമായ ചോദ്യങ്ങൾ' എന്നിവ ഉപയോഗിക്കുന്നു. കൂടാതെ കക്ഷികളുടെ അവകാശത്തെ ബാധിക്കുന്ന ഏത് നിയമത്തെ സംബന്ധിച്ച ചോദ്യവും നിയമത്തെ സംബന്ധിച്ച ഗണ്യമായ ചോദ്യവും ആവണമെന്നില്ലെന്ന് വിശദീകരിക്കന്നു. ബ്ലാക്കിന്റെ നിയമ നിഘണ്ടുവിൽ (ആറാം പതിപ്പ്) 'ഗണ്യമായ' എന്ന വാക്ക് ഇങ്ങനെ നിർവ്വചിച്ചിരിക്കുന്നു.
>
>> ഗണ്യമായ.- യഥാർത്ഥ മൂല്യവും പ്രാധാന്യവും; കാര്യമായ മൂല്യമുള്ള; മൂല്യവത്തായ പദാർത്ഥത്തിൽ പെടുന്നു; യഥാർത്ഥത്തിൽ നിലവിലുള്ളത്; യഥാർത്ഥം തോന്നുന്നതോ ഭാവനയോ അല്ലാത്തത്; മായയല്ല; പൂർണ്ണമായ; സത്യം; ശരി....മൂല്യമില്ലാത്തതോ നാമമാത്രമോ ആയ ഒന്നിൽ നിന്ന് വേർതിരിക്കുന്നതുപോലെ മൂല്യവത്തായ ഒന്ന്...പദാർത്ഥത്തിന്റെ പര്യായ പദം.

'ഗണ്യമായ' എന്ന വാക്കിന്റെ അർത്ഥം 'അടിസ്ഥാനപരമായി'; 'ദ്രവ്യയോഗ്യതയില്ലാതെ'; 'പ്രധാനം'; 'ഭൗതികമായ'; 'വസ്തു'. ലഘു ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടുവിൽ (5-ാം പതിപ്പ്) 'ഗണ്യമായ' എന്ന വാക്കിന്റെ അർത്ഥം 'ധാരാളം അല്ലെങ്കിൽ ഗണ്യമായ വലുപ്പമുള്ളത് ; വലുതും; വളരെ വലുതും; ധനമൂല്യമോ; മൂല്യമോ ഉള്ളത്; യഥാർത്ഥത്തിൽ പ്രധാനപ്പെട്ടത്; ധനം; കനമുള്ളത്; പ്രധാനം; വിലമതിക്കുന്നത്; ഒരു പ്രവൃത്തിയുടെ; അളവ് മുതലായവയുടെ ബലമോ ഫലമോ ഉള്ള; ഫലപ്രദമായ; സമഗ്രമായ. 'ഗണ്യമായ' എന്ന വാക്കിന്റെ അർത്ഥം നിർവ്വചിക്കപ്പെട്ടിട്ടുള്ളത് 'ഭൗതികമായ; ഗണ്യമായ ഒരു വസ്തുവായി അല്ലെങ്കിൽ നിലനിൽക്കുന്നതായി; അടിസ്ഥാനപരമായി, ആന്തരികമായി ആയതിനാൽ 'ഗണ്യമായ' എന്ന വാക്ക് 'ആധിപത്യം' അല്ലെങ്കിൽ 'ഭൂരിപക്ഷം' എന്നതിന്റെ പര്യായമല്ല. ഇത് 'വസ്തുതാപരം'അല്ലെങ്കിൽ 'പ്രധാനപ്പെട്ട' അല്ലെങ്കിൽ 'പരിഗണിക്കാവുന്ന മൂല്യമുള്ള' എന്നിവയുടെ അടുത്താണ്. 'ഗണ്യമായ' എന്നത് 'അടിസ്ഥാനപരമായ' എന്നതിനോടടുക്കുന്നു. രണ്ട് പദങ്ങൾക്കും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത അളവുകൾ സൂചിപ്പിക്കാൻ കഴിയും.

48. സബ്സിഡികൾ, ഗ്രാന്റുകൾ, ഇളവുകൾ, പ്രത്യേകാവകാശങ്ങൾ മുതലായവ നൽകുന്നത്, അത്തരം ധനസഹായത്താൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ നടത്തിപ്പിന് ഗണ്യമായിരുന്നു എന്നു രേഖകൾ കാണിക്കാത്തിടത്തോളം, അത്തരം ധനസഹായത്താൽ നിലനിൽക്കാൻ പാടുപെടുന്ന പക്ഷം ഗണ്യമായ പരിധിവരെ ധനസഹായം നൽകുന്നതായി പറയാനാവില്ല. ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം, നബാർഡിൽ നിന്നുള്ള സഹായ പദ്ധതി എന്നിങ്ങനെയുള്ള സഹകരണ മേഖലയുടെ മെച്ചപ്പെടുത്തലിനും ക്ഷേമത്തിനുമായി സംസ്ഥാനം പൊതുവെ നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കാം, പക്ഷേ അത്തരം സഹായങ്ങളോ സൗകര്യങ്ങളോ സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗണ്യമായ ധനസഹായം എന്ന് വിളിക്കപ്പെടേണ്ടാത്തതും അത്തരം സംഘങ്ങളെ വകുപ്പ് 2(ബി) (ഡി) (i) ന്റെ പരിധിയിലുള്ള പൊതു അധികാരസ്ഥാനം എന്നതിൻകീഴിൽ കൊണ്ടുവരുന്നതുമല്ല. പക്ഷേ, എവിടെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമുചിതമായ സർക്കാരിൽ നിന്ന് തൊണ്ണൂറ്റി അഞ്ച് ശതമാനം ഗ്രാന്റ്ഇൻഎയിഡ് ലഭിക്കുന്ന പക്ഷം, അവ വകുപ്പ് 2(ബി)(ഡി)(i)പ്രകാരമുള്ള പൊതു അധികാരസ്ഥാനം എന്നതിന് ഉത്തരമായേക്കാം.

26. ഈ കോടതിയുടെ വീക്ഷണത്തിൽ ഗണ്യമായ എന്നാൽ ഒരു വലിയഭാഗം എന്നതാണ്. അത് തീർച്ചയായും മുഖ്യഭാഗമെന്നോ അമ്പതു ശതമാനത്തിൽ കൂടുതലെന്നോ അർത്ഥമാക്കുന്നില്ല. ഇതു സംബന്ധിച്ച് കണിശമായ ഒരു ചട്ടവും നിർദ്ദേശിക്കാൻ കഴിയില്ല. ഗണ്യമായ ധനസഹായം നേരിട്ടോ അല്ലാതെയോ ആകാം. ഒരു ഉദാഹരണം പറഞ്ഞാൽ ഒരു നഗരത്തിലെ ഭൂമി സൗജന്യമായോ കനത്ത കിഴിവിലോ ഒരു ആശുപത്രിക്കോ, വിദ്യാഭ്യാസ സ്ഥാപനത്തിനോ ഏതെങ്കിലും സംഘത്തിനോ നൽകിയാൽ അത് തന്നെ ഗണ്യമായ ധനസഹായമാവുന്നതാണ്. ഇത്തരം സ്ഥാപനം ഭൂമി വിലകുറഞ്ഞ് ലഭിക്കാൻ സംസ്ഥാനത്തെ വലിയതോതിൽ ആശ്രയിച്ചിട്ടുണ്ടെങ്കിൽ ഇത് ഗണ്യമായ ധനസഹായമുണ്ട് എന്നതാണ് അർത്ഥമാക്കുന്നത്. യഥാർത്ഥ ധനസഹായത്തിനിടയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സംഭാവന കുറഞ്ഞു എന്നതുകൊണ്ടു മാത്രം നൽകിയ പരോക്ഷ ധനസഹായം കണക്കിലെടുക്കേണ്ടതില്ലെന്ന് സ്വയം അർത്ഥമാക്കുന്നില്ല. ഭൂമിയുടെ മൂല്യം അനുവദിച്ച തീയതിയിൽ മാത്രമല്ല, മേൽ പറഞ്ഞ സംഘമോ സർക്കാരിതര സംഘടനയോ ഗണ്യമായ

ധനസഹായം ലഭിക്കുന്നതാണോ എന്ന ചോദ്യം ഉയരുന്ന തീയതിയിലും വിലയിരുത്തേണ്ടതുണ്ട്.

27. ഒരു സർക്കാരിതര സംഘടനക്കോ സംഘത്തിനോ സർക്കാർ ഗണ്യമായി ധനസഹായം നൽകുന്നുണ്ടോ എന്നത് ഓരോ കേസുകളുടെയും വസ്തുതകളെ അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ട ഒരു വസ്തുതയാണ്. ധനസഹായം 50 ശതമാനത്തിൽ കൂടുതൽ ഉള്ള കേസുകൾ ഉണ്ടാവാമെങ്കിലും ഗണ്യമായ ധനസഹായം എന്നു വിളിക്കപ്പെടാറില്ല. മൊത്തം പതിനായിരം രൂപ മൂലധനമുള്ള സർക്കാരിതര സംഘടനയ്ക്ക് സർക്കാരിൽ നിന്ന് അയ്യായിരം രൂപ ഗ്രാന്റ് ലഭിക്കുന്നുവെന്ന് കരുതുക, ഈ ഗ്രാന്റ് 50% ആയിരിക്കാമെങ്കിലും, ഇതിനെ ഗണ്യമായ സംഭാവനയായി വിളിക്കാനാവില്ല. മറുവശത്ത്, ഒരു സംഘം അല്ലെങ്കിൽ സർക്കാരിതര സംഘട നക്ക് നൂറുകണക്കിന് കോടി രൂപ ഗ്രാന്റായി ലഭിക്കുന്നുണ്ടെങ്കിലും ആ തുക 50% ൽ കുറവാണെങ്കിൽ, അതിനെ ഗണ്യമായ ധനസഹായമെന്ന് വിളിക്കാനാവില്ല.

28. ഗണ്യമായ ധനസഹായം നിർണ്ണയിക്കുന്നതിനുള്ള മറ്റൊരുവശം, ആ സംഘത്തിനോ, അധികാരിക്കോ അല്ലെങ്കിൽ സർക്കാരിതര സംഘടനക്കോ സർക്കാരിൽ നിന്നു ധനസഹായം ലഭിക്കാതെ ഫലപ്രദമായി തുടരാനാകുമോ എന്നതാണ് . ഇവയുടെ പ്രവർത്തനം സർക്കാരിന്റെ സാമ്പത്തിക സഹായത്തെ ആശ്രയിച്ചിരിക്കുന്നുവെങ്കിൽ അതിനെ ഗണ്യമായ ധനസഹായം എന്നു വിശേഷിപ്പിക്കേണ്ടതുണ്ടെന്നതിൽ സംശയമില്ല.

29. നിയമത്തിലെ വ്യവസ്ഥകൾ വ്യാഖ്യാനിക്കുകയും എന്താണ് ഗണ്യമായ ധനസഹായമെന്ന് തീരുമാനിക്കുകയും ചെയ്യുന്ന വേളയിൽ ഒരാൾ നിയമത്തിലെ വ്യവസ്ഥകൾ മനസ്സിൽ സൂക്ഷിക്കണം. പൊതു ഇടപാടുകളിൽ സുതാര്യതയും പൊതുജീവിതത്തിൽ സാധ്യതയും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം നടപ്പാക്കിയത് സർക്കാരിതര സംഘടനകൾക്കോ, മറ്റ സ്ഥാപനങ്ങൾക്കോ സർക്കാരിൽ നിന്നും ഗണ്യമായ ധനസഹായം ലഭിക്കുന്ന പക്ഷം, ഒരു പൗരന്, അവനോ/അവളോ ഒരു സർക്കാരിതര സംഘടനക്കോ മറ്റേതെങ്കിലും സ്ഥാപനത്തിനോ നൽകിയിട്ടുള്ള പണം ആവശ്യ ലക്ഷ്യത്തിനായാണോ ഉപയോഗിക്കുന്നത് എന്ന് കണ്ടെത്താൻ ആവശ്യമായ വിവരങ്ങൾ ചോദിക്കാതിരിക്കാനുള്ള ഒരു കാരണവും ഈ കോടതി കണ്ടെത്തുന്നില്ല.

30. മേൽപറഞ്ഞ നിയമനിർദ്ദേശത്തിന്റെ വെളിച്ചത്തിലാണ് ഈ കേസുകൾ ഈ കോടതി വ്യക്തിഗതമായി പരിശോധിക്കാൻ ഉദ്ദേശിക്കുന്നത്.

**സിവിൽ അപ്പീൽ നമ്പർ. 9828/2013**

31. ഇത് ഫയൽ ചെയ്തത് ഡി.എ.വി കോളേജ് ട്രസ്റ്റ് മാനേജ്മെന്റ് സൊസൈറ്റി, ന്യൂഡൽഹി, ഡി.എ.വി. കോളേജ്, ചണ്ഡീഗഡ്, എം.സി.എം.ഡി.എ.വി കോളേജ്, ചണ്ഢീഗഡ്, ഡി.എ.വി സീനിയർ സെക്കന്ററി സ്കൂൾ, ചണ്ഢീഗഡ് എന്നിവരാണ്.

32. വിവിധ കോളേജുകളും/ സ്കൂളുകളും നടത്തുന്ന സൊസൈറ്റിയാണ് ഒന്നാം അപ്പീൽ കക്ഷി, എന്നാൽ ഓരോന്നിനും അതിന്റേതായ വ്യക്തിത്വമുണ്ട് , ഈ കോടതിയുടെ കാഴ്ചപ്പാടിൽ ഓരോ സ്ക്കൂളും/കോളേജും നിയമത്തിന്റെ അർത്ഥത്തിൽ ഒരു പൊതു അധികാരസ്ഥാനമാണ്. ഈ കോളേജുകൾക്കും സ്ക്കൂളുകൾക്കും സർക്കാർ ഗണ്യമായ

ധനസഹായം നല്കുന്നില്ലെന്നും അവർക്ക് 50 ശതമാനത്തിലധികം ധനസഹായം സർക്കാരിൽ നിന്നു ലഭിക്കുന്നില്ല എന്നും വാദിക്കുന്നു. അപ്പീൽ കക്ഷികൾ സമർപ്പിച്ച രേഖകൾ പോലും എം.സി.എം.ഡി.എ.വി കോളേജ്, ചണ്ഢീഗഡ് 2004-05, 2005-06, 2006-07 വർഷങ്ങളിൽ ഓരോ വർഷവും 1.5 കോടിയിലധികം ഗ്രാന്റുകൾ ലഭിച്ചതായി കാണിക്കുന്നു. ഇത് കോളേജിന്റെ ചിലവിന്റെ 44% വരും. ഡി.എ.വി. കോളേജ്, ചണ്ഢീഗഡിനെ സംബന്ധിച്ചിടത്തോളം ഈ മൂന്നു വർഷങ്ങളിലെ ഗ്രാന്റ് 3.6 കോടി മുതൽ 4.5 കോടി വരെയുള്ളതാണ്, ഇത് ഓരോ വർഷത്തെയും മൊത്തം സാമ്പത്തിക വിഹിതത്തിന്റെ 40 ശതമാനത്തേക്കാൾ അധികമാണ് . സമാനമായി ഡി.എ.വി. സീനിയർ സെക്കന്ററി സ്ക്കുൾ ചണ്ഢീഗഡിന്റെ കാര്യത്തിലും സംസ്ഥാനത്തിന്റെ സംഭാവന 44ശതമാനത്തിലും കൂടുതലാണ് .

33. കോളേജുകളെ സംബന്ധിച്ച മറ്റൊരു പ്രധാനവശം, കോളേജിലെ അദ്ധ്യാപക, അനധ്യാപക ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ 95% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത് എന്നതാണ് . കോളേജ് കാണിക്കുന്ന ശേഷിക്കുന്ന ചിലവിന്റെ ഒരു പ്രധാന ഭാഗം ഹോസ്റ്റലുകളും മറ്റുമായി ബന്ധപ്പെട്ടതാണ് , കോളേജിന്റെ അടിസ്ഥാനമായ ഭാഗം അദ്ധ്യയനമാണ് മറിച്ച് ഹോസ്റ്റലുകളോ മറ്റു അടിസ്ഥാന സൗകര്യങ്ങളായ ഓഡിറ്റോറിയം പോലുള്ളവയോ അല്ല. സംസ്ഥാനം ഈ ഗ്രാന്റുകൾ നിലവിൽ ഗണ്യമായി വർദ്ധിച്ചുവെന്നു കാണിക്കുന്ന വസ്തുതാ തെളിവുകൾ ഹാജരാക്കുകയും, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഡി.എ.വി കോളേജ്, ചണ്ഢീഗഡിന് 15 കോടി രൂപയിലധികവും, എം.സി.എം.ഡി.എ.വി കോളേജിന് പ്രതിവർഷം, 10 കോടിയിലധികം രൂപയും ഡി.എ.വി സീനിയർ സെക്കന്ററി സ്ക്കൂൾ, ചണ്ഢീഗഡിന് പ്രതിവർഷം 4 കോടിയിലധികം ഗ്രാന്റും ലഭിച്ചു. അവയ്ക്ക് സർക്കാർ ഗണ്യമായ ധനസഹായം നൽകുന്നുവെന്ന് സുരക്ഷിതമായി പറയാൻ കഴിയും.

34. കേസ് കേൾക്കുന്ന വേളയിൽ നിയമജ്ഞനായ എതിർഭാഗം അഭിഭാഷകൻ 2013-14 മുതൽ 2015-16 വർഷങ്ങളിൽ ഈ സ്ഥാപനങ്ങൾക്ക് എത്ര ധനസഹായം അനുവദിച്ചു വെന്ന് കാണിക്കുന്ന ചില വിവരങ്ങൾ രേഖയായി സമർപ്പിച്ചു.

| സ്ഥാപനം | 2013-14 (രൂപ) | 2014-15 (രൂപ) | 2015-16 (രൂപ) |
|---|---|---|---|
| ഡി.എ.വി. കോളേജ്, സെക്ടർ 10 ചണ്ഢീഗഡ് | 14,97,31,954 | 15,15,91,074 | 17,57,90,476 |
| എം.സി.എം.ഡി.എ.വികോളേജ്, സെക്ടർ 36, ചണ്ഢീഗഡ് | 10,06,91,020 | 10,47,79,495 | 11,33,94,771 |
| ഡി.എ.വി സീനിയർ സെക്കന്ററി സ്ക്കൂൾ, സെക്ടർ 8, ചണ്ഢീഗഡ് | 3,97,39,280 | 4,17,85,658 | 5,06,88,770 |

35. ഇവ കോളേജുകളുടെ/ സ്ക്കൂളിന്റെ ചിലവിന്റെ പകുതിയോളം വരുന്നതും, അദ്ധ്യാപകഅനദ്ധ്യാപക ജീവനക്കാരെ സംബന്ധിച്ചിടത്തോളം 95ശതമാനത്തിൽ അധികം ചിലവും വരുന്ന ഗണ്യമായ പണം കൊടുക്കയാണ്. അതിനാൽ ഈ കോടതിയുടെ അഭിപ്രായത്തിൽ ഈ കോളേജുകൾ/ സ്ക്കൂളുകൾ എന്നിവ ഗണ്യമായ ധനസഹായം ലഭിക്കുന്നവയും നിയമത്തിലെ വകുപ്പ് 2(ബി) യുടെ അർത്ഥത്തിൽ പൊതു അധികാര സ്ഥാനത്തിൽ പെടുന്നവയും ആണ്.

സിവിൽ അപ്പീൽ നമ്പറുകൾ. 9844-9845/2013

സിവിൽ അപ്പീൽ നമ്പറുകൾ. 9846-9857/2013

സിവിൽ അപ്പീൽ നമ്പറുകൾ. 9860/2013

36. ഈ കേസുകളെ സംബന്ധിച്ചിടത്തോളം, മുകളിൽ ഈ കോടതി വിശദീകരിച്ച പോലെ ഹൈക്കോടതിയുടെ വിധിന്യായങ്ങളിൽ നിന്ന് ഗണ്യമായ ധനസഹായവുമായി ബന്ധപ്പെട്ട വശം പൂർണ്ണമായും പരിഗണിച്ചിട്ടില്ലെന്ന് കോടതി മനസ്സിലാക്കുന്നു. അതിനാൽ നാം ഈ സ്ഥാപനങ്ങൾ സംഘങ്ങളോ സർക്കാരിതര സംഘടനകളോ ആയി കരുതുന്നുണ്ടെങ്കിലും, ഇവയ്ക്ക് ഗണ്യമായ ധനസഹായം ഉണ്ടോ ഇല്ലയോ എന്ന വിഷയം ഹൈക്കോടതി തീരുമാനിക്കേണ്ടതുണ്ട്. ഈ കോടതി നിർദ്ദേശിച്ച നിയമത്തിന്റെ വെളിച്ചത്തിൽ രേഖകൾ സമർപ്പിക്കാനും പ്രശ്നം തീരുമാനിക്കാനും ഹൈക്കോടതി ഇരു കക്ഷികൾക്കും അവസരം നൽകണം.

37. ഈ നിരീക്ഷണങ്ങളുടെ മുകളിൽ പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് എല്ലാ അപ്പീലുകളും തീർപ്പാക്കുന്നു. സിവിൽ അപ്പീൽ നമ്പർ 9828/2013 തള്ളുന്നു. സിവിൽ അപ്പീൽ നമ്പറുകൾ 9844-9845/2013, 9846-9857/2013 എന്നിവ സ്ഥാപനങ്ങൾക്ക് ഗണ്യമായ ധനസഹായം ഉണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കാൻ ഹൈക്കോടതിയിലേക്ക് അയച്ചിട്ടുണ്ട്. ഹൈക്കോടതി 2013-ൽ സമർപ്പിക്കപ്പെട്ട റിട്ട് ഹർജികൾ പരിഗണിക്കുകയും അതനുസരിച്ച് അവയ്ക്ക് മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്.

## ബഹു. സുപ്രീം കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് മോഹൻ എം. ശന്തനഗൗഡർ
### &
### ബഹു. ജസ്റ്റിസ് സഞ്ജീവ് ഖന്ന

എസ്എൽഎ (സി) നം. 16051/2017

2019 സെപ്റ്റംബർ 16-ന് വിധി പ്രസ്താവിച്ചത്

**കുസും ഭാട്ടിയ**

**Vs**

**സാഗർ സേതി**

### ഉത്തരവിലെ പ്രസക്തഭാഗങ്ങൾ

ഭാര്യയ്ക്ക് പര്യാപ്തമായ ശമ്പളം /വരുമാനം ഉണ്ടെങ്കിൽ ജീവനാംശത്തിന് അർഹതയില്ല.

### ഉത്തരവ്

1. ഇരു ഭാഗത്തുമുള്ള അഭിഭാഷകരെ മെറിറ്റിൽ കേട്ടതിൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഇടപെടാൻ യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ല. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ കുമാരി പ്രേക്ഷയ്ക്ക് (ഇപ്പോൾ ഏകദേശം 16 വയസ്സ് പ്രായം) ജീവനാംശം അനുവദിക്കുന്നത് നീതിയുക്തമായിരിക്കും. അപേക്ഷക പര്യാപ്തമായ ശമ്പളമുള്ള ഉദ്യോഗസ്ഥയായതിനാൽ, അവർക്ക് ജീവനാംശമായി എന്തെങ്കിലും അനുവദിക്കുന്നതിനു ഞങ്ങൾ വിസമ്മതിക്കുന്നു.

2. എതിർകക്ഷിയുടെ അഭിഭാഷകൻ കക്ഷിയുടെ നിർദ്ദേശ പ്രകാരം താൻ കുമാരി പ്രേക്ഷ എന്നു പേരുള്ള കുട്ടിയുടെ ജീവനാംശത്തിനായി 30,00,000/ (മുപ്പത് ലക്ഷം രൂപ) നിക്ഷേപിക്കാൻ തയ്യാറാണെന്നു ബോധിപ്പിച്ചു.

3. എന്നിരുന്നാലും കോടതി എതിർകക്ഷി 15 ലക്ഷം രൂപ കുട്ടിയുടെ വിവാഹത്തിനും മറ്റു ചെലവുകൾക്കുമായി നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചു. എതിർകക്ഷിയുടെ അഭിഭാഷകൻ 15,00,000/ (പതിനഞ്ച് ലക്ഷം രൂപ) എന്ന തുക അടയ്ക്കുന്നത് ടിയാന് വളരെ ബുദ്ധിമുട്ടാകും എന്ന് ബോധിപ്പിച്ചു.



GPM 5/93/2021 - 7

4. അത് അതുപോലെ ആകട്ടെ. കേസിന്റെ മൊത്തത്തിലുള്ള വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചു. താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നത് അനുയോജ്യമാകുമെന്ന് ഞങ്ങൾ കരുതുന്നു:-

(1) സ്പെഷ്യൽ ലീവ് പെറ്റീഷൻ നിരസിച്ചു. എന്നിരുന്നാലും കക്ഷികളുടെ മകളായ കുമാരി പ്രേക്ഷയ്ക്ക് ജീവനാംശത്തിനായി 30,00,000/ (മുപ്പത് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് അർഹതയുണ്ട് . 30,00,000/ (മുപ്പത് ലക്ഷം രൂപ മാത്രം) ഇന്നു മുതൽ എട്ടാഴ്ചയ്ക്കകം നിക്ഷേപിക്കണം.

(2) എതിർകക്ഷിയും കുട്ടിയുടെ പിതാവുമായ സാഗർ സേതി 10,00,000/ (പത്ത് ലക്ഷം രൂപ മാത്രം) കുട്ടിയുടെ വിവാഹത്തിനും മറ്റ് ചെലവുകൾക്കുമായി നൽകേണ്ടതാണ്. പറഞ്ഞ തുകയിൽ നിന്നും 5,00,000/ (അഞ്ച് ലക്ഷം രൂപ മാത്രം) ഇന്ന് മുതൽ രണ്ട് വർഷത്തിനകം ഡിമാൻഡ് ഡ്രാഫ്റ്റ് ആയി കുട്ടിക്ക് നേരിട്ട് നൽകേണ്ടതാണ്. ശേഷിച്ച 5,00,000/ (അഞ്ച് ലക്ഷം രൂപ മാത്രം) ഇന്ന് മുതൽ 4 വർഷത്തിനകം നൽകേണ്ടതാണ്.

(3) കുട്ടിയായ കുമാരി പ്രേക്ഷയ്ക്ക് ജീവനാംശത്തിനായി ലഭിക്കുന്ന മൊത്തം തുകയും നാല് വർഷത്തേയ്ക്ക് സ്ഥിര നിക്ഷേപം ആയി സൂക്ഷിക്കാൻ ഹർജി കക്ഷിയോട് ഞങ്ങൾ നിർദ്ദേശിക്കുന്നു. കുട്ടിയുടെ ജീവനാംശത്തിനും മറ്റു ചിലവുകൾക്കുമായി പലിശയുടെ വിഹിതം ഹർജികക്ഷിക്ക് ഉപയോഗിക്കാവുന്നതാണ്.

(4) വികാസ് പുരി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച എഫ്.ഐ.ആർ.നം.49/2007 ഉൾപ്പെടെ കക്ഷികൾ തമ്മിലുള്ള എല്ലാ വ്യവഹാരങ്ങളും ഈ ഉത്തരവിൻ പ്രകാരം റദ്ദാക്കി.




# ഹൈക്കോടതി വിധിന്യായങ്ങൾ

### ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ചീഫ് ജസ്റ്റീസ് എസ്. മണികുമാർ

&

### ബഹു. ജസ്റ്റീസ് ഷാജി പി. ചാലി

### ആന്റണി സ്കറിയയും മറ്റുള്ളവരും

Vs

### ജില്ലാ കളക്ടറും മറ്റുള്ളവരും

റിട്ട് അപ്പീൽ നമ്പർ 264 / 2020

2020 ഫെബ്രുവരി 17-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

2007-ലെ മുതിർന്ന പൗരന്മാരുടെയും രക്ഷാകർത്താക്കളുടെയും സംരക്ഷണവും ക്ഷേമവും നിയമം ഒരു മുതിർന്ന പൗരന്റെ മരണ ശേഷം, 2007-ലെ രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച ട്രൈബ്യൂണലിന് അതിന് മുൻപിൽ നിലവിലുള്ള നടപടികൾ പരിഗണിക്കുന്നത് തുടരാൻ സാധിക്കുമോ എന്ന ചോദ്യമാണ് ഉന്നയിക്കപ്പെട്ടത്. ടി നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലിനെ സമീപിക്കാൻ മുതിർന്ന പൗരൻമാർക്കും രക്ഷാകർത്താകൾക്കും മാത്രമേ അർഹതയുള്ളൂ.

### വിധിന്യായം

#### ചീഫ് ജസ്റ്റീസ് എസ്. മണികുമാർ

1. ഈ റിട്ട് അപ്പീൽ 03.02.2020 ലെ ഡബ്ല്യു. പി. (സി) നം. 20234/ 2019 ലെ വിധിന്യായം ചോദ്യം ചെയ്താണ് ഫയൽ ചെയ്തിരിക്കുന്നത്. അപ്പീൽ വാദികൾ, ഡബ്ല്യു. പി. (സി) നം. 20234/ 2019 -ലെ ഹർജികക്ഷികളും 2007-ലെ മുതിർന്ന പൗരന്മാരുടെയും രക്ഷാകർത്താക്കളുടെയും സംരക്ഷണവും ക്ഷേമവും നിയമ പ്രകാരമുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ നടന്നുവരുന്ന അപ്പീൽ നം. എം5-6487/2015-ലെ അപ്പീൽ വാദിയായ മരണപ്പെട്ട മറിയാമ്മ ജോണിന്റെ നിയമപ്രകാരമുള്ള അനന്തരാവകാശികൾ/ അടുത്ത ബന്ധുക്കളാണെന്നും പറയുന്നു.

2. ഇപ്പോഴത്തെ അപ്പീൽ ഫയൽ ചെയ്യുന്നതിലേക്ക് നയിച്ച ഹ്രസ്വ വസ്തുതകൾ ഇപ്രകാരമാണ്:

> മരണപ്പെട്ട മറിയാമ്മ ജോൺ നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം 2-ാം എതിർകക്ഷി/ മെയിന്റനൻസ് ട്രൈബ്യൂണൽ മുമ്പാകെ 3-ാം എതിർ കക്ഷി പേർക്ക് രജിസ്റ്റർ ചെയ്ത തെങ്കാന സബ് രജിസ്ടാർ ഓഫീസിലെ 3326/2012 മുതൽ 3331/ 2012 വരെ നമ്പർ ഇഷ്ടദാനാധാരം റദ്ദ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചു. മെയിന്റനൻസ് ട്രൈബ്യൂണൽ എഗ്സിബിറ്റ് പി 1 ഉത്തരവ് പുറപ്പെടുവിച്ചു, അതിനെതിരെ മരണപ്പെട്ട മറിയാമ്മ ജോൺ എഗ്സിബിറ്റ് പി2 അപ്പീൽ ഫയൽ ചെയ്തു, അതും എഗ്സിബിറ്റ് പി3 ഉത്തരവിലൂടെ തള്ളി. തുടർന്ന്, മറിയാമ്മ ജോൺ അപ്പലേറ്റ് അധികാരിയുടെ എഗ്സിബിറ്റ് പി3 ഉത്തരവ് ചോദ്യം ചെയ്ത് ഡബ്ല്യൂ. പി (സി) നം. 6520/ 2018 ഫയൽ ചെയ്തു. ടി റിട്ട് ഹർജി നിലനിൽക്കെ മറിയാമ്മ ജോൺ മരണപ്പെട്ടു. ഈ കോടതി, മറിയാമ്മ ജോണിന്റെ നിയമപ്രകാരമുള്ള അനന്തരാവകാശികളെ കക്ഷി ചേർക്കാൻ നിർദ്ദേശിച്ചു, തുടർന്ന്, എഗ്സിബിറ്റ് പി5 വിധിന്യായത്തിലൂടെ അപ്പലേറ്റ് അധികാരിയോട് അപ്പീൽ പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചു.

3. ഈ കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരി അപ്പീൽ പരിഗണിക്കുന്നതിലേക്ക് കടക്കുകയും എഗ്സിബിറ്റ് പി7 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

4. എഗ്സിബിറ്റ് പി7 ഉത്തരവും, എഗ്സിബിറ്റ് പി7 ഉത്തരവിന് പ്രാബല്യം നൽകിയ മെയിന്റനൻസ് ട്രൈബ്യൂണലിന്റെ എഗ്സിബിറ്റ് പി 9 ഉത്തരവും ചോദ്യം ചെയ്ത് അപ്പീൽ വാദികൾ ഡബ്ല്യൂ. പി. (സി) നം. 20234/ 2019 ഫയൽ ചെയ്തു. റിട്ട് കോടതി 3.2.2020 ലെ വിധിന്യായത്തിലുടെ റിട്ട് ഹർജി തള്ളി. വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ ഇപ്രകാരമാണ്:

> "അഭിഭാഷകരുടെ വാദങ്ങളും കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചതിൽ ഹർജികക്ഷികളുടെ താല്പര്യത്തിൽ ഫയൽ ചെയ്ത റിട്ട് ഹർജി ഈ കോടതി മുമ്പാകെ നിലനിൽക്കുന്നതല്ല എന്നതാണ് എന്റെ കാഴ്ച്ചപ്പാട്. മറിയാമ്മ ജോണിനു ലഭിച്ച അവകാശം 2007-ലെ നിയമപ്രകാരം സിദ്ധിച്ചതാണെന്നത് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഈ നിയമ പ്രകാരം, മെയിന്റനൻസ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മുതിർന്ന പൗരന് മാത്രമെ അപ്പലേറ്റ് അധികാരി മുമ്പാകെ അപ്പീലിനുള്ള നിയമപ്രകാരമുള്ള അവകാശം ഉള്ളൂ. മറിയാമ്മ ജോൺ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള ആ അവകാശമാണ് ഉപയോഗിച്ചതെന്നതിൽ തർക്കം ഇല്ല, തുടർന്നും, അപ്പലേറ്റ് അധികാരിയുടെ ഉത്തരവിനെതിരെ റിട്ട് ഹർജി ഈ കോടതിയിൽ ഫയൽ ചെയ്തു. ടി റിട്ട് ഹർജി നിലനിൽക്കുമ്പോൾ എന്തായാലും മറിയാമ്മ ജോൺ മരിച്ചു, തുടർന്ന്, മറിയാമ്മ ജോണിന്റെ നിയമപ്രകാരമുള്ള അനന്തരാവകാശികളെ ഈ റിട്ട് ഹർജിയിൽ കക്ഷി ചേർക്കാൻ അനുവദിക്കുകയും അപ്പീൽ പുനഃപരിശോധിക്കാനായി വിഷയം അപ്പലേറ്റ് അധികാരിക്ക് റിമാൻഡ് ചെയ്തു. എന്റെ കാഴ്ചപ്പാടിൽ, മറിയാമ്മ ജോണിന്റെ മരണത്തോടെ റിട്ട് ഹർജി ഉപശമിച്ചു, ഈ കോടതി നിയമപ്രകാരമുള്ള അനന്തരാവകാശികളെ കക്ഷി ചേർക്കരുതായിരുന്നു.

ഇത് എന്ത് കൊണ്ടെന്നാൽ, ടി റിട്ട് ഹർജിയിൽ, മറിയാമ്മ ജോൺ 2007 ലെ നിയമപ്രകാര മുള്ള അവകാശമാണ് ഉയർത്തിപ്പിടിച്ചത്. ആ അവകാശം അവർക്ക് മുതിർന്ന പൗരൻ എന്ന വ്യക്തിപരമായ തലത്തിൽ ലഭ്യമായതാണ്, അല്ലാതെ പൊതുനിയമത്തിന്റെ കീഴിലുള്ള കൈമാറാവുന്ന അവകാശമല്ല. ക്ഷമതയുള്ള അധികാരിത സിവിൽ കോടതിയല്ലാത്ത ഫോറം അവരുടെ വസ്തുപരമായ അവകാശങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് സമാനമാകും എന്നതിനാൽ നിയമപ്രകാരമുള്ള അനന്തരാവകാശികൾ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് അധികാരിയും പരിഗണിക്കരുതായിരുന്നു. അതിൻപ്രകാരം എന്റെ കാഴ്ചപ്പാടിൽ, ഈ നിയമത്തിൻ കീഴിലെ അപ്പീൽ നിലനിൽക്കുമ്പോൾ മുതിർന്ന പൗരൻ മരിക്കുകയാണെങ്കിൽ, അപ്പീൽ തന്നെ ഉപശമിക്കും, എന്തെന്നാൽ, അപ്പീലിലൂടെ ഉന്നയിച്ച അവകാശം മുതിർന്ന പൗരന് സിദ്ധിച്ച ഒരു നിയമപരമായ (സ്റ്റാറ്റ്യൂട്ടറി) അവകാശം മാത്രമാണ്. അത് കൈമാറാവുന്ന അവകാശമല്ല.

തദനുസൃതമായി, എന്റെ വീക്ഷണത്തിൽ, റിട്ട് ഹർജിയിലൂടെ നിയമത്തിലെ അപ്പലേറ്റ് അധികാരിയുടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് മരണപ്പെട്ട മുതിർന്ന പൗരന്റെ നിയമപ്രകാരമുള്ള അനന്തരാവകാശിക്ക് നടത്താൻ സാധിക്കില്ല. മരണപ്പെട്ട മുതിർന്ന പൗരന്റെ ഉടമസ്ഥതയിലുള്ള വസ്തു ഇനങ്ങളിൽ അവരുടെ അവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ, ആയതിൽ നിയമപ്രകാരമുള്ള അനന്തരാവകാശികൾ അവരുടെ യഥാനുസൃത വസ്തുക്കളിലുള്ള അവകാശം ക്ഷമതയുള്ള അധികാരിത സിവിൽ കോടതി മുമ്പാകെ ഉന്നയിക്കണം. ആയതിനാൽ, ക്ഷമതയുള്ള അധികാരിത സിവിൽ കോടതി മുമ്പാകെ വസ്തുക്കളിലുള്ള അവരുടെ യഥാനുസൃത അവകാശം ഉന്നയിക്കുന്ന തിനുള്ള ഹർജികക്ഷികളുടെയും 3, 4, 5 എതിർകക്ഷികളുടെയും അവകാശം നിലനിർത്തി കൊണ്ട് എഗ്സിബിറ്റ് പി7, പി9 ഉത്തരവുകൾ ചോദ്യം ചെയ്യുന്ന റിട്ട ഹർജി, തള്ളുന്നു".

5. മുകളിൽ പരാമർശിച്ച വിദ്വാനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ സങ്കടപ്പെട്ടുകൊണ്ട്, മുതിർന്ന പൗരൻ മരിച്ചു എന്ന കാരണത്താൽ നിയമത്തിലെ 23 ാം വകുപ്പ് പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണൽ മുമ്പാകെ നടന്നുകൊണ്ടിരിക്കുന്ന നടപടികളുടെ തുടർനടപടികൾ നിർത്താൻ സാധിക്കില്ല എന്ന് തർക്കിച്ച് കൊണ്ട് ഈ റിട്ട് അപ്പീൽ ഫയൽ ചെയ്തു. കൂടാതെ, നിയമത്തിലെ 5 (1) (ബി) വകുപ്പിൽ, മുതിർന്ന പൗരന്റെ പ്രാപ്തിയില്ലാ യ്മയുടെ കാര്യത്തിൽ, അയാൾ അധികാരപ്പെടുത്തിയ ഏതെങ്കിലും സംഘടനയ്ക്കോ വ്യക്തിയ്ക്കോ മുതിർന്ന പൗരന് വേണ്ടി അപേക്ഷ ഫയൽ ചെയ്യാൻ വ്യവസ്ഥയുണ്ട്. നിയമ ത്തിലെ 27ാം വകുപ്പ് പ്രകാരം സിവിൽ കോടതിയുടെ അധികാരിത തടയപ്പെട്ടെന്നും നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് മുതിർന്ന പൗരന്റെ സ്വത്ത് സംബന്ധിച്ച് സിവിൽ കോടതിയെ സമീപിക്കാൻ സാധിക്കില്ല എന്നും വാദിച്ചു. കൂടാതെ 3.2.2017 ന് മറിയാമ്മ ജോൺ നൽകിയ പത്രികയും 3.2.2017 ന് അവർ നൽകിയ മൊഴിയും കണക്കിലെടുക്കാത്തതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും വിവരിച്ചിട്ടില്ല എന്ന വാദവും ഉന്നയിച്ചു. അപ്പീൽ വാദിയുടെ വിദ്വാനായ അഭിഭാഷകന്റെ അഭിപ്രായത്തിൽ മുതിർന്ന പൗരന്റെ മരണ ശേഷം അപ്പീലിലെ നടപടികൾ നിയമപ്രകാരമുള്ള അനന്തരാവകാശി കൾക്കോ ബന്ധുകൾക്കോ അല്ലെങ്കിൽ സംഘനയ്ക്കോ തുടരാൻ അർഹതയുണ്ട്. മുതിർന്ന പൗരന്റെ/ അപ്പീൽ വാദിയുടെ മരണം മൂലം അപ്പീൽ ഉപശമിക്കില്ല.

6. കക്ഷികളുടെ അഭിഭാഷകരെ കേൾക്കുകയും രേഖയിലുള്ള ലഭ്യമായ വിവരങ്ങൾ പരിശോധിക്കുകയും ചെയ്തു.

7. പരിഗണനയ്ക്കായി ഉയർന്നു വരുന്ന പ്രധാനപ്പെട്ട ചോദ്യം ഒരു മുതിർന്ന പൗരന്റെ മരണ ശേഷം, 2007ലെ രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച ട്രൈബ്യൂണലിന്, അതിന് മുൻപിൽ നടന്നുകൊണ്ടിരിക്കുന്ന നടപടികൾ പരിഗണിക്കുന്നത് തുടരാൻ സാധിക്കുമോ എന്നതാണ്. മനസ്സിലാക്കുന്നതിനായി നിയമത്തിലെ സ്കീം നമുക്ക് നോക്കാം ഇന്ത്യൻ ഭരണഘടന പ്രകാരം ഉറപ്പുനൽകുകയും അംഗീകരിക്കപ്പെടുകയും ചെയ്ത രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും കൂടുതൽ ഫലപ്രദമായ വ്യവസ്ഥകൾ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായാണ് ഈ നിയമം നിർമ്മിച്ചിരിക്കുന്നത്.

8. 2(ഡി) വകുപ്പ് പ്രകാരം 'രക്ഷാകർത്താക്കൾ' എന്ന നിർവ്വചനത്തിൽ 'ജൈവശാസ്ത്ര പരമായ അച്ഛനോ അല്ലെങ്കിൽ അമ്മയോ ദത്തെടുത്തതോ അല്ലെങ്കിൽ രണ്ടാനച്ഛനോ അല്ലെങ്കിൽ രണ്ടാനമ്മയോ അതത് സംഗതിപോലെ, അച്ഛനോ അല്ലെങ്കിൽ അമ്മയോ മുതിർന്ന പൗരൻ ആണോ അല്ലയോ എന്നാണ് അർത്ഥമാക്കുന്നത്. 'മുതിർന്ന പൗരൻ' എന്നതിൽ അർത്ഥമാക്കുന്നത് അറുപതോ അതിന് മുകളിലോ പ്രായമായ ഇന്ത്യയിലെ പൗരനായ ഏതൊരാളും എന്ന് നിർവ്വചിക്കുന്നു.

9. മുതിർന്ന പൗരന്മാരുടെയും രക്ഷാകർത്താക്കളുടെയും സംരക്ഷണം കൈകാര്യം ചെയ്യുന്ന 4-ാം വകുപ്പിൽ, മാതാപിതാക്കൾ ഉൾപ്പെടെയുള്ള മുതിർന്ന പൗരന് സ്വന്തം സമ്പാദ്യത്തിൽ നിന്നോ അല്ലെങ്കിൽ അയാളുടെ ഉടമസ്ഥതയിലുള്ള സ്വത്തിൽ നിന്നോ സ്വയം പരിപാലിക്കാൻ സാധിച്ചില്ലെങ്കിൽ 5-ാം വകുപ്പ് പ്രകാരം ഈ സാഹചര്യങ്ങളിൽ ഒരു അപേക്ഷ നൽകുന്നതിന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്യുന്നു.

(I) മാതാപിതാക്കളോ അല്ലെങ്കിൽ പിതാമഹർക്കോ, അയാളുടെ മൈനറല്ലാത്ത ഒന്നോ അതിലധികമോ മക്കൾക്കെതിരെ

(ii) മക്കളില്ലാത്ത മുതിർന്ന പൗരൻ, 2(ജി) വകുപ്പിൽ പ്രതിപാദിക്കുന്ന ബന്ധുവിനെതിരെ.

10. സംരക്ഷണത്തിനുള്ള അപേക്ഷ, നിയമത്തിലെ 5ാം വകുപ്പ് പ്രകാരമാണ് കൈകാര്യം ചെയ്യുന്നത്, അതിനാൽ 4-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ

(എ) ഒരു മുതിർന്ന പൗരനോ രക്ഷാകർത്താവിനോ, അതത് സംഗതി പോലെ

(ബി) അയാൾ പ്രാപ്തനല്ലായെങ്കിൽ, അയാൾ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും വ്യക്തിയോ സംഘടനയോ അല്ലെങ്കിൽ

(സി) ട്രൈബ്യൂണലിന് സ്വമേധയ പരിഗണിക്കാം എന്ന് വ്യവസ്ഥ ചെയ്യുന്നു.

11. 9-ാം വകുപ്പിൽ കൈകാര്യം ചെയ്യുന്ന സംരക്ഷണത്തിനുള്ള ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന (1) സ്വയം സംരക്ഷിക്കാൻ കഴിയാത്ത ഒരു മുതിർന്ന പൗരനെ, മക്കളോ

ബന്ധുക്കളോ അതത് സംഗതിപോലെ, അവഗണിക്കുകയോ, സംരക്ഷിക്കാൻ വിസമ്മതിക്കുകയോ ചെയ്താൽ ട്രൈബ്യൂണലിന്, അങ്ങനെയുള്ള അവഗണനയോ, നിരസിക്കലോ ബോധ്യപ്പെട്ടാൽ, ആ മുതിർന്ന പൗരന്റെ സംരക്ഷണത്തിന് അനുയോജ്യമായി കരുതുന്ന പ്രതിമാസ ബത്ത മാസതവണ ആയി നൽകാൻ മക്കളോടൊ ബന്ധുകളോടൊ ഉത്തരവിടാനും ആയത് മുതിർന്ന പൗരന്, ട്രൈബ്യൂണൽ, സമയാസമയങ്ങളിൽ, നിർദ്ദേശിക്കുന്ന പ്രകാരം നൽകേണ്ടതാണ്.

12. മുകളിൽ ചർച്ച ചെയ്ത വ്യവസ്ഥകൾ വ്യക്തമാക്കുന്നത് 2007-ലെ നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലിനെ സമീപിക്കാൻ മുതിർന്ന പൗരൻമാർക്കും രക്ഷാകർത്താകൾക്കും മാത്രമേ അർഹതയുള്ളൂ എന്നാണ്. നിയമത്തിലെ 5ാം വകുപ്പിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, രക്ഷാകർത്താവിന്റെ മരണ ശേഷവും ട്രൈബ്യൂണൽ മുമ്പാകെ നടപടികൾ തുടരുന്നതിന് അവകാശമുണ്ടെന്ന വാദം അപ്പീൽ വാദികൾ ഉന്നയിച്ചെങ്കിൽ കൂടി, ആയത് അംഗീകരിക്കാൻ സാധിക്കില്ല, എന്തെന്നാൽ, ടി വ്യവസ്ഥയിൽ മുതിർന്ന പൗരനോ രക്ഷാകർത്താവിനോ അപേക്ഷ നൽകാൻ കഴിയില്ല എന്ന സാഹചര്യത്തിൽ മാത്രമെ നിയമത്തിലെ 4-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ മറ്റേതെങ്കിലും വ്യക്തിയ്ക്ക് അല്ലെങ്കിൽ സംഘടനയ്ക്ക് നൽകാം എന്ന് പറയുന്നത്.

13. ഈ കേസിൽ മാതാവ്, ഈ കോടതി മുമ്പാകെ തീർപ്പാക്കാനുള്ള റിട്ട് ഹർജിയുടെ തുടക്കത്തിൽ തന്നെ മരണപ്പെട്ടു. എന്ത് തന്നെയാണെങ്കിലും, 2007 ലെ നിയമത്തിലെ വ്യവസ്ഥകൾ പരിഗണിക്കാതെ, റിട്ട് നടപടികളിൽ നിയമപ്രകാരമുള്ള അനന്തരാവകാശികളെ കക്ഷിചേർക്കുകയും അതിനെ തുടർന്ന്, 2007 ലെ നിയമത്തിലെ 16ാം വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ വിഷയം പരിഗണിക്കുന്നതിനായി റിമാൻഡ് ചെയ്തു. അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കിയ നടപടികൾ നിലനിൽക്കുന്നതല്ല. കൂടാതെ 2007 ലെ നിയമത്തിലെ 16ാം വകുപ്പ് പ്രകാരം ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ സങ്കടം ഉണ്ടെങ്കിൽ, മുതിർന്ന പൗരനോ അല്ലെങ്കിൽ രക്ഷാകർത്താവിനോ മാത്രം, അതത് സംഗതി പോലെ, ഉത്തരവിന്റെ തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ, അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ കൊടുക്കാൻ വ്യവസ്ഥ നൽകുന്നു. അത് കൊണ്ട്, ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നടത്തുവാൻ നിയമപ്രകാര അനന്തരാവകാശികൾക്ക് അർഹതയില്ല.

14. മേൽ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട്, ഞങ്ങളുടെ പരിഗണിത കാഴ്ചപാടിൽ, ശ്രീമതി മറിയാമ്മ ജോൺ, 2007 ലെ നിമയ പ്രകാരം ഉന്നയിക്കപ്പെട്ട അവകാശം, അവർക്ക് മുതിർന്ന പൗരൻ ആയതിനാൽ വ്യക്തിപരമായി ലഭ്യമായ അവകാശമാണെന്നും പൊതു നിയമ പ്രകാരം കൈമാറാൻ സാധിക്കില്ല എന്ന വിദ്വാനായ സിംഗിൾ ജഡ്ജിയുടെ തീരുമാനത്തിൽ ഇടപെടൽ ആവശ്യമില്ല. ആയതിനാൽ, ക്ഷമതയുള്ള അധികാരിത സിവിൽ കോടതിയല്ലാത്ത ഫോറം അവരുടെ വസ്തുപരമായ അവകാശങ്ങൾ തീർപ്പു കൽപ്പിക്കുന്നതിന് സമാനമാകും എന്നതിനാൽ നിയമപ്രകാരമുള്ള അനന്തരാവകാശികൾ നടത്തുന്ന അപ്പീൽ, അപ്പലേറ്റ് അധികാരി പരിഗണിക്കേണ്ടതില്ല എന്ന സിംഗിൾ ജഡ്ജിയുടെ തീരുമാനം ശരിയാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ശ്രീമതി മറിയാമ്മ ജോണിന്റെ മരണ ശേഷം ട്രൈബ്യൂണൽ മുമ്പാകെ നടപടികൾ തുടർന്നത് തെറ്റാണ്.

15. കേസിന്റെ സാഹചര്യങ്ങളും വസ്തുതകളും പരിഗണിച്ച് കൊണ്ട്, ഇന്ത്യൻ ഭരണഘടനയുടെ 226ാം അനുച്ഛേദം പ്രകാരം വിദ്വാനായ സിംഗിൾ ജഡ്ജി പ്രയോഗിച്ച ജുഡീഷ്യൽ പുനഃപരിശോധനയിൽ യാതൊരു നിയമ വിരുദ്ധതയോ ക്രമക്കേടോ ഇല്ല. അപ്പീൽ പരാജയപ്പെട്ടു എന്ന് പറയേണ്ടതില്ല, തദനുസൃതമായി അത് തള്ളുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബച്ചു കുര്യൻ തോമസ്**

ഡബ്ല്യൂ.പി (സി) നം. 2338/2015

**രാജ്കുമാർ**

**Vs**

**തഹസീൽദാർ**

2020 മാർച്ച് 18-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

പട്ടയം പ്രാബല്യത്തിൽ തുടരുന്നിടത്തോളവും അത് റദ്ദ് ചെയ്യാത്തിടത്തോളവും വസ്തുക്കളുടെ നികുതി പിരിക്കേണ്ടത് റവന്യുവിന്റെ താല്പര്യം മാത്രമാണ്. അവകാശപത്രത്തിൽ തർക്കം ഉണ്ട് എന്നത് വസ്തുവിന് നൽകേണ്ടതായ നികുതി സ്വീകരിക്കുന്നതിന് പ്രതിബന്ധം ആകില്ല. ഒരു വസ്തു ഒരാളുടെ ഉടമസ്ഥതയിൽ നിലനിൽക്കുന്നിടത്തോളം അയാൾക്ക് നികുതി അയ്ക്കുന്നതിനും ഉടമസ്ഥാവകാശ ത്തിന്റെ എല്ലാ അവകാശങ്ങളും വിനിയോഗിക്കുന്നതിനും അർഹതയുണ്ട്.

### വിധിന്യായം

ഹർജികക്ഷികൾ, മൂന്നുപേർ എഗ്സിബിറ്റ് പി1, പി3, പി5 ആധാരങ്ങളിൽ ഉൾപ്പെട്ട വസ്തു വകകളുടെ ഭൂനികുതി സ്വീകരിക്കുന്നതിൽ നിരുപദ്രവകരമായ പരിഹാരം തേടുന്നു.

2. റിട്ട് ഹർജിയിലെ ഒന്നാം ഹർജികക്ഷി എഗ്സിബിറ്റ് പി1 വില്പന ഉടമ്പടി പ്രകാരം റീസർവ്വേ നം. 4/1-2-ൽ 2.99 ഏക്കർ ഭൂമിയുടെയും റീസർവ്വേ നം. 4/1-6-ൽ 2.30 ഏക്കർ ഭൂമിയുടെയും ഉടമസ്ഥനാണ് എന്നാണ് റിട്ട് ഹർജിയിൽ പ്രസ്താവിക്കുന്നത്. രണ്ടാം ഹർജികക്ഷി ഒന്നാം ഹർജികക്ഷിയുടെ ഭാര്യയും എഗ്സിബിറ്റ് പി3 വില്പന ഉടമ്പടി പ്രകാരം സർവ്വേ നം. 4/1-ൽ പെട്ട 1.214 ഹെക്ടർ ഭൂമി സ്വന്തമായുള്ളയാളുമാണ്. മൂന്നാം ഹർജികക്ഷി ഒന്നും രണ്ടും ഹർജികക്ഷികളുടെ പ്രായപൂർത്തിയാകാത്ത മകനും എഗ്സിബിറ്റ് പി5 വില്പന ഉടമ്പടി പ്രകാരം സർവ്വേ നം. 4/1-4-ൽപ്പെട്ട 3.70 ഏക്കർ ഭൂമിയുടെ ഉടമയുമാണ്. വസ്തുവകകൾ കീഴന്തൂർ വില്ലേജിൽ സ്ഥിതിചെയ്യുന്നു.

3. ഹർജിക്കാരുടെ വാദമനുസരിച്ച് മുകളിൽ പരാമർശിച്ച അവകാശപത്രങ്ങളിൽ ഉൾപ്പെടുന്ന ഭൂമി ഹർജികക്ഷികളുടെ മുൻഗാമിയുടെ പേരിൽ ഭൂപതിവ് പ്രകാരം ലഭിച്ചതും തുടർന്ന് പട്ടയം ലഭിച്ചിട്ടുള്ളതും ആയത് എഗ്സിബിറ്റ് പി2, പി4 & പി6 ആയി റിട്ട് ഹർജിക്കൊപ്പം സമർപ്പിച്ചി ട്ടുള്ളതുമാണ്.

4. എഗ്സിബിറ്റ് പി7-ലെ വസ്തുവകകൾ വാങ്ങിയതനുസരിച്ച് രജിസ്ട്രി കൈമാറ്റം നടത്തിയെന്നും അതിനുശേഷം 2008-2009 വരെ അവരവരുടെ പേരുകളിൽ നികുതി അടച്ചിരുന്നുവെന്നുമാണ് നികുതി രസീതുകളുടെ ശൃംഖല തെളിവായി ഹാജരാക്കിക്കൊണ്ട് റിട്ട് ഹർജിക്കാർ വാദിച്ചത്. എന്നാൽ 2009-ന് ശേഷം റവന്യൂ ഉദ്യോഗസ്ഥരുടെ മുമ്പാകെ ഹർജികക്ഷികളുടെ അവകാശപത്രത്തിന്റെ യഥാർത്ഥത സംബന്ധിച്ച് ചില അന്വേഷണങ്ങൾ നടക്കുന്നു എന്ന കാരണത്താൽ വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാൻ വിസ്സമ്മതിച്ചു. ചില അന്വേഷണ നടപടികളുടെ അടിസ്ഥാനത്തിൽ ഹർജികക്ഷികളിൽ നിന്നും ഭൂനികുതി സ്വീകരിക്കാൻ വിസ്സമ്മതിക്കുന്നു എന്ന ആരോപണം ന്യായീകരിക്കാനാവാത്തതിനാൽ ഈ റിട്ട് ഹർജി ഫയലാക്കിയിരിക്കുന്നത്.

5. പട്ടയങ്ങൾ 1983-ലും 1994-ലും അനുവദിച്ചുവെന്നും എന്നാൽ പട്ടയവ്യവസ്ഥകൾക്ക് വിരുദ്ധമായി 10 വർഷ കാലാവധിക്കു മുമ്പ് അവ കൈമാറ്റം ചെയ്തതായി കാണപ്പെടുന്നുവെന്നും ഒന്നാം എതിർകക്ഷിയായ ദേവികുളം തഹസീൽദാർക്ക് വേണ്ടി പ്രസ്താവനം സമർപ്പിച്ചു. കൂടാതെ പട്ടയങ്ങളുടെ കൃത്യത പരിശോധിക്കേണ്ട ബാധ്യതയുണ്ടെന്നും സ്ഥലപരിശോധനയിൽ അതിർത്തിയിൽ ചില വ്യതിയാനങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്നും പ്രസ്താവിച്ചു. ഹർജികക്ഷികളുടെ പേരിൽ പോക്കുവരവ് നടത്തിയിട്ടുണ്ടെങ്കിലും ചോദ്യം ചെയ്യപ്പെട്ട ഭൂമിയിൽ യഥാർത്ഥ പട്ടയഭൂമിയുടെ സ്വത്വം കണ്ടെത്താൻ കഴിഞ്ഞില്ല എന്നു കൂടി ബോധിപ്പിച്ചു.

6. മറയൂർ പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നം. 14/2011 അടിസ്ഥാനമാക്കിയുള്ള സിബിസിഐഡി ക്രൈം നമ്പർ 23/CR/EoW-11/KTM/2011-ന്റെ അന്തിമ റിപ്പോർട്ട് അധികരേഖയായി റിട്ട് ഹർജിക്കാർ കോടതിയുടെ ശ്രദ്ധയിൽപ്പെടുന്നതിനായി ഹാജരാക്കി. മേൽപ്പറഞ്ഞ കുറ്റകൃത്യം ഹർജിക്കാർക്ക് അനുവദിച്ച പട്ടയവുമായി ബന്ധപ്പെട്ടതാണെന്നു സമർപ്പിച്ചു. അന്തിമ റിപ്പോർട്ടിന്റെ പരിശോധനയിൽ കാണുന്നത് അന്വേഷണത്തിന് ശേഷം പട്ടയം അനുവദിച്ചതിനെ ന്യായീകരിച്ച് നിരീക്ഷണങ്ങളിലേക്ക് കടന്ന ശേഷം ക്രൈം ബ്രാഞ്ച് കേസിനെ 'വസ്തുതയെ സംബന്ധിച്ച തെറ്റ്'' എന്ന് കേസ് റഫർ ചെയ്യുകയായിരുന്നു.

7. ഹർജിക്കാർക്കുവേണ്ടി അഭിഭാഷകരായ ശ്രീമതി പാർവ്വതി മനോജ്, ശ്രീ രജിത് എന്നിവരെയും കൂടാതെ സർക്കാർ അഭിഭാഷകരായ ശ്രീമതി പ്രിയ ഷാനവാസിനെയും ശ്രീ. കെ.ജെ. മുഹമ്മദ് അൻസാർ, സർക്കാർ പ്രത്യേക അഭിഭാഷകൻ (റവന്യൂ) എന്നിവരെയും കോടതി കേട്ടു.

8. പട്ടയം നിലനിൽക്കുന്നിടത്തോളം വസ്തുവിന്റെ അവകാശപത്രത്തിൻമേലുള്ള വസ്തുപരമായ അവകാശങ്ങൾ വിനിയോഗിക്കുന്നത് നിഷേധിക്കുന്നതിന് സർക്കാരിന് ഒരു ന്യായീകരണവുമില്ലായെന്നും കൂടാതെ നികതി അടയ്ക്കുന്നത് അവകാശപത്രത്തിലെ അവകാശങ്ങളുടെ വിനിയോഗത്തിന്റെ അനന്തരഫലമാണ് എന്നും ഹർജികക്ഷികളുടെ അഭിഭാഷകയായ ശ്രീമതി പാർവ്വതി മനോജ് ശക്തമായി വാദിച്ചു. 1961-ലെ കേരള ഭൂനികുതി ആക്റ്റ് (ചുരുക്കത്തിൽ ആക്റ്റ്) ലെ വ്യവസ്ഥകളിലേയ്ക്ക് ടിയാൾ കോടതിയുടെ ശ്രദ്ധ ക്ഷണിക്കുകയും അടയ്ക്കേണ്ട ഭൂനികുതി സ്വീകരിക്കാൻ വിസമ്മതിച്ചതിന് നിയമപരമായ ഒരു ന്യായീകരണവും ഉദ്യോഗസ്ഥന് ഇല്ലെന്ന് വാദിക്കുകയും ചെയ്തു.

9. ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകന്റെ വാദങ്ങളിൽ കാര്യം ഉണ്ടെന്നു ഞാൻ കാണുന്നു. പട്ടയം പ്രാബല്യത്തിൽ തുടരുന്നിടത്തോളവും അത് റദ്ദ്

ചെയ്യാത്തിടത്തോളവും വസ്തുക്കളുടെ നികുതി പിരിക്കേണ്ടത് റവന്യുവിന്റെ താല്പര്യം മാത്രമാണ്. ഉടമസ്ഥാവകാശത്തിൽ തർക്കം ഉണ്ട് എന്നത് വസ്തുവിന് നൽകേണ്ടതായ നികുതി സ്വീകരിക്കുന്നതിന് ഒരു പ്രതിബന്ധം ആകില്ല. ആക്റ്റിന്റെ 5-ാം വകുപ്പ് പ്രകാരം ഭൂനികുതി അടയ്ക്കേണ്ടത് ആരുടെ പേരിലാണോ ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളത് അഥവാ മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭൂവുടമയായി കാണിച്ചിട്ടുള്ളത്, ആ വ്യക്തിക്കാണ്.

10. 1961-ലെ കേരള ഭൂനികുതി നിയമത്തിലെ 5-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''5. ഭൂനികുതി ചുമത്തൽ (1) ഏത് വിവരണത്തിൽ പെട്ടതായാലും, ഏത് നടപ്പവകാശപ്രകാരം കൈവശം വയ്ക്കുന്നതായാലും എല്ലാ ഭൂമികൾ സംബന്ധിച്ചും 'അടിസ്ഥാന നികുതി' എന്നു പേരായ ഒരു നികുതി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആ ഭൂമികൾ

(i) മുൻതിരുവിതാംകൂർ, കൊച്ചി സംസ്ഥാനം ആയിരുന്ന പ്രദേശത്ത് സ്ഥിതി ചെയ്കയാണെങ്കിൽ 1956 ഏപ്രിൽ 1-ാം തീയതി മുതൽക്ക് ആരംഭിക്കുന്ന ഏതൊരു സാമ്പത്തിക വർഷത്തേയ്ക്ക്,

(ii) മലബാർ പ്രദേശത്ത് സ്ഥിതിചെയ്കയാണെങ്കിൽ, 1957 സെപ്റ്റംബർ 1-ാം തീയതി മുതൽക്ക് ആരംഭിച്ച് 1958 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലത്തേയ്ക്ക് പിന്നീട് 1958 ഏപ്രിൽ 1-ാം തീയതി മുതൽക്ക് ആരംഭിക്കുന്ന ഏതൊരു സാമ്പത്തികവർഷത്തേയ്ക്കും, ചുമത്തി വസൂലാക്കേണ്ടതാണ്.

5 [xxx]

6 [xxx]

(2) ഏതെങ്കിലും ഭൂമിയിന്മേൽ ചുമത്തപ്പെടുന്ന അടിസ്ഥാനനികുതി ആ ഭൂമിയുടെ കൈവശക്കാരൻ കൊടുക്കേണ്ടതാകുന്നു:

8 [എന്നാൽ,

(I) xxxx

(ii) xxxx

(iii) xxxx

അപ്രകാരമുള്ള ആദായത്തിൽ കവിഞ്ഞുള്ള അടിസ്ഥാന നികുതി കുടിയാനോ അഥവാ കൈവശമുള്ള മറ്റു വ്യക്തിയോ നൽകേണ്ടതാകുന്നു.]

9(2A) 1998 ഏപ്രിൽ 1-ന് മുമ്പുള്ള ഏതെങ്കിലും കാലയളവിലേയ്ക്ക്, ഈ ആക്റ്റിൻകീഴിൽ ചുമത്തിയിട്ടുള്ള അടിസ്ഥാന നികുതി, കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റ് ഇതിലേയ്ക്കായി നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള തീയതിക്ക് മുമ്പ് അടയ്ക്കേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ചുമത്തി വസൂലാക്കുന്ന അടിസ്ഥാന നികുതി

തൽക്കാലം നിലവിലിരിക്കുന്ന നികുതി വസൂലാക്കൽ ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പെടുന്ന, ഭൂമി സംബന്ധിച്ച് കൊടുക്കേണ്ട സർക്കാർ നികുതിയായി കരുതേണ്ടതും, ആ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വസൂലാക്കേണ്ടതുമാണ്.

11. ആക്റ്റിലെ വകുപ്പ് 3(3) (ഡി) ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു.

3. നിർവ്വചനങ്ങൾ.- ഈ ആക്റ്റിൽ, സന്ദർഭത്തിന് മറ്റുപ്രകാരം ആവശ്യമില്ലാത്തപക്ഷം.

(3) "ഭൂമി കൈവശക്കാരൻ" എന്നാൽ

(a) xxxxxxxxx

(b) xxxxxxxxx

(c) xxxxxxxxx

(d) മറ്റേതെങ്കിലും ഭൂമിയുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ഭൂമിയുടെ തൽസമയം നിലവിലുള്ള രജിസ്റ്റേർഡ് കൈവശക്കാരൻ എന്നും അതിൽ അയാളുടെ നിയമാനുസൃത പ്രതിനിധികളും തീറുകാരനും തത്സമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം താൻ കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് സർക്കാരിന് നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനായ ഏതെങ്കിലും വ്യക്തിയും കൂടി ഉൾപ്പെടുന്നതുമാകുന്നു;

12. ആക്റ്റിന്റെ 5-ാം വകുപ്പിനൊപ്പം 'ലാൻഡ് ഹോൾഡർ' (ഭൂമി കൈവശക്കാരൻ) എന്ന പദത്തിന്റെ നിർവ്വചന ഖണ്ഡം സഹിതം പരിശോധിക്കുമ്പോൾ ഒരു വ്യക്തി അയാളുടെ പേരിൽ ഒരു ഭൂമി രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ടെങ്കിൽ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നികുതി അടയ്ക്കേണ്ട ബാധ്യത ഉണ്ടെന്ന് കാണാവുന്നതാണ്. ആക്റ്റിന്റെ 5-ാം വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന 'ചാർജ്ജ് ചെയ്യുകയും ചുമത്തുകയും ചെയ്തു' എന്ന പദം വ്യക്തമായി ഉദ്ദേശിക്കുന്നത് വസ്തുവിൻമേലുള്ള നികുതി പിരിക്കാനുള്ള അനുബന്ധ കടമയുണ്ട് എന്നാണ്. ഭൂവുടമ ഭൂനികുതി അടയ്ക്കാതിരുന്നാൽ നികുതി പിരിക്കുന്നതിനുള്ള രീതി ആക്റ്റിന്റെ വകുപ്പ് 5(3) വ്യവസ്ഥ ചെയ്തിട്ടുള്ള റവന്യൂ റിക്കവറി നടപടികളിലൂടെയാണ്. ഒരു വ്യക്തിയുടെ പേരിൽ ഒരു ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അയാൾ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ് എന്ന നിയമസഭയുടെ ഉദ്ദേശ്യത്തെ നിയമത്തിലെ വ്യവസ്ഥകൾ വ്യക്തമായി വെളിപ്പെടുത്തുന്നു. ഒരു ഭൂമിയുടെ അടിസ്ഥാന നികുതി അടയ്ക്കാൻ ഭൂവുടമ തയ്യാറാകുമ്പോൾ അത് ശേഖരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് അത് നിരസിക്കാൻ അധികാരമില്ല. ഒരു തർക്കം തീരുമാനിക്കാൻ അധികാരമുള്ള ഒരു അധികാരിയുടെ മുമ്പിൽ മുമ്പ് ഉന്നയിച്ചിട്ടില്ലാത്ത ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള ചില അന്വേഷണത്തിന്റെയോ തർക്കത്തിന്റെയോ അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥർ വസ്തുവിന്റെ പേരിലുള്ള നികുതി സ്വീകരിക്കാൻ വിസമ്മതിക്കുന്നത് കോടതിയെ സംബന്ധിച്ചിടത്തോളം കർത്തവ്യത്തിൽ നിന്നും വിട്ടുനിൽക്കുന്നതാണ്. അത്തരം ഒരു പ്രവൃത്തി ഒരു സാഹചര്യത്തിലും അനുവദിക്കാൻ കഴിയില്ല. ഒരു വസ്തുവിന്റെ ഏതൊരു ഉടമയ്ക്കും അയാളുടെ/അവളുടെ ഉടമസ്ഥതയിൽ വസ്തു നിലനിൽക്കുന്നിടത്തോളം നികുതി അടയ്ക്കാനും ഉടമസ്ഥാവകാശത്തിന്റെ എല്ലാ

അവകാശങ്ങളും വിനിയോഗിക്കാനും അർഹതയുണ്ട്.

13. ഈ സന്ദർഭത്തിൽ, ഹർജികക്ഷികളുടെ മുൻഗാമിക്ക് പട്ടയം അനുവദിച്ചതിലെ സാധുത ചോദ്യം ചെയ്ത് ഒരു ഉദ്യോഗസ്ഥനും യാതൊരു തരത്തിലുള്ള നടപടികളും ആരംഭിച്ചിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എനിക്ക് വേണ്ടി മൊത്തത്തിൽ വായിക്കപ്പെട്ടിട്ടുള്ള അന്തിമ റിപ്പോർട്ട് ആയ എഗ്സിബിറ്റ് പി9 കണക്കിലെടുത്ത് എന്റെ കണ്ടെത്തലുകൾ ഞാൻ ബലപ്പെടുത്തിയിട്ടുള്ളത് കൂടിയാണ്. പട്ടയത്തിനും പട്ടയം അനുവദിച്ചതിനും എതിരെയുള്ള ആരോപണങ്ങൾ അന്വേഷണത്തിന് ശേഷം, വസ്തുത കുളുടെ തെറ്റ് ആയി കണ്ടെത്തിയിട്ടുള്ളതാണ് എന്ന് കൂടി മേൽപ്പറഞ്ഞ അന്തിമ റിപ്പോർട്ടിൽ നിന്നും കാണാവുന്നതാണ്. ഒരു തർക്കം ഉന്നയിക്കുമ്പോൾ എഗ്സിബിറ്റ് പി9-ന്റെ തെളിവിനുള്ള മൂല്യത്തിന് കർശനമായ സ്വാധീനം ഇല്ലെങ്കിലും, നിലവിൽ, അത് പട്ടയം അനുവദിച്ചതിലെ കൃത്യത സംബന്ധിച്ച് ഹർജികക്ഷികളുടെ അവകാശവാദം തീർച്ചയായും ന്യായീകരിക്കുന്നു.

14. ഈ സന്ദർഭത്തിൽ, ഭൂനികുതി സ്വീകരിക്കുന്നതും, ഉടമസ്ഥാവകാശത്തെ സംബന്ധിച്ച ചോദ്യത്തിനും യാതൊരു ബന്ധവുമില്ലെന്ന നിയമപരമായ നിലപാട് ഈ കോടതിയും സുപ്രീംകോടതിയും വീണ്ടും വീണ്ടും വ്യക്തമാക്കിയിട്ടുണ്ട് എന്നത് ശ്രദ്ധിക്കുന്നത് ഉചിതമാണ്. **ശ്രീമതി സവർണി Vs ശ്രീമതി ഇന്ദേവർ കൗറും** മറ്റുള്ളവരും(1996) 6SCC 223) എന്ന കേസിൽ 'പോക്കുവരവ്' സംബന്ധിച്ച ഒരു പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ വസ്തുവിന്റെ പോക്കുവരവും ഭൂനികുതി സ്വീകരിക്കുന്നതും ഉടമസ്ഥാവകാശത്തെ സൃഷ്ടിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുകയോ അല്ലായെങ്കിൽ ഉടമസ്ഥാവകാശത്തിന് എന്തെങ്കിലും മുൻതൂക്കം നൽകുകയോ ചെയ്യുകയില്ലായെന്നും അത് ആരുടെ പേരിലാണോ പോക്കുവരവ് ചെയ്യുന്നത് ആ വ്യക്തിയെ ചോദ്യംചെയ്യപ്പെട്ട ഭൂനികുതി അടയ്ക്കുവാൻ പ്രാപ്തനാക്കുകയേ ഉള്ളൂവെന്നും ബഹു. സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. **ഈ കോടതിയുടെ സുഡാൻ Vs സ്റ്റേറ്റ് ഓഫ് കേരള (2013(4)കെഎൽറ്റി 563), ജോർജ്ജ് പോത്തനും മറ്റുള്ളവരും Vs കേരള സ്റ്റേറ്റും മറ്റുള്ളവരും (2018(4) കെഎച്ച്സി 795) ലാർസൺ റ്റി ജോർജ്ജ് Vs സ്റ്റേറ്റ് ഓഫ് കേരള (2019 (1) കെഎൽറ്റി 128)** എന്നീ കേസുകളിലും തർക്കങ്ങൾ നിലനിൽക്കുന്നു എന്നത് പരിഗണിക്കാതെ ഒരു ഭൂവുടമക്ക് നികുതി അടയ്ക്കാവുന്നതും ആയത് സ്വീകരിക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥമാണെന്നും ഉള്ള നിയമത്തിന്റെ നിലപാട് ആവർത്തിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കോടതി നിശ്ചയിച്ചിട്ടുള്ള നിയമപരമായ നിലപാടുകൾ പാലിക്കാൻ റവന്യു ഉദ്യോഗസ്ഥർ വിസമ്മതിക്കുന്നതിലും ഭൂനികുതി സ്വീകരിക്കാൻ വിസമ്മതിക്കുന്ന യാന്ത്രികമായ രീതിയിലും ഈ കോടതി അതിന്റെ ദു:ഖം പ്രകടിപ്പിക്കുന്നു

15. വിഷയത്തിന്റെ മേൽപ്പറഞ്ഞ വീക്ഷണത്തിൽ എഗ്സിബിറ്റ് പി1, പി3 & പി5 ഉടമസ്ഥാവകാശ രേഖ ഉൾക്കൊള്ളുന്ന വസ്തുകവകകൾക്ക് വാഗ്ദാനം ചെയ്യുമ്പോൾ കാലതാമസം കൂടാതെ ഭൂനികുതി സ്വീകരിക്കാൻ ഒന്നും രണ്ടും എതിർകക്ഷികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഞാൻ ഈ റിട്ട് ഹർജി അനുവദിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് എസ്. മണികുമാർ**

**&**

**ബഹു. ജസ്റ്റിസ് ഷാജി. പി. ചാലി**

**അബ്ദുൾ ഖാദർ**

**Vs**

**സബ് രജിസ്ട്രാർ**

റിട്ട് അപ്പീൽ നം. 2573/2019

2020 ഫെബ്രുവരി 6-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

അപ്പീൽവാദിക്കും സഹോദരങ്ങൾക്കും തങ്ങളുടെ പിതാവിന്റെ വസ്തുവകകൾ ഭാഗം ചെയ്യുന്നതിനുള്ള ഭാഗപത്ര ഉടമ്പടി രജിസ്റ്റർ ചെയ്യുന്നതിന് അവർ രണ്ട് ഭാര്യമാരിലൂടെയുള്ള പിൻഗാമികൾ ആയതിനാൽ ഒരു കുടുംബം ആയി കണക്കാക്കി സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹത നൽകാൻ കഴിയില്ല എന്ന് നിരീക്ഷിച്ച് റിട്ട് ഹർജി തള്ളിയ സിംഗിൾ ബെഞ്ച് വിധിക്കെതിരെയുള്ള റിട്ട് അപ്പീൽ.

1959-ലെ ആക്റ്റിന്റെ 2(എഫ്ബി) വകുപ്പിൽ 'കുടുംബം' എന്നാൽ പിതാവ്, മാതാവ്, പിതാവിന്റെയോ മാതാവിന്റെയോ പിതാവ്, പിതാവിന്റെയോ മാതാവിന്റെയോ മാതാവ്, ഭർത്താവ്, ഭാര്യ, മകൻ, മകൾ ചെറുമക്കൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്ന് നിർവ്വചിച്ചിരിക്കുന്നു.

സഹ ഉടമകൾ നിരവധി ആണെങ്കിൽ ഓരോ സഹ ഉടമയും 1959-ലെ ആക്റ്റിന്റെ അനുച്ഛേദം 42-ന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദിഷ്ട വിഭാഗത്തിലുള്ള ബന്ധങ്ങളിലൂടെ ഒരാളുമായെങ്കിലും ബന്ധം ഉണ്ടെങ്കിൽ ഈ അനുച്ഛേദം പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹതയുണ്ടായിരിക്കും, വ്യത്യസ്ത ഭാര്യമാരിലൂടെയുള്ള മക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന്റെ ആനുകൂല്യത്തിന് അർഹതയുണ്ട്.

## വിധിന്യായം

ഡബ്ല്യു.പി(സി) നം. 21218/2019-ലെ 19-09-2019-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സങ്കടപ്പെട്ട അപ്പീൽവാദി/റിട്ട് ഹർജിക്കാരൻ ഈ റിട്ട് അപ്പീൽ ഫയൽ ചെയ്തു.

2. അപ്പീലിലേയ്ക്ക് നയിച്ച ഹ്രസ്വ വസ്തുതകൾ ഇവയാണ് അപ്പീൽവാദി/റിട്ട് ഹർജിക്കാരൻ കോമുക്കുട്ടിയുടെ മകനാണ്. കോമുക്കുട്ടിക്ക് രണ്ട് ഭാര്യമാരിൽ മക്കളുണ്ടായിരുന്നു. വിഭജിക്കാൻ ഉദ്ദേശിക്കുന്ന വസ്തു കോമുക്കുട്ടിയുടേതാണ്. അപ്പീൽവാദിയും അയാളുടെ മറ്റ് സഹോദരങ്ങളും തങ്ങളുടെ പിതാവിന്റെ വസ്തുക്കൾ ഭാഗം ചെയ്ത് പ്രാബല്യത്തിൽ വരുത്താൻ ശ്രമിച്ചപ്പോൾ എതിർകക്ഷി/തിരൂർ താലൂക്ക് സബ് രജിസ്ട്രാർ അപ്പീൽവാദി സമർപ്പിച്ച ഭാഗപത്ര ഉടമ്പടി രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ചു. മാത്രവുമല്ല രണ്ട് ഭാര്യമാരിലൂടെയുള്ള പിൻഗാമികളെ ഒരു കുടുംബം ആയി പരിഗണിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി നൽകാൻ നിർബന്ധിച്ചു. ഇതിൽ സങ്കടപ്പെട്ട അപ്പീൽവാദി/റിട്ട് ഹർജിക്കാരൻ ഡബ്ല്യു.പി (സി) നം. 21218/2019 ഫയൽ ചെയ്തുകൊണ്ട് റിട്ട് കോടതിയെ സമീപിച്ചു. റിട്ട് കോടതി ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിനാൽ അപ്പീൽവാദിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹതയില്ലെന്ന് പറഞ്ഞ് റിട്ട് ഹർജി തള്ളി. ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്.

> "2. ഹർജികക്ഷിക്ക് വേണ്ടി വിദ്വാനായ അഭിഭാഷകൻ അബ്ദുൾ മുനീർ Vs സബ് രജിസ്ട്രാർ [2018(1) കെഎൽറ്റി 238 (എഫ്ബി)] എന്ന കേസിലെ ഈ കോടതിയുടെ ഫുൾ ബെഞ്ച് തീരുമാനത്തെ അവലംബിച്ച് വാദിച്ചത് സഹ ഉടമകളുടെ എണ്ണം നിരവധിയാണെങ്കിലും അവരിൽ ചിലർ ഒരു പ്രത്യേക വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്തതിനാൽ അവർക്ക് കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടിക്ക് അർഹതയുണ്ടെന്ന് വാദിച്ചു. വിദ്വാനായ അഭിഭാഷകൻ 25-ാം ഖണ്ഡികയിലെ ഫുൾബെഞ്ചിന്റെ പ്രത്യേക നിരീക്ഷണത്തെ പരാമർശിച്ചത് ഇപ്രകാരമാണ്:
>
> > "25..... സഹ ഉടമകളുടെ എണ്ണം നിരവധി ആണെങ്കിൽ അത്തരം സഹ ഉടമകളിൽ ഓരോരുത്തരും അനുച്ഛേദം 42ന്റെ വിശദീകരണത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള നിർദ്ദിഷ്ട വിഭാഗത്തിലുള്ള ബന്ധങ്ങളിലൂടെ പരസ്പരം ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ ഈ അനുച്ഛേദം പ്രകാരമുള്ള പ്രയോജനം ലഭിക്കുകയുള്ളൂ.".
>
> > 3. ഫുൾബെഞ്ച് തീരുമാനം പരാമർശിച്ചതിനുശേഷം ഡബ്ല്യു.പി (സി) നം. 6485/2018ൽ ഈ കോടതി സമാനമായ വസ്തുതകളിൽ താഴെപ്പറയും പ്രകാരം പ്രസ്താവിച്ചു.
>
> > "3. ഫുൾബെഞ്ച്, വാസ്തവത്തിൽ മുമ്പ് പരിഗണനയിൽ വന്ന രണ്ട് ഡിവിഷൻ ബെഞ്ച് വിധിന്യായങ്ങൾ പരാമർശിച്ചശേഷം ആക്റ്റിന്റെ അനുച്ഛേദം 42(1) ന്റെ ഉദ്ദേശ്യത്തിന് പ്രസക്തമായത് ഭാഗപത്രം നടപ്പിലാക്കുകയും രജിസ്ട്രേഷൻ ചെയ്യുകയും ചെയ്യുന്ന സമയത്ത് വിശദീകരണത്തിൽ പ്രതിപാദിച്ചിട്ടുള്ള ബന്ധങ്ങളുടെ വിഭാഗത്തിലെ ഏതെങ്കിലും ബന്ധത്തിൽ ഓരോരുത്തരും ഏതെങ്കിലും ഒരു സഹ ഉടമയോടെങ്കിലും പരസ്പരം

ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ആ അനുച്ഛേദത്തിന്റെ ഉപവ്യവസ്ഥ പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹരാകും എന്ന അഭിപ്രായത്തിൽ എത്തിച്ചേർന്നു.".

4. കുടുംബത്തിൽ പരാമർശിച്ചിരിക്കുന്ന എല്ലാ വിഭാഗങ്ങളും വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്നതുപോലെ പരസ്പരം ബന്ധപ്പെട്ട് നിലകൊള്ളുന്നതിനാൽ കുടുംബത്തിന്റെ പരിധിയിൽ വരും എന്നത് ശ്രദ്ധിക്കേണ്ടതാണ്. വ്യത്യസ്ത കുടുംബത്തിലെ രണ്ട് ശാഖകൾ പൊതു പാരമ്പര്യ സ്വത്തിന്റെ ഭാഗം വയ്ക്കുന്നതിന് ഒത്തുചേരുമ്പോൾ, അത് കുടുംബത്തിനുള്ളിലെ ഭാഗം വയ്ക്കലായി കണക്കാക്കാൻ കഴിയില്ല. കക്ഷികളെ സംബന്ധിച്ചിടത്തോളം പൊതുവായ വംശപരമ്പരയിൽ കണ്ടെത്താവുന്ന സ്വത്തിന്റെ അവകാശം ആണെങ്കിലും പരേതനായ കെ.എം. മുഹമ്മദ് കുട്ടിയുടെ രണ്ട് ഭാര്യമാർ വഴി അവർ വ്യത്യസ്ത വംശപരമ്പരയിൽ പെട്ടതിനാൽ അവർ വ്യത്യസ്ത കുടുംബമാണ്. ഈ സ്ഥിതിയിൽ, അനുച്ഛേദം 42ലെ ഖണ്ഡം (1) പ്രകാരം അടയ്ക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അവകാശം ഉന്നയിക്കാൻ ഹർജിക്കാരന് കഴിയില്ല. അതു കൊണ്ട് ഹർജിക്കാരനോട് ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി ആവശ്യപ്പെട്ട രജിസ്ട്രാർ ന്യായീകരിക്കപ്പെടുന്നു. റിട്ട് ഹർജി, അതുകൊണ്ട്, തള്ളി. ചെലവുകളില്ല.".മേൽപ്പറഞ്ഞ വിധി കണക്കിലെടുക്കുമ്പോൾ ഹർജിക്കാരന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹതയില്ലെന്ന് ഞാൻ കാണുന്നു. അതുകൊണ്ട് ഭാഗപത്ര ഉടമ്പടിക്കായി ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി ആവശ്യപ്പെടുന്നതിൽ രജിസ്ട്രാർ ന്യായീകരിക്കപ്പെടുന്നു.

ഈ റിട്ട് ഹർജി നിരസിച്ചു.".

3. മേൽപ്പറഞ്ഞ വിധിന്യായത്തിൽ സങ്കടപ്പെട്ട് 1959ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ പട്ടികയിലെ അനുച്ഛേദം 42 (എ) യുടെ രണ്ടാം പാദം പ്രകാരമുള്ള ആനുകൂല്യം, മരണപ്പെട്ട കുടുംബാംഗങ്ങളുടെ അവകാശികൾക്ക് ഇടയിലെ ഭാഗപത്രകരണത്തിൽ നൽകിയിട്ടുള്ളത് പരിഗണിക്കുന്നതിൽ റിട്ട് കോടതി പരാജയപ്പെട്ടുവെന്നും എക്സിബിറ്റ് പി1 ഭാഗപത്ര ഉടമ്പടി അനുസരിച്ച് വസ്തുവകകൾ ഹർജിക്കാരന്റെ പിതാവായ മരണപ്പെട്ട കോമുക്കുട്ടിയുടെ മക്കൾക്കിടയിൽ ഭാഗം ചെയ്തിട്ടുള്ളതാണെന്നും, അല്ലാതെ വസ്തുവകകൾ മറ്റാർക്കെങ്കിലും വേണ്ടി മാറ്റിവച്ചിട്ടില്ല എന്നും ബോധിപ്പിച്ച് തൽക്ഷണം റിട്ട് അപ്പീൽ ഫയൽ ചെയ്തു. മരണപ്പെട്ട കോമുക്കുട്ടിയുടെ രണ്ടാമത്തെ ഭാര്യയും ഭാഗപത്രത്തിൽ ചേർന്നിട്ടുണ്ട്, ഇത് മരണപ്പെട്ട കോമുക്കുട്ടിയുടെ നിയമപരമായ അവകാശികൾക്കിടയിലെ അയാളുടെ ഭാര്യയും മക്കളും എന്ന നിലയിലുള്ള ഭാഗം വയ്പ്പ് ആയതിനാൽ അവർക്കും അനുച്ഛേദം 42(എ) പ്രകാരം അടയ്ക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ആനുകൂല്യത്തിന് അർഹരാണ് എന്ന് കൂടി ബോധിപ്പിച്ചു.

4. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് 2(എഫ്ബി) വകുപ്പ് അടിസ്ഥാനമാക്കിയുള്ളതാണ്, അപ്പീൽവാദിയുടെ തർക്കം. അപ്പീൽവാദിയുടെ അഭിപ്രായപ്രകാരം ഈ നിർവചനത്തിൽ ഭർത്താവ്, ഭാര്യ, മകൻ, മകൾ മുതലായവരും ഉൾപ്പെടുകയും എഗ്സിബിറ്റ് പി1ലെ കക്ഷികൾ മരണമടഞ്ഞ കോമുക്കുട്ടിയുടെ ഭാര്യയും പുത്രന്മാരും പുത്രിമാരും ഉൾപ്പെടുന്നതിനാൽ കേരള മുദ്രപ്പത്ര ആക്റ്റിലെ ഷെഡ്യൂളിലെ അനുച്ഛേദം 42(എ) അനുസരിച്ച് ഭാഗപത്ര ഉടമ്പടി



GPM 5/93/2021 - 9

രജിസ്റ്റർ ചെയ്യുന്നതിന് കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിന്റെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടെന്ന് റിട്ട് കോടതി തീരുമാനിക്കേണ്ടതായിരുന്നു എന്നതാണ് അപ്പീൽവാദി മുന്നോട്ടുവച്ച തർക്കം.

5. അബ്ദുൾ മുനീർ കേസിൽ (മേൽ ഉദ്ധരിച്ചത്) റിപ്പോർട്ട് ചെയ്ത ഈ കോടതിയുടെ ബഹുമാനപ്പെട്ട ഫുൾബെഞ്ചിന്റെ വിധി റിട്ട് കോടതി തെറ്റായി മനസ്സിലാക്കി എന്നും വാദിച്ചു. സഹ ഉടമകളുടെ എണ്ണം വളരെയധികം ഉണ്ടെങ്കിൽ അത്തരം ഓരോ സഹ ഉടമയും നിർദ്ദിഷ്ട വിഭാഗത്തിലെ ബന്ധങ്ങളിലൂടെ പരസ്പരം ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട ഫുൾബെഞ്ച് പ്രത്യേകം വ്യക്തമാക്കി. കൂടാതെ മരണപ്പെട്ട കുടുംബാംഗമായ കോമുക്കുട്ടിയുടെ വസ്തു ആയതിനാലും എഗ്സിബിറ്റ് പി1 രേഖയിലെ കക്ഷികൾ അദ്ദേഹത്തിന്റെ ഭാര്യയും മക്കളുമാണെന്നതിനാൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആയതിനാലും കോമുക്കുട്ടിയുടെ പൊതുവംശപരമ്പരയിൽപ്പെട്ടവരാണ് കക്ഷികൾ എന്നതിനാലും അവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന്റെ ആനുകൂല്യത്തിന് അർഹതയുണ്ട് എന്നും ബോധിപ്പിച്ചു.

6. അപ്പീൽവാദിക്ക് വേണ്ടി വിദ്വാനായ അഭിഭാഷകൻ അബ്ദുൾ മുനീറും മറ്റൊരാളും **Vs** സബ് രജിസ്ട്രാർ, തിരൂരും മറ്റുള്ളവരും (2018(1) കെ.എച്ച്.സി 2017എന്ന കേസിലെ ഈ കോടതിയുടെ ഫുൾബെഞ്ച് തീരുമാനത്തെ അവലംബിച്ച് 1959-ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42ലെ ഉപഖണ്ഡം (എ) പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അപ്പീൽവാദി അർഹനാണ് എന്ന് ബോധിപ്പിച്ചു. ബഹു. ഫുൾബെഞ്ച് തീരുമാനം പ്രകാരം അനുച്ഛേദം 42(1) പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന്റെ യോഗ്യത കണക്കാക്കുന്നതിന് കാണേണ്ടത് എന്തെന്നാൽ ഭാഗപത്ര ഉടമ്പടിയിൽ ഏർപ്പെടുന്ന സമയം സഹ ഉടമകൾ തമ്മിലുള്ള ബന്ധമാണ്. ഓരോ സഹ ഉടമയും 1959-ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42-ന്റെ വിശദീകരണത്തിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദിഷ്ട ബന്ധങ്ങളുടെ വിഭാഗത്തിലെ ഒരാളുമായെങ്കിലും പരസ്പര ബന്ധമുണ്ടെങ്കിൽ അവർക്കിടയിലെ ഭാഗപത്ര ഉടമ്പടിക്ക് മേൽപ്പറഞ്ഞ അനുച്ഛേദത്തിലെ ഉപഖണ്ഡം (1) പ്രകാരമുള്ള കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടിക്ക് അർഹതയുണ്ട്. പൊതുവായ വംശപരമ്പരയുടെ പരിഗണനകൾ, സ്വത്തിന്റെ കൈമാറ്റം തുടങ്ങിയവയെല്ലാം ഈ ആവശ്യത്തിന് അപ്രസക്തവും 1959ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42(1)-ന്റെ ഉദ്ദേശ്യത്തിന് പ്രസക്തമാകുന്നത്, ഭാഗപത്ര ഉടമ്പടി നടപ്പിലാക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന സമയത്തുള്ള സഹ ഉടമകളുടെ ബന്ധവുമാണ്. സഹ ഉടമകൾ നിരവധി ആണെങ്കിൽ, ഓരോ സഹ ഉടമയും 1959-ലെ ആക്റ്റിന്റെ അനുച്ഛേദം 42-ന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദിഷ്ട വിഭാഗത്തിലുള്ള ബന്ധങ്ങളിലൂടെ ഒരാളുമായെങ്കിലും ബന്ധം ഉണ്ടെങ്കിൽ മാത്രമേ ഈ അനുച്ഛേദം പ്രകാരമുള്ള പ്രയോജനം ലഭിക്കുകയുള്ളൂ. എന്തായാലും ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിന് ശേഷം 2018-ലെ കേരള ധനകാര്യ ആക്റ്റിലൂടെ (1-04-2018 മുതൽ പ്രാബല്യം) അനുച്ഛേദം 42 ഭേദഗതി ചെയ്യപ്പെട്ടിട്ടു ള്ളതാണ്, ആയത് ചുവടെ പ്രതിപാദിച്ചിട്ടുണ്ട്.

7. കക്ഷികളുടെ വിദ്വാനായ അഭിഭാഷകനെ കേൾക്കുകയും ലഭ്യമായ രേഖകൾ പരിശോധിക്കുകയും ചെയ്തു.

8. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭാഗപത്ര ഉടമ്പടിയുടെ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നത് 1-04-2018 മുതൽ പ്രാബല്യത്തിൽ വരുത്തിയ 1959-ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42-ന്റെ ഭേദഗതിയിലെ നിർദ്ദേശപ്രകാരമാണ് പട്ടികയിലെ 42-ാം അനുച്ഛേദം ഇപ്രകാരമാണ്.

"42. ഭാഗപത്ര ഉടമ്പടി 2 (കെ) വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള കരണം

| | |
|---|---|
| (എ) ഭാഗം കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അല്ലെങ്കിൽ അംഗങ്ങളിൽ ചിലർ തമ്മിലോ കുടുംബത്തിലെ മരണമടഞ്ഞ അംഗത്തിന്റെ അനന്തരാവകാശികൾ തമ്മിലോ | ഓരോ 10,000 രൂപയ്ക്കും അതിന്റെ വീതത്തിനും 15 രൂപയോ പ്രമാണത്തിൽ നീക്കിവച്ചിട്ടുള്ള വസ്തുവിന്റെ ഷെയറിന്റെയോ ഷെയറുകളുടെയോ ന്യായവിലയോ മറ്റ് വസ്തുവകകളുടെ ഷെയറുകളുടെയോ മൂല്യമോ അതുമല്ലെങ്കിൽ പ്രമാണത്തിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ വസ്തുവകകളുടെ മൂല്യത്തിന്റെയോ; ഏറ്റവും കുറഞ്ഞത് 1000 രൂപ എന്നതിന് വിധേയമായി; ഏതാണോ ഉയർന്ന തുക |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | ഓരോ 100 രൂപയ്ക്കും ആറ് രൂപ അല്ലെങ്കിൽ നീക്കിവച്ച ഷെയറിന്റെയോ സ്വത്തിന്റെ ഷെയറുകളുടെയോ മൂല്യത്തിന്റെയോ അതുമല്ലെങ്കിൽ നീക്കിവച്ച വസ്തുവകകളുടെ ഷെയറിന്റെയോ ഷെയറു കളുടെയോ ന്യായവിലയോ; ഏതാണോ ഉയർന്നത്; |
| [xxxx] | NB. വസ്തുവകകൾ ഭാഗം വയ്പ്പിന് അവശേഷിക്കുന്ന ഏറ്റവും ഉയർന്ന ഭാഗം (അല്ലെങ്കിൽ തുല്യ മൂല്യമുള്ള രണ്ടോ അതിലധികമോ ഷെയറുകളുണ്ടെങ്കിൽ, മറ്റു ഷെയുറുകളേക്കാൾ ചെറുത് അല്ലെങ്കിൽ, അത്തരം തുല്യ ഷെയറുകളിൽ ഒന്ന്) മറ്റ് ഷെയറുകളിൽ നിന്ന് വേർതിരിക്കുന്നതായി കണക്കാക്കും.<br><br>എല്ലായ്പ്പോഴും അങ്ങനെയാകുന്ന പക്ഷം<br><br>(എ) വസ്തുവകകളെ പലതരത്തിൽ ഭാഗിക്കുന്നതിനുള്ള ഉടമ്പടി അടങ്ങിയ ഒരു പ്രമാണം നടപ്പിലാക്കുകയും അത്തരം ഉടമ്പടിക്ക് അനുസൃതമായി ഭാഗം നടപ്പാക്കുകയും ചെയ്യുമ്പോൾ അത്തരം ഭാഗത്തിന് കാരണമാകുന്ന പ്രമാണത്തിന് |

ഈടാക്കുന്ന തീരുവ ആദ്യത്തെ പ്രമാണത്തിന് ഈടാക്കുന്ന തീരുവക്കനുസൃതമായി കുറയ്ക്കേണ്ടതും എന്നാൽ അത് രണ്ട് രൂപ മുപ്പത് പൈസയിൽ കുറയാൻ പാടില്ലാത്തതാണ്.

(ബി) മുപ്പത് വർഷത്തിൽ കവിയാത്ത കാലയളവിൽ റവന്യൂ സെറ്റിൽമെന്റ് ഭൂമി കൈവശം വയ്ക്കുകയും അടയ്ക്കേണ്ട മുഴുവൻ നികുതിയും നൽകുകയും ചെയ്താൽ തീരുവയായി ഉദ്ദേശിക്കുന്നതിന്റെ മൂല്യം വാർഷിക റവന്യൂവിന്റെ ഇരുപത്തിയഞ്ച് ഇരട്ടിയായി കണക്കാക്കുന്നതാണ്.

(സി) ഏതെങ്കിലും റവന്യൂ അതോറിറ്റി അല്ലെങ്കിൽ ഏതെങ്കിലും സിവിൽ കോടതി പാസ്സാക്കിയ ഒരു ഭാഗം വയ്പ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള അന്തിമ ഉത്തരവ് അല്ലെങ്കിൽ ഒരു മദ്ധ്യസ്ഥൻ ഭാഗിക്കുന്നതിനായി നിർദ്ദേശിച്ച ഒരു അവാർഡ് എന്നിവയിൽ വിഭജനത്തിനുള്ള പ്രമാണത്തിനാവശ്യമായ സ്റ്റാമ്പ് പതിക്കേണ്ടതും ആ ഉത്തരവ്/ അവാർഡിനനുസൃതമായി അവ നടപ്പിൽ വരുത്തുകയാണെങ്കിൽ ആ പ്രമാണത്തിനുള്ള തീരുവ രണ്ടു രൂപ മുപ്പത് പൈസയിൽ കവിയാൻ പാടില്ലാത്തതുമാണ്.

9. 09/04/2018 മുതൽ പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം 1959-ലെ ആക്റ്റിലെ 2 (എഫ്ബി) വകുപ്പ് പ്രകാരം "കുടുംബം" ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു: "(എഫ്ബി) "കുടുംബം" എന്നാൽ പിതാവ്, മാതാവ്, പിതാവിന്റെയോ മാതാവിന്റെയോ പിതാവ്, പിതാവിന്റെയോ മാതാവിന്റെയോ മാതാവ്, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നർത്ഥമാക്കുന്നു.".

10. ആയതിനാൽ, 1959ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42-ന്റെ ഒപ്പം 2 (എഫ്ബി) വകുപ്പിലെ കുടുംബത്തിന്റെ നിർവ്വചനം വിശകലനം നടത്തുമ്പോൾ അതിൽ വ്യക്തമാക്കിയിട്ടുള്ള വ്യക്തികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് സ്പഷ്ടവും വ്യക്തവുമാണ്. അപ്പീൽവാദിയും കോമുക്കുട്ടിയുടെ മറ്റു മക്കളും കോമുക്കുട്ടിക്ക് രണ്ട് ഭാര്യമാരുമായുണ്ടായ ദാമ്പത്യത്തിൽ ജനിച്ചവരാണെന്ന വസ്തുത മനസ്സിൽ കരുതിക്കൊണ്ട് കോമുക്കുട്ടിയുടെ പൊതുവംശപരമ്പരയിൽപ്പെട്ടതാകുന്നതും അവർ ഒരു കുടുംബത്തിൽപ്പെട്ട അയാളുടെ മകനും മകളും ആണെന്നും

കുടുംബത്തിന്റെ രണ്ട് വ്യത്യസ്ത ശാഖകളിൽ പെട്ടവർ അല്ലാത്തതുമാണ്. മാത്രവുമല്ല 1959-ലെ ആക്റ്റിന്റെ വകുപ്പ് 2 (എഫ്ബി)യിൽ നൽകിയിട്ടുള്ള നിർവ്വചനത്തിൽ നിന്നും ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നിവരും ഇതിൽപ്പെടുന്നു എന്നത് സ്പഷ്ടവും വ്യക്തവുമാണ്.

11. എന്നിരുന്നാലും 1959-ലെ ആക്റ്റിന്റെ ഷെഡ്യൂളിലെ അനുച്ഛേദം 42-ൽ വരുത്തിയിട്ടുള്ള മേൽപ്പറഞ്ഞ ഭേദഗതികളും, വിശദീകരണം ഒഴിവാക്കിയതും 1959-ലെ ആക്റ്റിൽ കുടുംബത്തിന്റെ നിർവ്വചനം ഉൾപ്പെടുത്തിയതും വിദ്വാനായ സിംഗിൾ ജഡ്ജിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ലാത്തതിനാൽ അത് മൊത്തത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുള്ളതാണ്. മുകളിൽ സൂചിപ്പിച്ച ഭേദഗതികളുടെ വെളിച്ചത്തിൽ വിദ്വാനായ സിംഗിൾ ജഡ്ജി ആശ്രയിച്ച മുകളിൽ പരാമർശിച്ച വിധിന്യായങ്ങൾക്ക് പ്രസക്തി ഇല്ലാതാകുന്നതാണ്. അപ്പീൽവാദിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് അർഹതയില്ലെന്ന നിഗമനത്തിലെത്താൻ വിദ്വാനായ സിംഗിൾ ജഡ്ജി ഡബ്ല്യു.പി (സി) നം. 6485/2018 വിധിന്യായത്തെ ആശ്രയിച്ചിരിക്കുന്നു. എന്നിരുന്നാലും മേൽപ്പറഞ്ഞ റിട്ട് ഹർജിയിലെ വിധിന്യായം ഭേദഗതിക്കു മുൻപുള്ള 1959-ലെ ആക്റ്റിന്റെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി വിദ്വാനായ സിംഗിൾ ജഡ്ജി നടത്തിയ കണ്ടെത്തലുകൾക്ക് പ്രസക്തി ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് 1959-ലെ ആക്റ്റിന്റെ 2 (എഫ്ബി) വകുപ്പ് പ്രകാരം കോമുക്കുട്ടിയുടെ ഭാര്യയും മക്കളും കോമുക്കുട്ടിയുടെ കുടുംബാംഗങ്ങൾ ആണ് എന്നത് കണക്കിലെടുക്കുമ്പോൾ അവർക്ക് 1959-ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42(എ) പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ആനുകൂല്യത്തിന് അർഹരാണ്.

12. മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ, വിദ്വാനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ ഇടപെടൽ ആവശ്യമാണെന്നും അതുകൊണ്ട് ചോദ്യംചെയ്യപ്പെട്ട വിധിന്യായം റദ്ദ് ചെയ്യേണ്ടതാണെന്നും ഞങ്ങൾ കരുതുന്നു. തന്മൂലം എതിർകക്ഷിയായ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കോടക്കൽ. പി.ഓ സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാർക്ക് പരേതനായ കോമുക്കുട്ടിയുടെ ഭാര്യയും മക്കളും എഗ്സിബിറ്റ് പി1 ഭാഗപത്ര ഉടമ്പടിയുടെ അസ്സൽ ഹാജരാക്കുന്ന മുറയ്ക്ക്, 1959-ലെ ആക്റ്റിന്റെ പട്ടികയിലെ അനുച്ഛേദം 42 (എ) യിൽ നിർദ്ദേശിച്ചിട്ടുള്ള കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കി രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു.

റിട്ട് അപ്പീൽ അനുവദിച്ചു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താക്

ഡബ്ല്യൂ.പി (സി) നം. 34034/2014)

**ജോണി**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള**

2020 ജൂലൈ 29-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1964-ലെ ഭൂപരിഷ്കരണ നിയമംഏത് പൊതു ആവശ്യത്തിനും ഭൂമി പതിച്ചു നൽകുവാൻ സർക്കാരിന് തീരുമാനിക്കാം. 96(1A) വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള വിശേഷ അധികാരം വിനിയോഗിച്ചു സർക്കാരിനെ പൊതു ആവശ്യം ചൂണ്ടിക്കാട്ടി ഭൂമി അനുവദിക്കുന്നതിന് പ്രാപ്തമാക്കുന്നു.

**വിധിന്യായം**

**ജസ്റ്റിസ് എ. മുഹമ്മദ് മുസ്താക്**

ചുവടെയുള്ള പരിഹാരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തത്.

(I) പോലീസ് വകുപ്പിന്റെ 14-05-1987-ലെ ജി.ഒ (ആർ.റ്റി) നം. 747/1987 ഉത്തരവും, തൃശ്ശൂർ ജില്ലാ കളക്ടറുടെ 21-07-1987-ലെ നം. ബി5-46329/87 ഉത്തരവുകളിലേക്ക് നയിച്ച രേഖകൾ വിളിച്ചുവരുത്തി, അവ റദ്ദാക്കുന്നതിന് വേണ്ടി സെർഷ്യറി റിട്ടോ മറ്റേതെങ്കിലും റിട്ടോ, ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

(ii) അഞ്ചാം എതിർകക്ഷിയായ തൃശ്ശൂർ ജില്ലാ കളക്ടറോട് 14051987 തീയതിയിലെ ജി.ഒ (ആർ.റ്റി) നം. 747/1987 ഉത്തരവ്, 21-07-1987ലെ ബി546329/87 നം. ഉത്തരവ് എന്നിവ ഹാജരാക്കുവാൻ മാൻഡമസ് റിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും അനുയോജ്യമായ റിട്ടോ, ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

(iii) പോലീസ് വകുപ്പിന് ഭൂമി പതിച്ചുനൽകിയ ജില്ലാ കളക്ടറുടെ നടപടി ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 96(1) (ii) (a)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ തുടക്കം മുതൽ അസാധുവാണ് എന്ന് പ്രഖ്യാപിക്കുക.

(iv) കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ബഹു. കോടതിക്ക്

ഉചിതമെന്ന് തോന്നുന്ന അനുയോജ്യമായ റിട്ടോ, ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

(v) ചെലവ് വിധിക്കുക.

2. പോലീസ് വകുപ്പിന് സർക്കാർ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് വിഷയം.1963-ലെ കേരള ഭൂപരിഷ്കരണ നിയമ (ചുരുക്കത്തിൽ ആക്റ്റ്) പ്രകാരം ആരംഭിച്ച പരിധി നടപടികൾക്ക് അനുസൃതമായി സറണ്ടർ ചെയ്ത ഒരു ഭൂമിയാണ് ഈ ഭൂമി എന്നത് അംഗീകരിക്കുന്നു. ഹർജിക്കാരന്റെ പിതാവ് പഡിക്കാല അന്തപ്പൻ ആയിരുന്നു പ്രഖ്യാപനം ചെയ്തയാൾ. ഹർജിക്കാരൻ പറയുന്നതനുസരിച്ച് പരിധി നിശ്ചയിച്ചതിനുശേഷം ആക്റ്റ് പ്രകാരം സറണ്ടർ ചെയ്ത ഭൂമി ആക്റ്റിന്റെ 96-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നാണ്.

3. കേസിന്റെ യോഗ്യതയിലേക്ക് കടക്കുന്നതിനു മുമ്പ് കേസ് തീർപ്പാക്കുന്ന തിനാവശ്യമായ ചില വസ്തുതാപരമായ കാര്യങ്ങൾ പരിശോധിക്കുന്നത് ഉചിതമാണ്. തർക്കവിഷയമായ ഭൂമി തനിക്ക് തന്റെ പിതാവ് ഇഷ്ടദാനം നൽകിയതെന്ന് പരാതിക്കാരന് കേസുണ്ട്. ആക്റ്റിന്റെ വകുപ്പ് 85(8) പ്രകാരം ഒരു ക്ലെയിം താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ ഹർജിക്കാരൻ ഫയൽ ചെയ്തിട്ടുണ്ട്. ഇത് പരിഗണിക്കപ്പെട്ടില്ല. വിഷയം ഈ കോടതി മുമ്പാകെ WP(c) No. 26923/2004 ആയി പരിഗണിച്ചു. അപേക്ഷകൻ സമർപ്പിച്ച റിവിഷൻ ഹർജിക്കൊപ്പം ഈ വിഷയം കേട്ടു. ഈ കോടതി രണ്ട് കേസുകളും 14-07-2010-ലെ പൊതുവിധിപ്രകാരം തീർപ്പാക്കി.

4. നിയമത്തിലെ 96-ാം വകുപ്പ് ലംഘിച്ചാണ് ഭൂമി അനുവദിച്ചത് എന്ന് ഹർജിക്കാരൻ വാദിച്ചിരുന്നു. വാദം പരാമർശിച്ചശേഷം, ഭൂമി പുന:സ്ഥാപിച്ചു കിട്ടാൻ ഹർജിക്കാരന് അർഹതയുണ്ടോ ഇല്ലയോ എന്ന് പരിഗണിക്കാൻ താലൂക്ക് ലാന്റ് ബോർഡിന് ഈ കോടതി നിർദ്ദേശം നൽകി. 7-12-2010-ലെ ഉത്തരവിൽ താലൂക്ക് ലാന്റ് ബോർഡ് ഹർജിക്കാരന്റെ ആവശ്യം നിരസിച്ചു. ഹർജിക്കാരൻ CRP No. 112/2011 ആയി ടി വിഷയം ഈ കോടതി മുമ്പാകെ കൊണ്ടുവന്നു. ഈ കോടതി താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവ് സ്ഥിരീകരിച്ചു. അതായത് പുന:സ്ഥാപിക്കാനുള്ള അപേക്ഷകന്റെ അവകാശവാദം നിരാകരിച്ചു. അതിനുശേഷം ഹർജിക്കാരൻ ഈ കോടതി മുമ്പാകെ പുന:പരിശോധനാ ഹർജി (റിവ്യൂ പെറ്റീഷൻ) സമർപ്പിച്ചു. പോലീസ് വകുപ്പിന് ഭൂമി അനുവദിക്കുന്നത് ഈ കോടതി പരിഗണിച്ചിരുന്നില്ല. പോലീസ് വകുപ്പിന് ഭൂമി അനുവദിച്ച ഉത്തരവിന് എതിരെ ഉന്നയിച്ച തർക്കവുമായി ബന്ധപ്പെട്ട മെറിറ്റുകളിൽ ഒരു പ്രഖ്യാപനവും ഇല്ലെന്ന് ചൂണ്ടിക്കാട്ടി 21-11-2014-ന് ഈ കോടതി പുന:പരിശോധനാ ഹർജി തീർപ്പാക്കി. ഇങ്ങനെയാണ് പോലീസ് വകുപ്പിന് ഭൂമി അനുവദിച്ചതിനെ ചോദ്യംചെയ്ത് ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചത്.

5. 14-5-1987-ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) നം. 747/1987 അനുസരിച്ചുള്ളതാണ് അലോട്ട്മെന്റ് ഉത്തരവ്. സ്ഥലം അനുവദിച്ചതിന്റെ തൽഫലമായി ജില്ലാ കളക്ടർ ചില ഉത്തരവുകൾ പുറപ്പെടുവിച്ചു. ഈ ഉത്തരവുകൾ ഈ കോടതി മുമ്പാകെ ലഭ്യമാക്കിയിട്ടില്ല. ഈ ഫയലുകളും ഉത്തരവുകളും നഷ്ടപ്പെട്ടതായി കാണുന്നു. പോലീസ് വകുപ്പിന് സ്ഥലം അനുവദിച്ചുവെന്നതാണ് നിലവിലെ വസ്തുത. ഈ പശ്ചാത്തലത്തിലാണ് ഈ റിട്ട് ഹർജിയിലെ ചോദ്യം പരിശോധിക്കേണ്ടത്. ലാന്റ് ബോർഡ് ഭൂമി അനുവദിക്കുന്നതിനെ ആക്റ്റിന്റെ 96-ാം വകുപ്പിൽ പ്രതിപാദിക്കുന്നു. പ്രസ്തുത വകുപ്പ് ഇപ്രകാരമാണ്:

96. ലാൻഡ് ബോർഡ് ഭൂമി പതിച്ചു കൊടുക്കൽ. (1) ലാൻഡ് ബോർഡ് നിർണ്ണയിക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 86-ാം വകുപ്പോ 87-ാം വകുപ്പോ പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയ ഭൂമി താഴെപ്പറയുന്ന പ്രകാരം രജിസ്റ്റർ ചെയ്ത് പതിച്ചുകൊടുക്കേണ്ടതാണ്.

(i) കുടികിടപ്പുകാർ ഉള്ള ഭൂമികൾ അപ്രകാരമുള്ള കുടികിടപ്പുകാർക്ക് പതിച്ചുകൊടുക്കേണ്ടതാണ്.

(ii) ബാക്കിയുള്ള ഭൂമി

(a) ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും.

(b) ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്തവരായ മറ്റ് ജന്മികൾക്കും പതിച്ച് കൊടുക്കേണ്ടതാകുന്നു.

എന്നാൽ ഒരു താലൂക്കിൽ പതിച്ചു കൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള (ii)-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ എൺപത്തിയേഴര ശതമാനം ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കേണ്ടതും, അതിൽ ഒന്നുപകുതി പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് ഈ ആവശ്യത്തിലേക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലും പെട്ട ഭൂരഹിതരായ കർഷക ത്തൊഴിലാളികൾക്കും പതിച്ച് കൊടുക്കേണ്ടതുമാകുന്നു.

വിശദീകരണം.- ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്.-

(a) കുടികിടപ്പുകാരന് അഥവാ കുടിയിരിപ്പിലെ കുടിയാന് മറ്റു യാതൊരു ഭൂമിയും കൈവശമില്ലാത്തപക്ഷം അയാളെ ഭൂരഹിതനായ കർഷകത്തൊഴിലാളിയായി കരുതേണ്ടതാണ്.

(b) കുടികിടപ്പുകാരൻ എന്നതിൽ വകുപ്പ് 80ഇ യുടെ (2)ാം ഉപവകുപ്പിൻകീഴിൽ കുടികിടപ്പുകാരനായിരുന്ന ഏതു വ്യക്തിയ്ക്കാണോ ഒരു ക്രയസർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് ആ വ്യക്തി കൂടി ഉൾപ്പെടുന്നു.

(1A) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ലാൻഡ് ബോർഡ് 86-ാം വകുപ്പോ അഥവാ 87-ാം വകുപ്പോ പ്രകാരം, ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ഭൂമി ഏതെങ്കിലും പൊതു ആവശ്യത്തിന് ആവശ്യമാണെന്ന് കരുതുകയാണെങ്കിൽ അപ്രകാരമുള്ള ഭൂമി അപ്രകാരമുള്ള ആവശ്യത്തിനുവേണ്ടി റിസർവ് ചെയ്യാവുന്നതാകുന്നു.

(2) ഒരേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമി ലാൻഡ് ബോർഡ് യാതൊരാൾക്കും പതിച്ചു കൊടുക്കാൻ പാടില്ലാത്തതാകുന്നു.

(3) ഒരാൾക്ക് വല്ല ഭൂമിയും കൈവശമുള്ളപക്ഷം, അയാളുടെ കൈവശമുള്ള ഭൂമിയുടെ

വിസ്തീർണ്ണം ഒരേക്കർ ആയിരിക്കത്തക്കവണ്ണം വേണ്ട ഭൂമി മാത്രമെ പതിച്ചുകൊടുക്കുവാൻ പാടുള്ളു.

6. പരിധിയുടെ വ്യാപ്തി നിർണ്ണയിക്കുമ്പോൾ, അധിക ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശവും സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. അതിനുശേഷം ഈ ഭൂമി സർക്കാരിന് പൂർണ്ണമായും നിക്ഷിപ്തമാകും (നിയമത്തിലെ 86, 87 വകുപ്പുകൾ കാണുക) അങ്ങനെ സർക്കാർ ഭൂമിയുടെ ഉടമയായി മാറും. സർക്കാരിൽ നിക്ഷിപ്തമായ അധിക ഭൂമി ലാന്റ് ബോർഡിന് നിയമത്തിലെ 96-ാം വകുപ്പിൻകീഴിൽ സൂചിപ്പിച്ചിരിക്കുന്ന ആവശ്യത്തിനായി പതിച്ചുനൽകാൻ കഴിയും. അവിടെ പരാമർശിച്ചിട്ടുള്ള നിയന്ത്രിത വിഭാഗം വ്യക്തികൾക്ക് ഈ പതിവ് പരിമിതപ്പെടുത്തിയിരിക്കുന്നു. കുടികിടപ്പുകാർ ഉൾപ്പെടുന്ന ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭൂമി പതിച്ചുനൽകാവുന്നതാണ്. ഭൂമി പതിവിന്റെ പ്രധാന ലക്ഷ്യം ഭൂരഹിതർക്ക് ഭൂമി നൽകുക, കാർഷിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ്. ലാന്റ് ബോർഡിന് അതിൽ പരാമർശിച്ചതല്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഭൂമി നൽകാനാവില്ല.

7. സർക്കാരിന് 96(1A) വകുപ്പ് പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിനായി ഭൂമി മാറ്റിവയ്ക്കാൻ അധികാരമുണ്ട്. അതിനാൽ ഏതൊരു പൊതു ആവശ്യത്തിനും ഭൂമി പതിച്ചു നൽകുന്നത് തീരുമാനിക്കേണ്ടത് സർക്കാർ ആണ് എന്നത് വ്യക്തമാണ്. 96(1A) വകുപ്പ് പ്രകാരം സർക്കാരിന് നൽകിയിട്ടുള്ള ഈ പ്രത്യേക അധികാരം പൊതു ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി ഭൂമി അനുവദിക്കുന്നതിന് സർക്കാരിനെ പ്രാപ്തമാക്കും. ഈ കേസിൽ പോലീസ് ക്വാർട്ടേഴ്സുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ഭൂമി അനുവദിച്ചിട്ടുള്ളതായി കാണുന്നു. അതിൽ പൊതു ആവശ്യം ഇല്ല എന്ന കാരണത്താൽ അതിനെ ചോദ്യംചെയ്യാൻ കഴിയില്ല. ഒരു സർക്കാർ താല്പര്യം സംരക്ഷിക്കപ്പെടുമ്പോൾ അത് സ്വയം ഒരു പൊതു ആവശ്യം ആയി മാറുന്നു.

8. കേസിന്റെ മെരിറ്റ് കൂടാതെ ടി ഹർജിക്കാരന് പോലീസ് ക്വാർട്ടേഴ്സിന് ഭൂമി അനുവദിച്ചത് ചോദ്യം ചെയ്യാൻ കഴിയില്ല. ആക്റ്റിന്റെ 85(8) വകുപ്പിൻകീഴിലെ അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി അനുവദിച്ചത് ചോദ്യംചെയ്യാനുള്ള ഹർജിക്കാരന്റെ അവകാശത്തെ സംബന്ധിച്ചിടത്തോളം കോടതി ടിയാന്റെ അവകാശം നിരസിച്ച് ഉത്തരവായതോടുകൂടി അത് അവസാനിച്ചിട്ടുള്ളതാണ്. അതുകൊണ്ട്, ആ നിമിഷം മുതൽ ഭൂമി അനുവദിച്ചത് ചോദ്യം ചെയ്യാനുള്ള ഹർജിക്കാരന്റെ അവകാശം അവസാനിച്ചു. ഭൂമി അനുവദിച്ചത് ചോദ്യംചെയ്യാനുള്ള ഹർജിക്കാരന്റെ അവകാശം 85(8)വകുപ്പ് പ്രകാരം അവകാശം തീരുമാനിക്കുന്നത് വരെയാണ് ലഭ്യമായിരുന്നത്. ഒരിക്കൽ ആ തീരുമാനം എടുക്കുകയും നിരസിക്കുകയും ചെയ്താൽ ഹർജിക്കാരന് പിന്നീട് ഭൂമി അനുവദിച്ചത് ചോദ്യംചെയ്യാൻ ഒരു അവകാശവും ശേഷിക്കുന്നില്ല. 96-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള അവകാശം ഉന്നയിക്കാൻ തക്ക ഏതെങ്കിലും പ്രബലമായ ഗുണഭോക്താവ് ആയി ഹർജികക്ഷിയെ കണക്കാക്കാൻ കഴിയില്ല. ഒരു സ്വകാര്യ താല്പര്യ ഹർജിയിൽ, 96-ാം വകുപ്പിൻകീഴിലുള്ള നേട്ടങ്ങൾക്ക് ഗുണഭോക്താക്കൾക്ക് അർഹത ഉണ്ട് എന്ന കാരണം പരിഗണിക്കുമ്പോൾ ഹർജികക്ഷിയെ ഒരു പൊതുതാല്പര്യ ഹർജിക്കാരനായി സ്വീകരിക്കാൻ കഴിയില്ല.

മുകളിലെ ചർച്ചയുടെ വെളിച്ചത്തിൽ റിട്ട് ഹർജി തള്ളേണ്ടത് മാത്രമാണ്. അതനുസരിച്ച് നിരസിക്കപ്പെടുന്നു.



GPM 5/93/2021 - 10

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് അലക്സാർ തോമസ്

**ഗീത മനോഹരൻ**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള**

ക്രിമിനൽ പലവക കേസ് (Crl. M.C) നം. 6493/2019

2019 നവംബർ 7-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഇന്ത്യൻ ശിക്ഷാനിയമം വകുപ്പ് 95 & 319-ഒരു അദ്ധ്യാപകൻ വിദ്യാഭ്യാസം നൽകുന്നതിനിടെ ഒരു വിദ്യാർത്ഥിയെ അച്ചടക്ക പരിപാലനത്തിനായി ഉത്തമ ബോധ്യത്തോടെ അടിച്ചാൽ അപ്പോൾ അത് ലോക്കോ പാരന്റിസ് എന്ന സാധാരണ പൊതു നിയമ തത്വത്തിലൂടെ അദ്ധ്യാപകന് മാതാപിതാക്കളിൽ നിന്നും വിദ്യാർത്ഥിയെ അച്ചടക്കം ശീലിപ്പിക്കാൻ പരോക്ഷമായ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനാൽ ഇന്ത്യൻ ശിക്ഷാനിയമ പ്രകാരം ആ അദ്ധ്യാപകൻ ഒരു കുറ്റകൃത്യം ചെയ്തു എന്ന് പറയാൻ കഴിയില്ല.

**വിധിന്യായം**

**ജസ്റ്റിസ് അലക്സാർ തോമസ്**

1. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലെ ഐ.പി.സി 323-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് തൽക്ഷണ ക്രൈം നമ്പർ 832/2019 ആയി രജിസ്റ്റർ ചെയ്ത ഈ കേസിലെ ഏക പ്രതിയാണ് ഇവിടത്തെ ഹർജിക്കാരൻ. ഈ കേസിലെ വസ്തുത കൊണ്ടുള്ള പരാതിക്കാരിയായ ഇവിടുത്തെ മൂന്നാം എതിർകക്ഷി, ഹർജികക്ഷി പ്രിൻസിപ്പാൾ ആയി ജോലിചെയ്യുന്ന കോളേജിൽ എം.കോം രണ്ടാം വർഷ വിദ്യാർത്ഥിനി ആണ്. 3-7-2019-ൽ കണ്ണൂർ ടൗൺ പോലീസ് മുമ്പാകെ മൂന്നാം എതിർകക്ഷി എം.കോംന് പഠിക്കുന്ന ചിൻമയ മിഷൻ കോളേജ്, തലാപ്, കണ്ണൂരിലെ കോമേഴ്സ് വകുപ്പ് മേധാവിയായ ഇവിടുത്തെ ഹർജികക്ഷി മറ്റ് നിരവധി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ ശബ്ദമുയർത്തി ഇനിപറയുന്ന വാക്കുകൾ ആക്രോശിച്ചു എന്ന് മൊഴി നൽകി.

''നിങ്ങളെ ചോദ്യം ചെയ്യാൻ എനിക്ക് അവകാശമില്ലേ. ഞാൻ നിങ്ങളുടെ അദ്ധ്യാപികയല്ലേ. സീമ എന്തിനാ എന്തെങ്കിലും ചോദിക്കുന്നത്.''

തുടർന്ന് ഹർജികക്ഷി മൂന്നാം എതിർകക്ഷിയെ ലൈബ്രറിയിലേക്ക് കൊണ്ടുപോയി എന്നും ലൈബ്രേറിയൻ സീമയുടെ സാന്നിധ്യത്തിൽ സീമയോട് ആക്രോശിച്ചു എന്നുമാണ്. മൂന്നാം എതിർകക്ഷി പറയുന്നതനുസരിച്ച് അവൾക്ക് മാനസിക വേദന അനുഭവിക്കപ്പെട്ടതിനെ തുടർന്ന് സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഒരു ഡോക്ടർ പരിശോധിക്കുകയും ചെയ്തു. തുടർന്ന് രണ്ടാം എതിർകക്ഷിയായ ടൗൺ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഐ.പി.സി 323-ാം വകുപ്പ് പ്രകാരം ആരോപിക്കപ്പെട്ട കുറ്റം, കോഗ്നൈസബിൾ കുറ്റം ആയതിനാൽ ക്രിമിനൽ നടപടി നിയമസംഹിതയിലെ 155(2) വകുപ്പ് പ്രകാരം കുറ്റം രജിസ്റ്റർ ചെയ്യുന്നതിന് അനുവാദം തേടി കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചു. മജിസ്ട്രേറ്റ് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഐ.പി.സി 323-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന, ചോദ്യംചെയ്യപ്പെട്ട അനുബന്ധം 3 ക്രൈം നമ്പർ 832/2019 എസ്.എച്ച്.ഒ രജിസ്റ്റർ ചെയ്യുകയും ഹർജികക്ഷിയെ പ്രസ്തുത കുറ്റത്തിലെ ഏക കുറ്റാരോപിതയായി ചേർക്കുകയും ചെയ്തു.

2. കുറ്റാരോപിതയായ ഹർജികക്ഷിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്നെയും ഒന്നും രണ്ടും എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ പ്രോസിക്യൂട്ടർ ശ്രീ. ഇ.സി. ബിനീഷിനെയും കേട്ടു. മൂന്നാം എതിർകക്ഷിക്ക് കൃത്യസമയത്ത് സ്പെഷ്യൽ മെസ്സഞ്ചർ (പ്രത്യേക സന്ദേശവാഹകൻ) മുഖേന നോട്ടീസ് നൽകിയെങ്കിലും ടി കക്ഷിക്ക് വേണ്ടി ഹാജരുണ്ടായില്ല.

3. മൂന്നാം എതിർകക്ഷി എസ്.എച്ച്.ഒ മുമ്പാകെ സമർപ്പിച്ചതും പിന്നീട് ക്രൈം രജിസ്റ്റർ ചെയ്യുന്നതിലേക്ക് നയിച്ചതുമായ അനുബന്ധം-1 അപേക്ഷയിൽ ഉയർത്തിയിട്ടുള്ളതുമായ പ്രധാന ആരോപണങ്ങൾ താഴെ ചേർക്കുന്നതാണ്.

"ഞാൻ അവിടെ എത്തിയപ്പോൾ ഗീതാ മേം എന്നോട് ആക്രോശിച്ചുകൊണ്ട് നിന്നെ ചോദ്യംചെയ്യാനുള്ള അവകാശമില്ലേ , ഞാൻ നിന്റെ ട്യൂട്ടറല്ലേ ,സീമക്ക് തന്നോട് ചോദിക്കേണ്ട ആവശ്യമെന്താ എന്നൊക്കെ പറഞ്ഞു ആക്രോശിച്ചു........"

ഹർജികക്ഷി ഒരു രീതിയിലും ശാരീരികമായി 3-ാം എതിർകക്ഷിയെ വേദനിപ്പിച്ചില്ല എന്ന ഒരു ആരോപണങ്ങളും അതിൽ ഇല്ല എന്നത് അംഗീകരിക്കുന്നു.

4. ഐ.പി.സി യുടെ 319-ാം വകുപ്പ് ദേഹോപദ്രവത്തെപ്പറ്റി ഇപ്രകാരം നിർവ്വചിക്കുന്നു:

"319-ാം വകുപ്പ്: ഏതെങ്കിലും ഒരാൾക്ക് ശാരീരികമായ വേദനയോ, രോഗമോ, ദൗർബല്യമോ ഉളവാക്കുന്ന ഏതൊരാളും ദേഹോപദ്രവം ഏൽപ്പിക്കുന്നതായി പറയപ്പെടുന്നു.

ഐ.പി.സി യുടെ 95-ാം വകുപ്പ് നിസ്സാരമായ ഉപദ്രവത്തെ ഉണ്ടാക്കുന്ന പ്രവൃത്തിയെ പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്.

95-ാം വകുപ്പ്: നിസ്സാരമായ ഉപദ്രവത്തെ ഉണ്ടാക്കുന്ന പ്രവൃത്തി:- സാധാരണ വിവേകവും സ്വഭാവരീതികളും ഉള്ള ഒരു വ്യക്തിയാൽ അത് ഒരു ഉപദ്രവം ആണെന്ന് ഒരു പരാതി പറയത്തക്കവിധത്തിൽ അല്ലാതെ, അത്ര നിസ്സാരമായ ഉപദ്രവത്തെ ഉണ്ടാക്കുന്നതോ അല്ലെങ്കിൽ ഉണ്ടാക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടതോ അല്ലെങ്കിൽ ഉണ്ടാക്കാൻ ഇടയാകുമെന്ന് അറിഞ്ഞിരുന്നതോആയ പ്രവൃത്തി ആ കാരണം കൊണ്ട് ഒരു കുറ്റമാകുന്നതല്ല.

5. അനുബന്ധം 1 ൽ ഉന്നയിച്ചിട്ടുള്ള മുകളിൽ പറഞ്ഞ ആരോപണങ്ങൾ ഐ.പി.സി യുടെ 319-ാം വകുപ്പ് ഉൾക്കൊണ്ടിട്ടുള്ള "ദേഹോപദ്രവം" എന്നതിന്റെ നിർവ്വചനത്തെ രൂപവൽക്കരിക്കുന്ന പ്രധാന ഘടകങ്ങൾ ആണ് എന്ന് പറയാൻ കഴിയില്ല എന്നതിൽ തർക്കമില്ല. എന്തെങ്കിലും ചെറിയ ദോഷം ഉണ്ടായി എന്ന് കരുതിയാൽ പോലും ഹർജികക്ഷി 3-ാം എതിർകക്ഷിയുടെ അദ്ധ്യാപികയാണ് എന്നത് മനസ്സിൽ വയ്ക്കേണ്ടതും ഇത് ഐ.പി.സി യുടെ 95-ാം വകുപ്പിൽ നിയമനിർമ്മാണ സഭ പ്രത്യേകം കരുതൽ നൽകിയിട്ടുള്ളത് എന്തെന്നാൽ എന്തെങ്കിലും ദ്രോഹം കാരണമാകുകയോ കാരണമാകാൻ ഉദ്ദേശിക്കുകയോ കാരണമാകുമെന്ന് അറിവുണ്ടാവുകയോ ആ ദ്രോഹം വളരെ നേരിയതും ഒരു മനുഷ്യൻ സാധാരണ ബോധത്തിലും മനോഭാവത്തിലും ആ ദ്രോഹത്തിൽ പരാതിപ്പെടുകയു മില്ലായെങ്കിൽ അത് കുറ്റകൃത്യത്തിന് കാരണമാകുന്നില്ല എന്നുമാണ്.

6. പരമോന്നത കോടതി, ഇപ്പോൾ വീഡ മെനസെസ **Vs** യൂസഫ്ഖാൻ ഹാജി ഇബ്രാഹിം ഖാനും മറ്റൊരാളും (AIR 1996 എസ് സി 1773=1996 കെഎച്ച്സി 702) ലേതുപോലെ ധാരാളം ഉത്തരവുകളിലൂടെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള തീർപ്പുകൾ പ്രകാരം ഒരു പ്രവൃത്തി ദോഷത്തിന് കാരണമാകുന്നതോ അല്ലെങ്കിൽ ദോഷമുണ്ടാക്കാൻ ഉദ്ദേശിച്ചുള്ളതോ അതുമല്ലെങ്കിൽ ദോഷത്തിന് കാരണമാകും എന്ന് അറിവുള്ളതോ എന്നാൽ ആ ദോഷം നേരിയ രീതിയിൽ ഉള്ളതും ഒരു വ്യക്തിയും സാധാരണ ബോധത്തിലും മനോഭാവത്തിലും ആ ദോഷത്തിൽ പരാതിപ്പെടുക യുമില്ലായെങ്കിൽ ഐപിസി യുടെ 95-ാം വകുപ്പ് പ്രായോഗികമാകുന്നു എന്ന് തീർച്ചപ്പെടുത്തിയിട്ടുള്ളതാണ്. ഇതു കൂടാതെ അബ്ദുൾ വാഹിദ് **Vs** സ്റ്റേറ്റ് ഓഫ് കേരള (2005(2) കെഎൽറ്റി 72) എം. നടേശൻ Vs സ്റ്റേറ്റ് ഓഫ് മദ്രാസ് (1962 കെഎൽറ്റി ഓൺലൈൻ 1148 (മദ്രാ)=ഐഎആർ 1962 മദ്രാ 216) ഗണേഷ് ചന്ദ്ര സാഹ **Vs** ജീവ് രാജ് സോമാനി (ഐഎആർ 1965 IÂ. 32) രാജൻ @ രാജു Vs സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (2019 (1) കെഎൽറ്റി 119) മുതലായവയിൽ പോലെ ധാരാളം വിധിന്യായങ്ങളി ലൂടെയും ഇത് വളരെ നന്നായി സ്ഥിരീകരിച്ചിട്ടുള്ളതാണ്, അതായത്

ഒരു അദ്ധ്യാപകൻ വിദ്യാഭ്യാസം നൽകുന്നതിനിടെ ഒരു വിദ്യാർത്ഥിയെ അച്ചടക്ക പരിപാലന ഭാഗമായി ആത്മാർത്ഥമായി അടിച്ചാൽ അത് അദ്ധ്യാപകന്, വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി അച്ചടക്കം ശീലിപ്പിക്കുവാൻ, മാതാപിതാക്കളിൽ നിന്നും പരോക്ഷമായ അനുമതി ലഭിച്ചു എന്ന "ലോക്കോ പാരന്റിസ്" എന്ന സാധാരണ നിയമതത്വത്തിലൂടെ, അംഗീകരിച്ചിട്ടുള്ളതിനാൽ ഇത്തരം കാര്യങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം ആ അദ്ധ്യാപകൻ ഒരു കുറ്റ കൃത്യം ചെയ്തു എന്ന് പറയാൻ സാധിക്കില്ല. തീർച്ചയായും അത്തരം കാര്യങ്ങൾ പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളുകളിൽ കൂടുതൽ പ്രസക്തമാകാം. നിലവിലെ കേസിൽ കോളേജിലെ വകുപ്പ് മേധാവിയായ ഹർജികക്ഷി അവിടെ കൊമേഴ്സ് ബിരുദാനന്തര ബിരുദം രണ്ടാം വർഷം പഠിക്കുന്ന മൂന്നാം

എതിർകക്ഷിയെ മറ്റു കുട്ടികളുടെയും അദ്ധ്യാപകരുടെയും മുന്നിൽ വച്ച് ശബ്ദമുയർത്തി വഴക്കു പറഞ്ഞു എന്നതല്ലാതെ ഹർജികക്ഷി മൂന്നാം എതിർകക്ഷിയെ നേരിയ ശാരീരിക ഉപദ്രവം പോലും ഏൽപ്പിച്ചു എന്ന് ഒരു ആരോപണവും ഇല്ല. മൂന്നാം എതിർകക്ഷി വകുപ്പു മേധാവിയായ ടിയാളുടെ അദ്ധ്യാപികയായ ഹർജികക്ഷിയിൽ നിന്നും അനുഭവിച്ച ശാസനയിൽ അമിതമായ വൈകാരികത കാണിക്കുന്നു എന്നത് തെളിഞ്ഞ് കാണുന്നു. എന്തുകൊണ്ടാണ് ഒന്നാം എതിർകക്ഷിയായ എസ്.എച്ച്.ഒ ഇവിടെ ശാരീരികമായ ഒരു പരിക്കും ഇല്ലാത്തതിനാൽ ഐപിസി യുടെ 323-ാം വകുപ്പോ അല്ലെങ്കിൽ 319-ാം വകുപ്പോ (ദേഹോപദ്രവം) സ്ഥാപിക്കാൻ ഉള്ള ഒരു ഘടകങ്ങളും ഇല്ല എന്നത് അംഗീകരിച്ചു കൊണ്ടു തന്നെ ഇതുപോലൊരു കുറ്റകൃത്യം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി തേടി മജിസ്ട്രേറ്റിനെ സമീപിച്ചത് എന്നത് അറിയില്ല. മുകളിൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നിലവിലെ കേസ് രജിസ്റ്റർ ചെയ്തതും ചോദ്യം ചെയ്യപ്പെട്ട ക്രിമിനൽ നടപടികളുടെ തുടർച്ചയും കോടതിയുടെ നടപടികളെ ഗുരുതരമായി ദുരുപയോഗം ചെയ്യലല്ലാതെ മറ്റൊന്നുമല്ല എന്നും അത് ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പ് പ്രകാരം ഉള്ള അസാധാരണ വിവേചനാധികാരം ഉപയോഗിച്ച് ഈ കോടതിയുടെ പക്കൽ നിന്നും തടസ്സപ്പെടുത്തേണ്ടത് അനിവാര്യമാണ് എന്നും വിധിക്കേണ്ടത് മാത്രമാണ്. വിഷയത്തിന്റെ ആ വീക്ഷണത്തിൽ ഹർജികക്ഷിയെ ഏക കുറ്റാരോപിതനായി സ്ഥാപിച്ചിട്ടുള്ള കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 832/2019 എഫ്.ഐ.ആർ ആയ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം 3-ഉം ഇതേ തുടർന്ന് കുറ്റാരോപിതനായ ഹർജികക്ഷിക്ക് എതിരെ ഉണ്ടായിട്ടുള്ള തുടർനടപടികളും റദ്ദാക്കപ്പെടും.

ഹർജികക്ഷി നിലവിലെ കേസ് കൈകാര്യം ചെയ്യുന്ന കണ്ണൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി1-നും കൂടാതെ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് അത്യാവശ്യ അറിവിലേയ്ക്കുമായി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കും.

ഈ നിരീക്ഷണങ്ങളോടും നിർദ്ദേശങ്ങളോടും കൂടി മേൽപ്പറഞ്ഞ പലവക കേസ് തീർപ്പാക്കപ്പെടുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സി. റ്റി. രവികുമാർ**

**&**

**ബഹു. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്**

റിട്ട് ഹർജി (സിവിൽ) നം.7461/2020

**രാജീവൻ**

**Vs**

**ഡെപ്യൂട്ടി കമ്മീഷണർ**

2020 മെയ് 19-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1908ലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരം കക്ഷി ചേരുന്നതിനുള്ള അപേക്ഷ ഒരു വ്യക്തി, അയാളുടെ സാന്നിദ്ധ്യം നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യത്തിന്റെ പൂർണ്ണവും അന്തിമവുമായ തീർപ്പാക്കലിന് ആവശ്യമാണെങ്കിൽ, അനിവാര്യമായി കക്ഷി ചേർക്കേണ്ടതാണ് . നടപടികളുടെ ബാഹുല്യം തടയുന്നത് തീർച്ചയായും ഓർഡർ I ചട്ടം 10(2)-ന്റെ അഭിലഷണീയമായ പരിണിത ഫലമാണ്. ഹർജികക്ഷിയുടെ താത്പര്യം സംരക്ഷിക്കുന്നതിനും നടപടിയിൽ ഉയർന്നുവരുന്ന ചോദ്യങ്ങൾ ഫലപ്രദമായും പൂർണ്ണമായും തീർപ്പാക്കുന്നതിന് കക്ഷിനിരയിലുള്ള വ്യക്തികൾക്ക് സാധിക്കും . ഒരു കക്ഷിയെ അവശ്യ കക്ഷി ആക്കുന്നത് അയാളുടെ അസാന്നിദ്ധ്യത്തിൽ , പൂർണ്ണവും അന്തിമവു മായ തീർപ്പാക്കൽ സാധ്യമല്ല എന്നതാണ്. വ്യവഹാരത്തിലെ വിഷയവു മായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലെ അവകാശം, ഉടമസ്ഥാവകാശം, താത്പര്യം ഉണ്ടാകാവുന്ന ഏതൊരു വ്യക്തിയും അതിൽ കക്ഷികളാക ണമെന്ന് ചട്ടം 10(2) ആവശ്യപ്പെടുന്നു എന്ന് വായിക്കാൻ കഴിയില്ല.

**വിധിന്യായം**

**ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് .**

മദ്രാസ് ഹിന്ദു റിലിജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് നിയമത്തിലെ

(ഇതിനുശേഷം എച്ച്.ആർ & സി.ഇ നിയമം എന്ന് പരാമർശിക്കപ്പെടുന്നു). 57-ാം വകുപ്പ് പ്രകാരം ആരംഭിച്ച നടപടിയിൽ ഹർജിക്കാരെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരം കക്ഷി ചേർക്കാനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് ഒന്നാം എതിർകക്ഷി പുറപ്പെടുവിച്ച എഗ്സിബിറ്റ് പി5 ഉത്തരവ് ചോദ്യം ചെയ്താണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

2. പാനോളി തറവാട് എന്ന് അറിയപ്പെടുന്ന ചേക്കുര പുത്തലത്തു പൂത്തടി ഇല്ലം എന്ന വലിയ കുടുംബത്തിലെ അംഗങ്ങളും അവർക്ക് ഒരു കുടുംബക്ഷേത്രമുണ്ടെന്നും അതിൽ ക്ഷേത്രോത്സവങ്ങൾ നടത്തുന്നതിന് ഉത്സവക്കമ്മിറ്റികൾ ഉണ്ടെന്നും എന്നതിനെ കുറിച്ചുള്ളതാണ് ഹർജികക്ഷികളുടെ ഈ കേസ് . നിക്ഷിപ്ത രാഷ്ട്രീയ താത്പര്യമുള്ള ചില വ്യക്തികൾ മറ്റ് ഉദ്ദ്യേശ്യത്തോടുകൂടി എഗ്സിബിറ്റ് പി1 പരാതി ഫയൽ ചെയ്തുവെന്നും ഡെപ്യൂട്ടി കമ്മീഷണർക്ക് എച്ച്.ആർ & സി.ഇ നിയമപ്രകാരം കുടുംബക്ഷേത്രം ഏറ്റെടുക്കുന്നതിന് അധികാരമില്ലാഞ്ഞിട്ടുകൂടി അയാൾ എഗ്സിബിറ്റ് പി1 നിവേദനം എച്ച്.ആർ & സി.ഇ നിയമത്തിലെ 57-ാം വകുപ്പ് പ്രകാരം പരിഗണിച്ച് ഒ.എ.നം.9/2018-ആയി നമ്പർ നൽകിയെന്നും ഹർജികക്ഷികൾ ആരോപിക്കുന്നു. ഈ നടപടിക്ക് അനുസൃതമായി എച്ച്.ആർ & സി.ഇ നിയമത്തിലെ 57-ാം വകുപ്പ് പ്രകാരമുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് നിവേദനത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി ഒന്നാം എതിർകക്ഷി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തു. ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ചിലർ നിവേദനത്തിന് എതിരായി ആക്ഷേപങ്ങൾ ഫയൽ ചെയ്തുവെന്നും ഒ.എ.നം.9/2018-ൽ കക്ഷികളായിട്ടുള്ള ചില കുടുംബാംഗങ്ങൾ കൂത്തുപറമ്പ് മുൻസിഫ് കോടതി മുമ്പാകെ നിലനിൽക്കുന്ന ഒ.എസ്.നം. 339/2018 വ്യവഹാരത്തിൽ തീരുമാനം വരുന്നതുവരെ ഒ.എ.നം.9/2018-ലെ എല്ലാ നടപടികളും സ്റ്റേ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം എതിർകക്ഷി മുമ്പാകെ അപേക്ഷ ഫയൽ ചെയ്തുവെന്നും റിട്ട് ഹർജിയിൽ പറഞ്ഞിട്ടുണ്ട്. ടി അപേക്ഷ നിരസിച്ചു എന്നാണ് ആരോപണം.

3. അതേ സമയം, ഒ.എ.നം.9/2018-ലെ നടപടികളെക്കുറിച്ച് അറിഞ്ഞപ്പോൾ എച്ച്.ആർ & സി.ഇ നിയമത്തിലെ 57-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ സ്വയം കക്ഷി ചേർക്കുന്നതിനായി സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ I ചട്ടം 10 പ്രകാരം ഐ.എ നം.3/2020 ആയി ഒരു പെറ്റീഷൻ ഹർജികക്ഷികൾ ഫയൽ ചെയ്തു. കക്ഷിചേർക്കൽ ഹർജി എഗ്സിബിറ്റ് പി4 ആയി ഹാജരാക്കിയിട്ടുണ്ട്. ഹർജികക്ഷികൾക്ക് അവരുടെ കക്ഷി ചേർക്കുന്നതിനുള്ള അപേക്ഷ നോൺ സ്പീക്കിങ്ങ് ഉത്തരവ് പ്രകാരമാണ് നിരസിച്ചത്. ടി ഉത്തരവ് എഗ്സിബിറ്റ് പി5 ആയി ഹാജരാക്കിയിട്ടുണ്ട് . നേരത്തെ പരാമർശിച്ച പ്രകാരം അതാണ് ഈ റിട്ട് ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളത് .

4. ഞങ്ങൾ ഹർജികക്ഷികളുടെ വിദ്വാനായ അഭിഭാഷകൻ ശ്രീ. എം. പി. അശോക് കുമാറിനെയും മലബാർ ദേവസ്വം ബോർഡിന്റെ വിദ്വാനായ സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ. ലക്ഷ്മി നാരായണനെയും കേട്ടു.

5. ഹർജികക്ഷികളുടെ വിദ്വാനായ അഭിഭാഷകൻ ശ്രീ. എം.പി. അശോക് കുമാർ കക്ഷി ചേർക്കൽ പെറ്റീഷൻ നിരസിച്ച ഉത്തരവ് വികലമാണെന്നും അവർ നടപടികളിലെ അവശ്യകക്ഷികളായതിനാൽ നികത്താനാവാത്ത നഷ്ടങ്ങളും പ്രയാസങ്ങളും ഉണ്ടാകും എന്നും ആയതിനാൽ ഈ കോടതിയുടെ ഇടപെടൽ ആവശ്യമാണെന്നും ശക്തമായി വാദിച്ചു. ഓർഡർ I ചട്ടം 10(2)-ന്റെ പ്രായോഗികത കൂട്ടുന്നതിനായി അദ്ദേഹം പ്രേം കുമാർ

Vs ശ്രീനാരായണ ഭക്ത പരിപാലനയോഗം (2018(1)കെഎൽറ്റി 944), പങ്കജ് ഭായി രമേശ് ഭായി സലവാഡിയ Vs ജിതാഭായി കാലാ ഭായി സലവാൻഡിയ (2017 (4) കെഎൽറ്റി ഓൺലൈൻ 2015(എസി)=(2017)9 എസ് സിസി 70), തോംസൺ പ്രസ് (ഇൻഡ്യ) ലിമിറ്റഡ് Vs നാനാക് ബിൽഡേഴ്സ് ആന്റ് ഇൻവെസ്റ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡും മറ്റുള്ളവരും (2013 (1) കെഎൽറ്റി സപ്ലി 64 (എസി)=(2013) 5 എസ് സിസി 397), രമേശ് ഹിരാചന്ദ് കുന്ദൻമാൽ Vs മുനിസിപ്പൽ കോർപ്പറേഷൻ ബോംബെയും മറ്റുള്ളവരും (1992 (2) കെഎൽറ്റി ഓൺലൈൻ 1031 (എസി) =(1992) 2 എസ് സിസി 529) എന്നീ വിധികൾ അവലംബിച്ചു.

6. ഉന്നയിച്ച തർക്കങ്ങൾ ഞങ്ങൾ പരിഗണിച്ചു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഇടപെടുന്നതിനുള്ള ഒരു കാരണവും ഞങ്ങൾ കണ്ടില്ല.

7. നിലവിൽ ക്ഷേത്രത്തിന്റെ ഭരണം നടത്തുന്നത് തറവാട്ടിലെ അംഗങ്ങളാണെന്നും ഹർജികക്ഷികൾ അവശ്യകക്ഷികളാണെന്ന ഒരേ ഒരു കാരണമാണ് എഗ്സിബിറ്റ് പി4 കക്ഷിചേർക്കൽ ഹർജിയിൽ പറഞ്ഞിട്ടുള്ളത് . അവരെ കക്ഷി ചേർക്കുന്നതിന് ന്യായീകരിക്കുന്നതിനായി മറ്റ് ഒന്നും പറഞ്ഞിട്ടില്ല. എച്ച്.ആർ & സി.ഇ നിയമത്തിലെ 57-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും തെളിവ് എല്ലാം പൂർത്തിയായെന്നും ഈ സാഹചര്യത്തിൽ മറ്റൊരു കക്ഷിയെ കക്ഷി ചേർക്കേണ്ടതിന് കാരണമില്ല എന്നും കണ്ടാണ് ടി അപേക്ഷ ഒന്നാം എതിർകക്ഷി നിരസിച്ചത്. അതിൽ കക്ഷി ചേർക്കൽ ഹർജി വൈകി എന്നും നിരീക്ഷിക്കുകയുണ്ടായി.

8. എഗ്സിബിറ്റ് പി4 പരിശോധിച്ചതിൽ നിന്നും ഹർജികക്ഷികൾ വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യങ്ങളുടെ ഫലപ്രദവും പൂർണ്ണവുമായ തീർപ്പാക്കലിന് അവർ അവശ്യകക്ഷികളാണ് എന്ന വാദം ഇല്ല എന്ന് മനസ്സിലാക്കാം. അങ്ങനെയുള്ള ഒരു പ്രസ്താവന അപേക്ഷയിൽ പ്രത്യക്ഷത്തിൽ ഇല്ല. ഹർജികക്ഷികൾക്ക് അവർ അവശ്യകക്ഷികളാണ് എന്ന കേസ് മാത്രമേ ഉള്ളു. ഞങ്ങൾ അത് അംഗീകരിക്കുന്നില്ല.

9. എഗ്സിബിറ്റ് പി4 അപേക്ഷയിൽ ഹർജികക്ഷികളെ കക്ഷികളാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച വാദത്തിന്റെ പൂർണ്ണ അഭാവം ഉണ്ടെങ്കിൽ കൂടി, ഹർജികക്ഷികളുടെ അഭാവം 2020ലെ ഡബ്ല്യൂപി(സി) 7461-ലെ ഹർജികക്ഷികളുടെ അല്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങൾക്ക് ഏത് തരത്തിൽ എതിരാകും എന്നത് കണ്ടെത്താൻ ഞങ്ങൾ ശ്രമിച്ചു. ആ ശ്രമത്തിൽ എഗ്സിബിറ്റ് പി5ൽ നിന്നും ഹർജികക്ഷികളുടെ സഹോദരി, സഹോദരൻ, കുടുംബാംഗങ്ങൾ എന്നിവർ ഉൾപ്പെടെ അയാളുടെ കുടുംബവുമായി ബന്ധപ്പെട്ട മറ്റുള്ളവർ, ഒന്നാം എതിർകക്ഷി മുമ്പാകെ ഉള്ള കേസിൽ ചേർത്തിട്ടുണ്ടെങ്കിലും അവരെ ഇവിടെ കക്ഷികളാക്കിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ് .കുടുംബത്തേയും ക്ഷേത്രത്തേയും സംബന്ധിച്ച എല്ലാ വാദങ്ങളും നിലവിൽ കക്ഷികളായ വ്യക്തികൾ മുഖേന ഒന്നാം എതിർകക്ഷിയുടെ പരിഗണനയ്ക്കായി ഉന്നയിക്കാവുന്നതാണ്. ഹർജികക്ഷികൾക്ക് കക്ഷി നിരയിലുള്ള വ്യക്തികൾ കുടുംബത്തിന്റെ താത്പര്യത്തിന് എതിരായി പ്രവർത്തിക്കുന്നു എന്ന് കേസില്ല. ഈ സാഹചര്യത്തിൽ, ഹർജികക്ഷികളുടെ സാന്നിദ്ധ്യം നടപടികളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചോദ്യങ്ങളുടെയും ഫലപ്രദവും പൂർണ്ണവുമായ തീർപ്പാക്കലിന് ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നില്ല.

10. 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരം വ്യവഹാരത്തിൽ കക്ഷികളെ ചേർക്കുന്നതിനുള്ള അധികാരം വളരെ വിശാലവും ഈ

വ്യവസ്ഥ ഉദാരമായ വ്യാഖ്യാനത്തിന് വിധേയവുമാണ് . ഒരു കക്ഷിയെ ചേർക്കുന്നതിനുള്ള വിവേചനാധികാരം, 'വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചോദ്യങ്ങളും തീർപ്പാക്കുന്നതിന് കോടതിയെ ഫലപ്രദവും പൂർണ്ണവുമായി സജ്ജമാക്കുക' എന്നതാണ് നിർണ്ണയിക്കുന്നത്. പാർലമെന്റ് അതിന്റെ വിവേചനത്തോടെ, വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ചോദ്യത്തിന്റെ തീർപ്പാക്കലിന് ഒരു വ്യക്തിയുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ, നടപടിയുടെ ഏതൊരു ഘട്ടത്തിലും, ഒന്നുകിൽ അപേക്ഷയിന്മേലോ അല്ലാതെയോ ആ കക്ഷിയെ ചേർക്കാൻ ഉള്ള അധികാരം കോടതിക്ക് ഉണ്ട്, എന്ന രീതിയിൽ ഈ വ്യവസ്ഥയെ രൂപപ്പെടുത്തി. എന്നിരുന്നാലും കോടതിക്ക് ഈ വിശാലമായ അധികാരം നൽകുന്നതിലൂടെ ഏതെങ്കിലും വ്യക്തി ഏത് സമയത്തും കക്ഷിചേർക്കലിനുള്ള ഒരു അപേക്ഷയുമായി വന്നാൽ അത് തീർച്ചയായും അനുവദിക്കണമെന്ന് വ്യാഖ്യാനിക്കാൻ സാധിക്കില്ല. അപ്രകാരമുള്ള വ്യാഖ്യാനം വ്യവസ്ഥയുടെ ഉദ്ദേശ്യലക്ഷ്യത്തിന് ഹാനികരമാകും.

11. ഓർഡർ I ചട്ടം 10(2)ന്റെ പ്രാഥമിക ലക്ഷ്യം എന്നാൽ, ഒരു വ്യക്തി, അയാളുടെ സാന്നിദ്ധ്യം നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള കാര്യത്തിന്റെ പൂർണ്ണവും അന്തിമവുമായ തീരുമാനത്തിന് ആവശ്യമാണെങ്കിൽ, അനിവാര്യമായും കക്ഷിചേർക്കേണ്ടതാണ് . നടപടികളുടെ ബാഹുല്യം തടയുന്നതല്ല വ്യവസ്ഥയുടെ ലക്ഷ്യമെങ്കിലും, ആനുഷംഗികമായി വ്യവസ്ഥയുടെ ഫലം നടപടി ബാഹുല്യം തടയലാണ്. നടപടികളുടെ ബാഹുല്യം തടയുന്നത് തീർച്ചയായും ഓർഡർ I ചട്ടം 10(2)-ന്റെ അഭിലഷണീയമായ അനന്തരഫലമാണ്. എന്നിരുന്നാലും, ഇത് അതിന്റെ മുഖ്യലക്ഷ്യമല്ല. ഒരു വ്യക്തിയെ അവശ്യകക്ഷിയാക്കുന്നത് എന്താണെന്നാൽ, വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ള ചില തർക്ക വിഷയങ്ങളിൽ അയാൾക്ക് പ്രസക്തമായ തെളിവ് നൽകാൻ ഉണ്ടെന്നതല്ല, അത് അയാളെ അവശ്യസാക്ഷി മാത്രമേ ആക്കുന്നുള്ളൂ, അയാളുടെ അസാന്നിദ്ധ്യത്തിൽ, പൂർണ്ണവും അന്തിമവുമായ തീർപ്പാക്കൽ സാധ്യമല്ല എന്നതാണ്. ഒരു വ്യക്തി കക്ഷിചേരുന്നതിന് അപേക്ഷ നൽകുമ്പോൾ, അയാളുടെ അസാന്നിദ്ധ്യത്തിൽ വ്യവഹാരത്തിൽ എന്തെങ്കിലും തീർപ്പാക്കാൻ സാധിക്കുന്നില്ല അല്ലെങ്കിൽ അയാളെ കക്ഷി ചേർക്കാത്തത് കൊണ്ട് എന്ത് കോട്ടമാണ് ഉള്ളതെന്നാണ് കോടതി കാണേണ്ടത്. സ്യൂട്ടിലെ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലെ അവകാശം, ഉടമസ്ഥാവകാശം, താത്പര്യം ഉണ്ടാകാവുന്ന എല്ലാ വ്യക്തികളേയും അതിൽ കക്ഷികളാക്കണമെന്ന് ചട്ടം 10(2) ആവശ്യപ്പെടുന്നു എന്ന് വായിക്കാൻ കഴിയില്ല.

12. മേൽപ്പറഞ്ഞ വിഷയങ്ങൾ നിരീക്ഷിച്ചതിൽ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരം കക്ഷി ചേർക്കുന്നതിനുള്ള വിവേചനാധികാരം മേൽഘടകങ്ങളുടെ സഹായത്തോടെ കേസിന്റെ വസ്തുതകളുടെയും സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലാണ് എന്ന് കാണാവുന്നതാണ്. ആ വിവേചനം ഉപയോഗിക്കുമ്പോൾ ഇനി പറയുന്ന വസ്തുതകൾ തീർച്ചയായും കോടതിക്ക് മാർഗ്ഗദർശി ആയിരിക്കണം. (എ) കക്ഷിചേർക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത് അവശ്യകക്ഷിയാണോ അതോ അല്ലയോ, (ബി) അയാളുടെ സാന്നിദ്ധ്യം ആ കേസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും ഫലപ്രദമായും പൂർണ്ണമായും തീർപ്പ് കൽപ്പിക്കാൻ കോടതിയെ സാധ്യമാക്കുമോ , (സി) അയാളുടെ അസാന്നിദ്ധ്യം നടപടികളുടെ ബാഹുല്യത്തിലേക്ക് നയിക്കുമോ എന്നും (ഡി) നടപടികൾ വൈകിപ്പിക്കാൻ അല്ലാതെ വേറെ എന്തെങ്കിലും ഉദ്ദേശ്യം കക്ഷി ചേർക്കലിലൂടെ നിറവേറുന്നുവോ.

13. ഹർജികക്ഷികൾ ആശ്രയിച്ച പ്രേംകുമാറിന്റെ വിധിയിൽ (മുകളിലെ) അധികാരത്തിന്റെ സാധ്യത സംബന്ധിച്ച് ഈ കോടതി ഇപ്രകാരം വിധിച്ചു:

"15. സംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരം കോടതിക്ക് നടപടിയുടെ ഏത് ഘട്ടത്തിലും കക്ഷികളുടെ അപേക്ഷയിലോ അല്ലാതെയോ വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യങ്ങൾ ഫലപ്രദമായും പൂർണ്ണമായും തീർപ്പ് കൽപ്പിക്കുന്നതിന് കോടതിയെ പ്രാപ്തമാക്കുന്നതിന്, ഏതൊരു വ്യക്തിയെയും, അയാളുടെ സാന്നിദ്ധ്യം ആവശ്യമാ ണെങ്കിൽ ചേർക്കുന്നതിന് ഉത്തരവിടാം. കക്ഷിചേർക്കലുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ജുഡീഷ്യൽ വിവേചനം ആണെന്നും അത് ഓരോ വ്യവഹാരത്തിന്റെയും വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചാണ് പ്രയോഗിക്കേണ്ടത് എന്നത് സ്ഥാപിത നിയമമാണ്.

16. അവശ്യകക്ഷിയെന്നാൽ ആ കക്ഷിയില്ലാതെ ഫലപ്രദമായ ഉത്തരവ് നൽകാൻ കഴിയില്ല. എന്നാൽ ഉചിതമായ കക്ഷിയെന്നാൽ അയാളുടെ അഭാവത്തിലും ഫലപ്രദമായ ഉത്തരവ് നൽകാൻ കഴിയും, പക്ഷേ അയാളുടെ സാന്നിദ്ധ്യം നടപടികളിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം പൂർണ്ണമായും അന്തിമമായും തീരുമാനിക്കുന്നതിന് ആവശ്യമാണ്. സംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരമുള്ള നടപടി, വ്യവഹാരത്തിൽ ഉൾപ്പെട്ട ചോദ്യങ്ങളുടെ പൂർണ്ണമായ തീർപ്പാക്കലിന് ശരിക്കും ആവശ്യമാണെങ്കിൽ, അവലംബിക്കേണ്ടതാണ്. ഒരു വ്യക്തിയെ, അയാൾക്ക് എതിരെ പരിഹാരം ഒന്നും ചോദിച്ചില്ലെങ്കിൽ കൂടി ആയതിൽ ഉൾപ്പെട്ട ചോദ്യങ്ങളുടെ പൂർണ്ണവും അന്തിമവുമായ തീർപ്പാക്കലിന് അയാളുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ അയാളെ നടപടികളിൽ കക്ഷിചേർക്കേണ്ടതാണ്. എന്നാൽ സംഹിതയിലെ ഓർഡർ I ചട്ടം 10(2) പ്രകാരമുള്ള വ്യവസ്ഥ, വ്യവഹാരത്തിൽ ഉൾപ്പെട്ട ചോദ്യങ്ങൾ ഫലപ്രദമായും പൂർണ്ണമായും തീർപ്പാക്കുന്നതിന് പുതിയ കക്ഷികളെ ചേർക്കേണ്ട ആവശ്യമില്ലെങ്കിൽ, അവലംബിക്കേണ്ടതില്ല."

14. മുകളിൽ ഉദ്ധരിക്കപ്പെട്ട പ്രേംകുമാറിന്റെ കേസിൽ ഒഴികെ ബാറിൽ നിന്നും പരാമർശിക്കപ്പെട്ട രമേശ് ഹീരാചന്ദ് കുന്ദൻമാൽ **Vs** മുനിസിപ്പൽ കോർപ്പറേഷൻ ഓഫ് ഗ്രേറ്റർ ബോംബെയും മറ്റുള്ളവരും (1992) 2 എസ് സിസി 524), തോംസൺപ്രസ് (ഇന്ത്യ) ലിമിറ്റഡ് **Vs** നാനാക്ക് ബിൽഡേഴ്സ് ആന്റ് ഇൻവെസ്റ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡും മറ്റുള്ളവരും (2013 (1) കെഎൽറ്റി (സപ്ലി) 64 എസ് സി=(2013)5 എസ് സിസി 397), പങ്കജ്ഭായി രമേശ്ഭായി സൽവാഡിയ **Vs** ജിതാഭായി കാലാഭായി സലവാൻഡിയ (2017 (4) കെഎൽറ്റി ഓൺലൈൻ 2015 (എസ് സി)=(2017)9 എസ് സിസി700) വിധികളിലെ അടിസ്ഥാനതത്വം ഓർഡർ I ചട്ടം 10(2) പ്രകാരം ഒരു കക്ഷിയെ കക്ഷി ചേർക്കുന്നത് ഉൾപ്പെട്ടിട്ടുള്ള ചോദ്യങ്ങളുടെ ഫലവത്തും പൂർണ്ണമായ തീർപ്പാക്കലിന് ആ കക്ഷിയുടെ സാന്നിദ്ധ്യം പരിപൂർണ്ണമായി ആവശ്യമാണെങ്കിൽ മാത്രമേ നടത്താവൂ എന്നാണ്.

15. കേസിൽ ഉടലെടുത്ത വസ്തുതാപരമായ സാഹചര്യം കണക്കാക്കിയ ശേഷം ആക്റ്റിലെ 57എ വകുപ്പ് പ്രകാരമുള്ള നടപടികളിൽ ഹർജികക്ഷികൾ അവശ്യകക്ഷികളല്ല എന്നും നടപടികളിൽ ഉൾപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഫലപ്രദമായും പൂർണ്ണമായും തീർപ്പ് കൽപ്പിക്കുന്നതിന് ഹർജികക്ഷികളുടെ ആവശ്യം ഇല്ല എന്നും ഞങ്ങൾ കണക്കാക്കുന്നു. നടപടികളിൽ ഹർജികക്ഷികൾ കക്ഷികൾ അല്ല എന്നതുകൊണ്ട് നടപടികളുടെ

ബാഹുല്യത്തിന് കാരണമാകില്ല. പ്രത്യേകിച്ചും എച്ച്.ആർ &സി.ഇ നിയമത്തിലെ 57എ വകുപ്പ് പ്രകാരമുള്ള നടപടികൾ അന്വേഷണ സ്വഭാവത്തിൽ ഉള്ളതും എതിരായിട്ടുള്ളതല്ല എന്നും ഞങ്ങൾ കണക്കാക്കുന്നു. അപേക്ഷ വൈകിയാണ് ഫയൽ ചെയ്തതെന്നും ഞങ്ങൾ കാണുന്നു. ഹർജികക്ഷികൾ അവരുടെ വാദങ്ങളിൽ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യങ്ങളുടെ ഫലപ്രദവും പൂർണ്ണവുമായ തീർപ്പ് കൽപ്പിക്കലിന് അവർ അവശ്യകക്ഷി കളാണ് എന്നൊരു കേസ് ഹർജികക്ഷികൾക്ക് ഇല്ല എന്നും ഹർജികക്ഷികളുടെ താത്പര്യം സംരക്ഷിക്കുന്നതിനും നടപടിയിൽ ഉയർന്നുവരുന്ന ചോദ്യങ്ങൾ ഫലവത്തായും പൂർണ്ണമായും തീർപ്പാക്കുന്നതിന് കക്ഷിനിരയിലുള്ള വ്യക്തികൾക്ക് സാധിക്കും എന്നും ഞങ്ങൾ ഇതിനകം കണ്ടെത്തിയിട്ടുള്ളതിനാൽ, എഗ്സിബിറ്റ് പി5-ൽ ഇടപെടുന്നതിനുള്ള കാരണം ഞങ്ങൾ കാണുന്നില്ല.

ഫലത്തിൽ, വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ചിലവുകളില്ലാതെ ഈ റിട്ട് ഹർജി തള്ളുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ,**

**യൂണിയൻ ഓഫ് ഇന്ത്യ**

**Vs**

**സുജയ**

ഒ.പി (സിഎറ്റി ) നം. 168/2015

2020 ഫെബ്രുവരി 27-ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ലീവ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു സ്ഥിര ഉദ്യോഗസ്ഥന് ലഭിക്കുന്ന ഒരു ആനുകൂല്യമാണ് ആർജ്ജിതാവധി-അങ്ങനെയുള്ള സാഹചര്യത്തിൽ, അന്തിമമായ ആനുകൂല്യങ്ങൾക്കായി ആകസ്മിക സേവനം കണക്കാക്കിയെന്നതിനാൽ ആകസ്മിക സേവന കാലയളവിൽ ആർജ്ജിതാവധിക്ക് യോഗ്യതയില്ലാത്തതിനാൽ അത് ആർജ്ജിതാവധിയുടെ ക്രെഡിറ്റിൽ ഉൾപ്പെടില്ല.

**വിധിന്യായം**

**ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ**

1. എതിർകക്ഷി-അപേക്ഷകന്റെ അവധി ക്രഡിറ്റിൽ 13 ദിവസം കൂടി ചേർക്കാമെന്നും പ്രസ്തുത അവധികൾ കൂടി പണമായി അവർക്ക് മാറ്റത്തക്കതാക്കണമെന്ന ട്രൈബ്യൂണലിന്റെ ഉത്തരവിനെ ചോദ്യം ചെയ്ത് കൊണ്ടാണ് യൂണിയൻ ഓഫ് ഇന്ത്യ ഞങ്ങളുടെ മുന്നിൽ എത്തിയത്.

2. വസ്തുതകൾ പ്രകാരം, അപേക്ഷകയെ ദിവസവേതന ഗുമസ്തയായി നിയമിച്ചുവെന്നും, അവർ 01.12.1976 മുതൽ 1-6-1977 വരെ തുടർന്നുവെന്നും ശ്രദ്ധിക്കേണ്ടതാണ്. 1-6-1977 ൽ അവരെ എൽ.ഡി.സി യായി നിയമിച്ചു. അസിസ്റ്റന്റ് പാസ്പോർട്ട് ഓഫീസർ സ്ഥാനത്തേയ്ക്ക് അവർ ഉയരുകയും 31-1-2013ൽ വിരമിക്കുകയും ചെയ്തു. 1972-ലെ സെൻട്രൽ സിവിൽ സർവ്വീസസ് (ലീവ്) ചട്ടത്തിലെ ചട്ടം 39ൽ നിന്നും (ചുരുക്കത്തിൽ ലീവ് ചട്ടങ്ങൾ) അവർക്ക് 287 ദിവസത്തെ ആർജ്ജിതാവധി മാത്രം എൻകാഷ് ചെയ്യുവാൻ അനുവദിച്ചിരുന്നു.

3. സേവനാന്ത്യ ആനുകൂല്യങ്ങളുടെ ആവശ്യത്തിനായി ദിവസവേതന ഗുമസ്തന്മാരുടെ സേവനം കണക്കാക്കാവുന്ന യോഗ്യതയായി അനുബന്ധം-A5 ഉത്തരവിൽ ട്രൈബ്യൂണൽ കണ്ടെത്തി. ലീവ് പണമാക്കുന്നത് ഒരു വിരമിക്കൽ ആനുകൂല്യമായതിനാൽ, അവരുടെ ആകസ്മിക സേവനത്തിന് ആവശ്യമായുള്ള 13 ദിവസത്തെ അവധി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് എന്ന് കണ്ടെത്തി.

4. വിദ്വാനായ കേന്ദ്ര ഗവൺമെന്റ് അഭിഭാഷകൻ ശ്രീ. റ്റി.വി. വിനുവിന് രണ്ട് വാദങ്ങൾ ഉണ്ട്. ഒന്ന്, ട്രൈബ്യൂണൽ ആശ്രയിച്ചിരുന്ന അനുബന്ധം-A5 ഉത്തരവ് പ്രകാരം പെൻഷൻ ആവശ്യത്തിനായി മാത്രമാണ് ആകസ്മിക സേവനം കണക്കാക്കിയിരുന്നതെന്നും, സാമ്പത്തിക ആനുകൂല്യങ്ങൾ പ്രത്യേകമായി നിരസിക്കുകയും ചെയ്തു എന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ എന്തെങ്കിലും അവധി ആനുകൂല്യങ്ങൾ ലഭിക്കുവാൻ ഉണ്ടെങ്കിൽ അത് പണമാക്കുവാൻ കഴിയില്ല എന്നാണ് സമർപ്പണം. അവധി ചട്ടങ്ങൾ പ്രകാരം പ്രത്യേകമായി ഒഴിവാക്കിയിട്ടുള്ളതിനാൽ ദിവസ വേതന ഗുമസ്തനായുള്ള സേവന കാലയളവിൽ ആർജ്ജിത അവധിയ്ക്ക് അർഹതയില്ല എന്നതാണ് അടുത്ത കാരണം.

5. അനുബന്ധം-A5 ഉത്തരവ് എല്ലാ ദിവസവേതന ഗുമസ്തന്മാർക്കും അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ എൽ.ഡി.സി തസ്തികയിൽ ഉള്ള സാങ്കല്പിക ശമ്പള നിർണ്ണയം അനുവദിക്കുന്നുണ്ട്. ഈ പറഞ്ഞ കാലയളവിൽ ശമ്പളകുടിശ്ശിക (പണ ആനുകുല്യങ്ങൾ) ഒന്നും നൽകില്ലെന്ന് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. സേവനാന്ത്യ ആനുകൂല്യത്തിനായി ആകസ്മിക സേവനം കൂടി കണക്കാക്കുന്നു.

6. ലീവ് റൂൾസ് അനുസരിച്ച് പ്രത്യേകിച്ചും ചട്ടം 39 പ്രകാരം, ഒരു സർക്കാർ ഉദ്യോഗസ്ഥൻ വിരമിക്കലിനായി നിശ്ചയിച്ചിട്ടുള്ള നിയമാനുസൃത പ്രായം എത്തിച്ചേർന്നു വിരമിക്കുമ്പോൾ, പരമാവധി 300 ദിവസത്തിന് വിധേയമായി സർക്കാർ ജീവനക്കാരന്റെ ക്രെഡിറ്റിൽ ആർജ്ജിതാവധിയും അർദ്ധ വേതന അവധിയും അവശേഷിക്കുകയാണെങ്കിൽ അവധി അനുവദിക്കാൻ അധികാരമുള്ള അതോറിറ്റി അവധി ശമ്പളത്തിന് തുല്യമായ പണം അനുവദിക്കുന്നതിനായി സ്വമേധയാ ഉത്തരവ് പുറപ്പെടുവിക്കണം. അപേക്ഷകന്റെ ക്രെഡിറ്റിൽ അവശേഷിക്കുന്ന അവധി 287 ആണെന്ന് സമ്മതിക്കാം. അസൽ ഹർജിയിൽ യഥാർത്ഥത്തിൽ അപേക്ഷകൻ അഭ്യർത്ഥിച്ചിട്ടുള്ളത് ദിവസ വേതന ഗുമസ്തനായി സേവനമനുഷ്ഠിച്ച കാലയളവിൽ ആകസ്മിക സേവനത്തിനായി നേടിയ അവധിയുടെ ക്രെഡിറ്റാണ് .

7. ഈ സാഹചര്യത്തിൽ, ചട്ടം രണ്ടിൽ കാണുന്നതുപോലെ അവധി ചട്ടങ്ങളുടെ പ്രയോഗ ത്തിന്റെ വ്യാപ്തി ഞങ്ങൾക്ക് പരിശോധിക്കേണ്ടതുണ്ട്. കാഷ്വൽ അല്ലെങ്കിൽ ദിവസ വേതനം അല്ലെങ്കിൽ പാർട്ട് ടൈം ജോലി ചെയ്യുന്നവരെ പ്രത്യേകിച്ചും ചട്ടം 2ന്റെ (ബി) നിബന്ധന പ്രകാരം അവധി നിയമങ്ങളുടെ പ്രയോഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ലീവ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു സ്ഥിര ജീവനക്കാരന് ലഭിക്കുന്ന ഒരു ആനുകൂല്യമാണ് ആർജ്ജിതാവധി. അങ്ങനെയുള്ള സാഹചര്യത്തിൽ, സേവനാന്ത്യ ആനുകൂല്യങ്ങൾക്കായി ആകസ്മിക സേവനം കണക്കാക്കിയെന്നതിനാൽ ആകസ്മിക സേവന കാലയളവിൽ ആർജ്ജിതാവധിക്ക് യോഗ്യതയില്ലാത്തതിനാൽ അത് ആർജ്ജിതാവധിയുടെ ക്രെഡിറ്റിൽ ഉൾപ്പെടില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, ട്രൈബ്യൂണലിന്റെ ഉത്തരവ് ഞങ്ങൾ റദ്ദാക്കുകയും, ഹർജി അപേക്ഷ **(CAT)** അനുവദിക്കുകയും, കക്ഷികൾ അവരുടെ ചെലവുകൾ സഹിക്കേണ്ടതുമാണ്.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് പി. സോമരാജൻ

(ആർ.എസ്.എ. നം. 357/2008)

**വിഷ്ണു നമ്പൂതിരി**

**Vs**

**ബാലചന്ദ്രൻ**

2020 ഫെബ്രുവരി 27-ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

തർക്കത്തിലുള്ള കൈയക്ഷരവും ഒപ്പും സംബന്ധിച്ച് തെളിവ് നിയമത്തിലെ 73-ാം വകുപ്പു പ്രകാരം കോടതി നടത്തിയ താരതമ്യ പഠനം തെളിവ് നിയമത്തിലെ 45ാം വകുപ്പ് പ്രകാരമുള്ള വിദഗ്ദ്ധാഭിപ്രായത്തിന് പകരം ആവില്ല ; കോടതിക്ക് ഒരു വിദഗ്ദ്ധൻ ആകാനും കഴിയില്ല.. കോടതിക്ക് അതിന്റെ നടപടികൾക്ക് സാക്ഷിയായി പ്രവർത്തിക്കാനാകില്ല.. തർക്കത്തിലുള്ള പ്രോ നോട്ട് യഥാവിധി നടപ്പിലാക്കിയത് സംബന്ധിച്ച തെളിവ് നിയമത്തിലെ 73-ാം വകുപ്പു പ്രകാരമുള്ള താരതമ്യത്തിന്റെ ഏക അടിസ്ഥാനത്തിൽ മാത്രം രണ്ട് കീഴ്ക്കോടതികളും നടത്തിയ കണ്ടെത്തലുകൾ നിലനിൽക്കുന്നതല്ല. ഒരു സ്വതന്ത്ര സാക്ഷി വിസ്തരിക്കപ്പെടാത്തതും തെളിവ് നിയമത്തിലെ 45-ാം വകുപ്പ് പ്രകാരമുള്ള വിദഗ്ദ്ധ അഭിപ്രായത്തിന്റെ അഭാവവും പ്രോ നോട്ട് എക്സിക്യൂട്ട് ചെയ്തതിനുള്ള വാദിയുടെ തെളിവിനെ ദോഷമായി ബാധിക്കുന്നതാണ്.

**ജസ്റ്റിസ് പി. സോമരാജൻ.**

1. തർക്കത്തിലുള്ള കൈയക്ഷരവും ഒപ്പും സംബന്ധിച്ച് തെളിവ് നിയമത്തിലെ 73-ാം വകുപ്പു പ്രകാരം നടത്തിയ താരതമ്യ പഠനം ഒരു തർക്കത്തിലുള്ള പ്രമാണം യഥാസമയം നടപ്പിലാക്കിയതിന്റെ ഏക തെളിവ് ആകുമോ എന്ന ചോദ്യമാണ് പരിഗണനയ്ക്ക് വന്നത്.

2. തർക്കത്തിലുള്ള പ്രോ നോട്ട്, എഗ്സിബിറ്റ് എ1-നെ തെളിവ് നിയമത്തിലെ 73-ാം വകുപ്പു പ്രകാരം കീഴ്ക്കോടതികൾ താരതമ്യം ചെയ്യുകയും അത് അംഗീകരിച്ച ആളുമായി സാമ്യം കണ്ടെത്തുകയും അതിന്റെ നടപ്പിലാക്കൽ തെളിയിക്കപ്പെട്ടതായി കണ്ടെത്തുകയും ചെയ്തു. വാദി പി.ഡബ്ല്യൂ-1 ആയി വാക്കാൽ തെളിവ് നൽകി. എന്നാൽ അത് ഒരു നിഷ്പക്ഷമല്ലാത്ത തെളിവാണ്. ഒരു സ്വതന്ത്ര സാക്ഷിയെയും വിസ്തരിച്ചില്ല.

കീഴ്ക്കോടതികൾ രണ്ടും തെളിവ് നിയമത്തിലെ 73-ാം വകുപ്പ് പ്രകാരം ഒപ്പ് താരതമ്യം ചെയ്യുകയും പ്രോനോട്ട് ശരിയായി നടപ്പിലാക്കിയതായി കണ്ട് വിധി പുറപ്പെടുവിച്ചു.

3. തെളിവ് നിയമത്തിലെ 73-ാം വകുപ്പ് ശരിയ്ക്കും ജാഗ്രതയുടെയും വിവേകത്തിന്റെയും നിയമമാണ്, അല്ലാതെ അത് തെളിവ് നിയമത്തിലെ 45-ാം വകുപ്പ് പ്രകാരമുള്ള വിദഗ്ദ്ധാഭിപ്രായത്തിന് പകരം ആവില്ല. നിയമത്തിലെ 73-ാം വകുപ്പ് പ്രകാരമുള്ള താരതമ്യത്തിലൂടെ കോടതിയ്ക്ക് അതിന്റെ നിഗമനത്തിലെത്തുന്നതിൽ നിന്ന് വിലക്കിയിട്ടില്ല. എന്നാൽ കോടതി ഒരു വിദഗ്ദ്ധനല്ല, ഒരു വിദഗ്ദ്ധനാകാൻ കഴിയില്ല; ആയതിനാൽ തന്നെ അതിന്റെ നിഗമനത്തിന് അതിന്റേതായ ബലഹീനതകളുണ്ടാകും. കോടതിയ്ക്ക് അതിന്റെ നടപടികൾക്ക് സാക്ഷിയായി പ്രവർത്തിക്കാനാകില്ല. നിയമത്തിലെ 73-ാം വകുപ്പ് പ്രകാരം നിക്ഷിപ്ത അധികാരത്തിന്റെ മറവിൽ തെളിവ് നിയമത്തിലെ 45-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളപോലെ വിദഗ്ദ്ധ അഭിപ്രായത്തിലെത്താനോ കഴിയില്ല. ചുരുക്കത്തിൽ, തെളിവ് നിയമത്തിന്റെ 73-ാം വകുപ്പ് പ്രകാരം കോടതി എത്തിച്ചേർന്ന നിഗമനം, തെളിവ് നിയമത്തിലെ 45-ാം വകുപ്പ് ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധ അഭിപ്രായം അല്ലാത്തതും ടി വകുപ്പ് അർത്ഥമാക്കുന്നതുപോലെ കോടതിക്ക് ഒരു വിദഗ്ദ്ധൻ ആകാനോ കഴിയില്ല. 73-ാം വകുപ്പിന്റെ പ്രധാന ഭാഗത്തുള്ള 'താരതമ്യപ്പെടുത്താം' എന്ന പദപ്രയോഗവും രണ്ടാം ഖണ്ഡികയിലെ 'കോടതിയെ താരതമ്യപ്പെടുത്താൻ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ' എന്ന പദപ്രയോഗവും ആ വകുപ്പിൻകീഴിലുള്ള താരതമ്യം ജാഗ്രതയുടെയും വിവേകത്തിന്റെയും ഒരു ചട്ടം മാത്രമാണെന്നും അത് തെളിവിന് പകരം വയ്ക്കാനാവില്ല എന്നും വ്യക്തമാക്കുന്നു. തർക്കത്തിലുള്ള പ്രോ നോട്ട് യഥാവിധി നടപ്പിലാക്കിയത് സംബന്ധിച്ച് തെളിവ് നിയമത്തിലെ 73-ാം വകുപ്പ് പ്രകാരമുള്ള താരതമ്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ രണ്ട് കീഴ്ക്കോടതികളും നടത്തിയ കണ്ടെത്തലുകൾ നിലനിൽക്കുന്നതല്ല. ഒരു സ്വതന്ത്ര സാക്ഷി വിസ്തരിക്കപ്പെടാത്തതും തെളിവ് നിയമത്തിലെ 45-ാം വകുപ്പ് പ്രകാരം ഉള്ള വിദഗ്ദ്ധ അഭിപ്രായത്തിന്റെ അഭാവവും തർക്കത്തിലുള്ള പ്രോ നോട്ട് നടപ്പിലാക്കിയത് തെളിയിപ്പിക്കുന്നത് സംബന്ധിച്ച് വാദിയുടെ കേസിനെ ദോഷമായി ബാധിക്കുന്നതാണ്. കീഴ്ക്കോടതികളുടെ ഉത്തരവും വിധിന്യായവും നിലനിർത്താൻ കഴിയില്ല എന്നതിനാൽ അവ റദ്ദ് ചെയ്തുകൊണ്ട് അപ്പീൽ ഭാഗികമായി അനുവദിക്കുന്നു. വിഷയം വീണ്ടും പുതുതായി തീർപ്പ് കൽപ്പിക്കുന്നതിനായി വിചാരണ കോടതിയിലേക്ക് റിമാൻഡ് ചെയ്തു. കക്ഷികൾ വിചാരണ കോടതി മുമ്പാകെ 18-05-2020-ന് ഹാജരാകണം.

അതനുസരിച്ച് അപ്പീൽ ഭാഗികമായി അനുവദിയ്ക്കുന്നു. ചെലവുകളൊന്നുമില്ല.




# സുപ്രധാന വിധികൾ ഒറ്റനോട്ടത്തിൽ

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡേ,**

**ബഹു. ജസ്റ്റിസ് ബി. ആർ. ഗവായ്**

**&**

**ബഹു. ജസ്റ്റിസ് സൂര്യ കാന്ത്**

സിവിൽ അപ്പീൽ നമ്പരുകൾ 2017-ലെ 8933-8934

2020 മാർച്ച് 18-ന് വിധി പ്രഖ്യാപിച്ചത്

**രാജസ്ഥാൻ ഹൈക്കോടതി**

**Vs**

**വേദ്പ്രിയയും മറ്റുള്ളവരും**






### പ്രസക്തഭാഗങ്ങൾ

മുൻ ജുഡീഷ്യൽ ഓഫീസറായ വേദ്പ്രിയയെ പ്രൊബേഷൻ കാലയളവിലെ ചില അഴിമതി ആരോപണത്തെ തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്തതിനെ തുടർന്ന് അവരെ തിരിച്ചെടുക്കണമെന്നുള്ള രാജസ്ഥാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ രാജസ്ഥാൻ ഹൈക്കോടതി സമർപ്പിച്ച സിവിൽ അപ്പീലുകളാണ് ബഹു. സുപ്രീംകോടതിയുടെ പരിഗണനയിൽ വന്നത്.

ഉദ്യോഗസ്ഥനെ സ്ഥിരപ്പെടുത്തുന്നതുവരെ ജോലിയിൽ നിന്നും വിമുക്തമാക്കാൻ പാടില്ല എന്ന ഒരു അവകാശവും പ്രൊബേഷനറിന് ഇല്ലെന്നും, അവർ അനുയോജ്യരല്ലെന്ന് കണ്ടാൽ യോഗ്യതയുള്ള അധികാരിക്ക് വിമുക്തനാക്കാം എന്നും ബഹു. സുപ്രീംകോടതി വിധി പ്രസ്താവിച്ചു. സ്ഥിരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311 പ്രകാരം ലഭിക്കുന്ന സംരക്ഷണം ഒരു പ്രൊബേഷണറിന് ലഭിക്കുകയില്ലെന്നും അവരുടെ ഏകാന്തരക്രമത്തിലെ മേഖലകളിലുള്ള ഭാവി പ്രതീക്ഷകളെയും കോട്ടം തട്ടുന്നതും, സ്വഭാവ അധിക്ഷേപം വരുത്തുന്നതും ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കുന്നതുമായ രീതിയിൽ നീക്കം ചെയ്താൽ അവർക്ക് **Principles of Natural Justice** (പ്രകൃതിധർമ്മ പ്രകാരമുള്ള ന്യായം) പ്രകാരം സംരക്ഷണം ലഭിക്കും. കൂടാതെ **ACR**-ൽ **"good"**എന്ന് സ്ഥിരമായി രേഖപ്പെടുത്തിയതുകൊണ്ട് സർവ്വീസിൽ തുടരുന്നതിന് അവകാശമായി നൽകുവാൻ ഒരു കാരണമായി കാണാനാവില്ലെന്ന് കോടതി നിരീക്ഷിക്കുകയും, രാജസ്ഥാൻ ഹൈക്കോടതിയുടെ സിവിൽ അപ്പീൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ഇന്ദു മൽഹോത്ര**

**&**

**ബഹു. ജസ്റ്റിസ് ഇന്ദിര ബാനർജി**

**സിവിൽ അപ്പീൽ നം. 6156/2013**

**ഹരികൃഷ്ണ മന്ദിർ ട്രസ്റ്റ്**

**Vs**

**സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്രയും മറ്റുള്ളവരും**

**ജസ്റ്റിസ് ഇന്ദിര ബാനർജി**



### പ്രസക്തഭാഗങ്ങൾ

സ്വത്തവകാശം ഇപ്പോൾ മൗലിക അവകാശം അല്ലായെങ്കിൽ പോലും അത് ഇപ്പോഴും അനുച്ഛേദം 300-എ പ്രകാരമുള്ള ഒരു ഭരണഘടനാവകാശവും മാനുഷികാവകാശവുമാണ്. സർക്കാരോ അല്ലെങ്കിൽ പൊതു അധികാര സ്ഥാനമോ ആയതിന് നിയമ പ്രകാരം ഉള്ള വിവേചനാധികാരം വിനിയോഗിക്കുന്നതിൽ പരാജയപ്പെടുകയോ തെറ്റായി വിനിയോഗിക്കുകയോ ചെയ്താൽ ഹൈക്കോടതി ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം മാൻഡമസ് റിട്ട് അത്തരം അധികാരികൾക്കെതിരായി പുറപ്പെടുവിക്കാൻ ബാധ്യസ്ഥമാണ്.

ഭരണഘടനയുടെ അനുച്ഛേദം 300എ-യുടെ അനുശാസന പ്രകാരം നിയമത്തിന്റെ അധികാരത്താൽ അല്ലാതെ ഒരു വ്യക്തിക്കും അയാളുടെ സ്വത്ത് നഷ്ടപ്പെടുകയില്ല. ഇന്ത്യൻ ഭരണഘടന 1950, അനുച്ഛേദം 300എ-

സ്വത്തവകാശം: ഭരണഘടനയുടെ അനുച്ഛേദം 300 'എ'-യിൽ ഉൾക്കൊള്ളുന്ന 'എമിനെന്റ് ഡൊമെയ്ൻ സിദ്ധാന്ത'ത്തിൽ രണ്ട് ഭാഗങ്ങൾ ഉൾപ്പെടുന്നു.- (i) പൊതു താത്പര്യത്തിനായി സ്വത്ത് കൈവശം വയ്ക്കൽ (ii) ന്യായമാജജയ നഷ്ടപരിഹാരം നൽകൽ- പൊതുജനങ്ങളുടെ പ്രയോജനത്തിനായി ഉടമയുടെ സ്വത്ത് ഏറ്റെടുക്കാനോ നിയന്ത്രിക്കാനോ സംസ്ഥാനത്തിന് അധികാരമുണ്ട്. എന്നിരുന്നാലും അങ്ങനെ സംസ്ഥാനം പ്രവർത്തിക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരം നൽകി നഷ്ടം നികത്തുവാൻ ബാധ്യസ്ഥമാണ്.

**ബഹു. സുപ്രീം കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് അരുൺ മിശ്ര,**

**ബഹു. ജസ്റ്റിസ് ഇന്ദിര ബാനർജി,**

**ബഹു. ജസ്റ്റിസ് വിനീത് സരൻ,**

**ബഹു. ജസ്റ്റിസ് എം.ആർ. ഷാ**
**&**
**ബഹു. ജസ്റ്റിസ് അനിരുദ്ധ ബോസ്**

സിവിൽ അപ്പീൽ നം. 5674/2009
2020 മെയ് 5-ന് വിധി കല്പിച്ചത്

**പാണ്ഡുരംഗ് ഗൺപതി ചൗഗുലേ**
**Vs**
**വിശ്വാസ് റാവു പാട്ടീൽ മുർഗുഡ് സഹകാരി ബാങ്ക് ലിമിറ്റഡ്**

**(2020 (9) എസ് സി സി 215, ഐഎൽ ആർ 2020 (2) കേരള 477)**

**ജസ്റ്റിസ് അരുൺ മിശ്ര**




## പ്രസക്തഭാഗങ്ങൾ

സംസ്ഥാന സർക്കാരിന്റെ നിയമനിർമ്മാണത്തിൻ കീഴിലുള്ള സഹകരണ സൊസൈറ്റികളും മൾട്ടി സ്റ്റേറ്റ് സഹകരണ ബാങ്കുകളും 2002-ലെ സർഫേസി ആക്റ്റിന്റെ വകുപ്പ് 2(1)(സി) യുടെ ബാങ്കിന്റെ

പരിധിയിൽ വരുന്നു. 'റിക്കവറി' എന്നത് പണമിടപാടിന്റെ അവശ്യ ഘടക മായതിനാൽ സർഫേസി ആക്റ്റിന്റെ 13-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള റിക്കവറി നടപടികൾ സഹകരണ ബാങ്കുകൾക്കും ബാധകമാണ്.

പണമിടപാട് നടത്തുന്ന പ്രാഥമിക വായ്പാ സംഘങ്ങൾക്ക് മേൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആഴത്തിലുള്ളതും വ്യാപകമായതുമായ നിയന്ത്രണമുണ്ടാകും. 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ വ്യവസ്ഥ കൾ പ്രകാരം ഒരു സഹകരണ സംഘത്തിനും റിസർവ്വ് ബാങ്കിന്റെ അനുമതിയില്ലാതെ യാതൊരു ബിസിനസ്സും നടത്താൻ സാധിക്കുകയില്ല്. സഹകരണ ബാങ്കുകളുടെ നിലനിൽപ്പ് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റിനെയും ഒപ്പം 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിനെയും ആശ്രയിച്ചും ആയതിന്റെ നിയന്ത്രണത്തിലും ആയിരിക്കും.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ആർ. എഫ്. നരിമാൻ**

**ബഹു. ജസ്റ്റിസ് എസ്. രവീന്ദ്ര ഭട്ട്**

**&**

**ബഹു. ജസ്റ്റിസ് വി. രാമസുബ്രമണ്യൻ**

സിവിൽ അപ്പീൽ നമ്പർ 20825-20826/2017

2020 ജൂലൈ 14-ന് വിധി പ്രസ്താവിച്ചത്

**അർജുൻ പണ്ഡിറ്റ് റാവു ഖോട്കർ**

**Vs**

**കൈലാഷ് ഖുഷൻ റാവു ഗോരന്ത്യാലും മറ്റുള്ളവരും**

**ജസ്റ്റിസ് ആർ.എഫ്. നരിമാൻ**




### പ്രസക്തഭാഗങ്ങൾ

തെളിവ് നിയമം 1872, വകുപ്പ് 65 ബി(4)-ഇലക്ട്രോണിക് തെളിവ്-ഇലക്ട്രോണിക് രേഖ ഒരു തെളിവായി അംഗീകരിക്കുന്നതിന് സർട്ടിഫിക്കറ്റ് അവശ്യമാണ്. എന്നത് മുൻകാല നിബന്ധനയാണ്. അത്തരം സർട്ടിഫിക്കറ്റിന് പകരമായി വാമൊഴി തെളിവ് അനുവദനീയമല്ല. എന്നാൽ ലാപ്ടോപ് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടാബ്ലറ്റ് അല്ലെങ്കിൽ മൊബൈൽ ഫോൺ ആണെങ്കിൽ പോലും അത് അസ്സൽ രേഖയായി നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ സർട്ടിഫിക്കറ്റ് എന്ന ആവശ്യകോപാധി ആവശ്യമില്ല.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തി പ്രസ്തുത ഉപകരണവുമായി ബന്ധപ്പെട്ട ഉത്തരവാദി ത്തമുള്ള ഒഫീഷ്യൽ സ്ഥാനം വഹിക്കുന്ന നിരവധി വ്യക്തികളിൽ നിന്നും ആരെങ്കിലുമോ കൂടാതെ പ്രസ്തുത പ്രവർത്തനങ്ങളുടെ മാനേജ്മെന്റിൽ ഉൾപ്പെട്ട വ്യക്തിയോ ആകാം. ആവശ്യകോപാധിയായ സർട്ടിഫിക്കറ്റിൽ തെറ്റായ നിയമ പ്രസ്താവന ആണെങ്കിൽ കമ്പ്യൂട്ടർ ചുമതല വഹിച്ചിരുന്ന വ്യക്തി വഴി മറ്റ് ഉറവിടങ്ങളിൽ നിന്നുള്ള തെളിവുകളും നൽകാവുന്നതാണ്.

അസ്സൽ രേഖ തന്നെ സമർപ്പിക്കുന്ന പക്ഷം സർട്ടിഫിക്കറ്റ് ആവശ്യമില്ലാത്തതാണ്. ഇത് ലാപ്ടോപ്പ് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടാബ്ലറ്റ് അല്ലെങ്കിൽ മൊബൈൽ ഫോൺ എന്നിവയുടെ ഉടമയ്ക്ക് സാക്ഷിക്കൂട്ടിൽ കയറി യഥാർത്ഥ വിവരം ആദ്യം ശേഖരിച്ചിട്ടുള്ള ബന്ധപ്പെട്ട ഉപകരണം തന്റെ ഉടമസ്ഥതയിൽ ഉള്ളതാണോ താൻ ഉപയോഗിച്ചിരുന്നുവെന്നോ മൊഴി നൽകാം. അഥവാ കമ്പ്യൂട്ടർ ഒരു കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെയോ ഭാഗമാകുകയും അത് കോടതിയിൽ കൊണ്ട് വരുന്നതിന് അസാധ്യമാകുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ഇലക്ട്രോണിക് രേഖയിലെ വിവരങ്ങൾ വകുപ്പ് 65-ബി(1) പ്രകാരം സർട്ടിഫിക്കറ്റ് സഹിതം മാത്രമേ നൽകാൻ കഴിയൂ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ & ബഹു. ജസ്റ്റിസ് വി. ജി. അരുൺ

ഒ.പി (കെ എ റ്റി) നം. 430/2019

**ഷഫീക്ക്**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള**

വിധി പ്രസ്താവിച്ചത് 5 ഫെബ്രുവരി 2020

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 66,67

"നോമിനി ഒരു ട്രസ്റ്റി മാത്രമാണ്. നിയമപരമായ അവകാശികളുടെ അവകാശം കേവലം ഒരു നാമനിർദ്ദേശത്തിലൂടെ അപഹരിക്കാനാവില്ല"

### കേസിലെ വസ്തുത (ചുരുക്കം)

മരണമടഞ്ഞ സർക്കാർ ഉദ്യോഗസ്ഥന്റെ വിവാഹമോചിതയായ ഭാര്യയുടെ മക്കൾ ടിയാളുകളുടെ പിതാവിനെതിരെ വിജിലൻസ് കേസ് നിലനിന്നിരുന്നതിനാൽ ജീവിച്ചിരിക്കെ ടിയാന് നൽകാതിരുന്ന പെൻഷൻ കുടിശ്ശികയും ഡിസിആർജിയും ടിയാൻ മരണപ്പെട്ടതിനെ തുടർന്ന് ടിയാനെതിരെയുള്ള കേസ് അബേറ്റ് (ഉപശമനം) ചെയ്തിട്ടുള്ളതിനാൽ അനുവദിച്ച് നൽകണമെന്നാണ് ഇവരുടെ ആവശ്യം. നേരത്തെ ടിയാന്റെ രണ്ടാമത്തെ ഭാര്യ ലോകായുക്തയെ സമീപിച്ചിട്ടുള്ളതും ലോകായുക്ത ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും ആയവ സംസ്ഥാന സർക്കാർ കോടതിയിൽ ചോദ്യം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ലോകായുക്തയുടെ നിർദ്ദേശങ്ങൾ ശിപാർശകളായി കണക്കാക്കി സർക്കാരിനോട് തീരുമാനം എടുക്കാൻ കോടതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. സർക്കാർ ജീവനക്കാരന്റെ ജീവിതകാലത്ത് ലഭിക്കേണ്ട പെൻഷൻ കുടിശ്ശികയും ഡിസിആർജിയും സംബന്ധിച്ചാണ് തർക്കം ഉടലെടുത്തിട്ടുള്ളത്. ഹർജികക്ഷികളുടെ മാതാവായ ശൈലജാ ബീവിയെ ഷംസുദ്ദീൻ 27-02-1983-ന് വിവാഹം കഴിക്കുകയും ആ ദാമ്പത്യബന്ധത്തിൽ ഹർജികക്ഷികൾ ജനിക്കുകയും ചെയ്തു. ഷംസുദ്ദീൻ പിന്നീട് ശൈലജാ ബീവിയെ വിവാഹമോചനം ചെയ്യുകയും 04-07-1993-ൽ സലീനാ ബീവിയെ വിവാഹം കഴിക്കുകയും ചെയ്തു. സലീനാ ബീവിയും മകനും രണ്ടും മൂന്നും എതിർ കക്ഷികൾ ആകുന്നു. സർക്കാർ ഉദ്യോഗസ്ഥനായ ഷംസുദ്ദീൻ 31-05-2006-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും 22-11-2009-ൽ മരണപ്പെടുകയും ചെയ്തു.

ടിയാനെതിരെ വിജിലൻസ് കേസ് നിലനിന്നി രുന്നതിനാൽ ടിയാന് ലഭിക്കേണ്ടിയിരുന്ന ഡിസിആർജി ജീവിച്ചിരുന്നപ്പോൾ ലഭിക്കേണ്ടതായ പെൻഷൻ തുക എന്നിവ ലഭിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ മരണശേഷമാണ് തർക്കം ഉടലെടുത്തത്.

കുടുംബ പെൻഷൻ തുക ഹർജികക്ഷികൾക്കും രണ്ടും മൂന്നും എതിർ കക്ഷികൾക്കും, (മക്കൾക്ക് 25 വയസ്സ് വരെ) തുല്യമായി നൽകാൻ സർക്കാർ നിർദ്ദേശിച്ചു (A4). പ്രസ്തുത ഉത്തരവ് ഹർജികക്ഷികൾ എതിർത്തില്ല. എന്നാൽ ഡിസിആർജിയും പെൻഷൻ കുടിശ്ശികയും അനുവദിക്കുന്നതിന് നാമനിർദ്ദേശ ത്തിനനുസൃതമായി രണ്ടാം എതിർകക്ഷിക്ക് മൊത്തം തുകയും നൽകാൻ നിർദ്ദേശിച്ചത് ട്രൈബ്യൂണൽ മുമ്പാകെ ചോദ്യംചെയ്യപ്പെട്ടു. മരണപ്പെട്ടയാളുടെ ആഗ്രഹത്തിന്റെ പ്രകടനമാണ് നാമനിർദ്ദേശം എന്നും അത് ഒരു വിൽപ്പത്രത്തിന് തുല്യമാണ് എന്നും ട്രൈബ്യൂണൽ കണ്ടെത്തി. ഇതിനെ തുടർന്നാണ് ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

## കോടതിയുടെ കണ്ടെത്തൽ

കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 67 ആണ് നാമനിർദ്ദേശത്തിന് പ്രാപ്തമാക്കുന്ന നിർദ്ദിഷ്ട വ്യവസ്ഥ. കെഎസ്ആർ ഭാഗം III-ലെ ചട്ടം 66 പ്രകാരം അഞ്ച് വർഷത്തെ യോഗ്യതാസേവനം പൂർത്തിയാക്കിയ ഒരു ജീവനക്കാരന് ചട്ടം 68-ൽ വ്യക്തമാക്കിയിട്ടുള്ള തുകയിൽ കവിയാത്ത ഗ്രാറ്റുവിറ്റിക്ക് അർഹനാക്കുന്നു. അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയ ഒരു ജീവനക്കാരൻ മരണപ്പെടുകയാണെങ്കിൽ ഗ്രാറ്റുവിറ്റി തുക അത് സ്വീകരിക്കുവാൻ അവകാശമുള്ള വ്യക്തിക്കോ വ്യക്തികൾക്കോ നൽകാൻ ചട്ടം 67 സർക്കാരിനെ പ്രാപ്തമാക്കുന്നു. ഈ അവകാശം ജീവനക്കാരൻ തന്റെ ജീവിതകാലത്ത് നൽകിയ നാമനിർദ്ദേശത്തെ സൂചിപ്പിക്കുന്നു. മരണത്തെ തുടർന്ന് ഡിസിആർജി ലഭിച്ചിട്ടില്ല എങ്കിൽ അത് മരണപ്പെട്ടയാളുടെ സ്വത്തായി മാറപ്പെടുന്നതും അത് മരണപ്പെട്ടയാൾക്ക് ബാധകമായിട്ടുള്ള പിൻതുടർച്ചാവകാശം പ്രകാരം നിയമപരമായ എല്ലാ അവകാശികൾക്കും ലഭിക്കാൻ അർഹതയുള്ളതുമായിരിക്കും.

കെഎസ്ആർ-ലെ വ്യവസ്ഥ ഇൻഷ്വറൻസ് നിയമത്തിലെ 39-ാം വകുപ്പിന് സമാനമാണ്. "നോമിനി" നിയമപരമായ അവകാശികളുടെ ഒരു ട്രസ്റ്റി മാത്രമാണ്. നിയമപരമായ അവകാശികളുടെ അവകാശം കേവലം നാമനിർദ്ദേശത്തിലൂടെ അപഹരിക്കാനാവില്ല. ഈ സാഹചര്യത്തിൽ നാമനിർദ്ദേശം ചെയ്തിട്ടില്ലാത്ത ഡിസിആർജി തുകയും പെൻഷൻ കുടിശ്ശികയും

മരണപ്പെട്ടയാളുടെ സ്വത്ത് ആണ് എന്നതിനാൽ ടിയാളുടെ നിയമപരമായ അവകാശികൾക്ക് മുസ്‌ലീങ്ങൾക്ക് ബാധകമായ പിൻതുടർച്ചാവകാശ നിയമ പ്രകാരം ലഭിക്കാൻ അർഹതയുണ്ട്.

## തീരുമാനം

രണ്ടാം എതിർകക്ഷിക്ക് നൽകേണ്ട ഡിസിആർജി തുകയുടെയും പെൻഷൻ കുടിശ്ശികയുടെയും 1/8 ഭാഗത്തിന് അർഹതയുണ്ട്. ബാക്കി തുകയിൽ, ആൺമക്കൾക്ക്, പെൺമക്കൾക്ക് ലഭിക്കുന്ന തുകയുടെ ഇരട്ടി തുകയ്ക്ക് അർഹതയുള്ളതിനാൽ ഒന്നും രണ്ടും ഹർജികക്ഷികൾക്കും മൂന്നാം എതിർകക്ഷിക്കും 2/7 ഭാഗവും മൂന്നാം ഹർജികക്ഷിക്ക് 1/7 ഭാഗത്തിനും അർഹതയുണ്ട്. കോടതി നിർദ്ദേശിച്ച പ്രകാരം തുക വിട്ടുനൽകാൻ നിർദ്ദേശിച്ചു കൊണ്ട് ട്രൈബ്യൂണൽ ഉത്തരവും അനുബന്ധം എ4-ഉം റദ്ദ് ചെയ്യുന്നു. ചെലവ് സംബന്ധിച്ച് ഉത്തരവില്ല.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി. വി. കുഞ്ഞികൃഷ്ണൻ**

(ക്രിമിനൽ അപ്പീൽ നം. 2025/2008)

**അനി**

**Vs**

**സ്റ്റേറ്റ് ഓഫ് കേരള**

2020 സെപ്റ്റംബർ 24-ന് വിധി പ്രസ്താവിച്ചത്

**ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ**




### പ്രസക്ത ഭാഗങ്ങൾ

ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികളിൽ ഒരാൾ സമർപ്പിച്ച ക്രിമിനൽ അപ്പീലിൽ ഒരു സിംഗിൾ ജഡ്ജ് വിധിന്യായം പുറപ്പെടുവിച്ചു കഴിഞ്ഞാൽ, വിധിന്യായത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പോലും മറ്റൊരു സിംഗിൾ ജഡ്ജിക്ക് മറ്റൊരു പ്രതി സമർപ്പിച്ച അപ്പീലിൽ രണ്ട് പ്രതികൾക്ക് എതിരെയുള്ള കുറ്റാരോപണം ഒന്നു തന്നെയാണെങ്കിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കാൻ കഴിയുകയില്ല. അത്തരമൊരു സാഹചര്യത്തിൽ കേസ് വിചാരണ കോടതിയിലേക്ക് റിമാൻഡ് ചെയ്യുകയും വിചാരണ കോടതിയെ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരം ചാർജ് ചെയ്യാനും മുന്നോട്ട് പോകുവാനും നിർദ്ദേശിക്കുക എന്നതാണ് ഉസാധാരണ പരിഹാരം.

New Acts

# ഉപഭോക്തൃ സംരക്ഷണ നിയമം, 2019 (സംക്ഷിപ്ത രൂപം)




ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഒരു ഉപഭോക്താവിന്റെ സംസ്ക്കാരവും വ്യാപാരരീതികളും ഉപഭോക്തൃ പ്രതീക്ഷകളും കാലഘട്ടത്തിനനുസരിച്ച് മാറിക്കഴിഞ്ഞു. ഡിജിറ്റലൈസേഷൻ, ഈസി ആക്സസ്, വൈവിധ്യമാർന്ന ചോയ്സ്, സൗകര്യപ്രദമായ പെയ്മെന്റ് സംവിധാനങ്ങൾ, മെച്ചപ്പെട്ട സേവനങ്ങൾ, ഷോപ്പിംഗ് എന്നിവ സൗകര്യത്തിനനുസരിച്ച് നൽകി. അതോടൊപ്പം ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട വെല്ലുവിളികളും ഇത് കൊണ്ടുവന്നു. ഇത് മുന്നിൽ കണ്ട് കൊണ്ട് ഈ ഡിജിറ്റൽ യുഗത്തിൽ ഉപഭോക്താക്കൾ നേരിടുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ഉപഭോക്തൃ സംരക്ഷണ നിയമം പാസ്സാക്കി. ഈ നിയമം 2020 ജൂലൈ 20ന് പ്രാബല്യത്തിൽ വന്നു. അങ്ങനെ മൂന്ന് പതിറ്റാണ്ടിലേറെ പഴക്കമുള്ള ഉപഭോക്തൃ സംരക്ഷണ നിയമം, 1986 റദ്ദാക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 ഉപഭോക്താക്കളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമമാണ്. രാജ്യത്ത് ഉടനീളമുള്ള ഉപഭോക്തൃ കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത ധാരാളം ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിന് ഈ നിയമം അനിവാര്യമാണ്. ഉപഭോക്തൃ പരാതികൾ വേഗത്തിൽ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും രീതികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ ചില പ്രധാനപ്പെട്ട സവിശേഷതകൾ നിയമധ്വനിയിലൂടെ ഞങ്ങൾ അവതരിപ്പിക്കുന്നു.

## ഉപഭോക്താവ്

പുതിയ നിയമം ഉപഭോക്താവ് എന്നതിന്റെ നിർവ്വചനം വിപുലമാക്കി. ഓഫ്‌ലൈൻ അല്ലെങ്കിൽ ഓൺലൈൻ ഇടപാടുകൾ, ഇലക്ട്രോണിക് മാർഗ്ഗങ്ങൾ , ടെലിഷോപ്പിംഗ്, നേരിട്ടുള്ള വില്പന അല്ലെങ്കിൽ ഇടപാടുകൾ, മൾട്ടിലെവൽ മാർക്കറ്റിംഗ് എന്നിവയിലൂടെ ഏതെങ്കിലും സാധനങ്ങൾ വാങ്ങുകയോ ഏതെങ്കിലും സേവനത്തിന് പ്രതിഫലം



GPM 5/93/2021 - 14

നൽകുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയും ഇപ്പോൾ ഉപഭോക്താവിന്റെ നിർവ്വചനത്തിൽ പെടുന്നു.

## ഇ-കോമേഴ്സ്

ഇ-കോമേഴ്സ് ഇടപാടുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഡിജിറ്റൽ അല്ലെങ്കിൽ ഇലക്ട്രോണിക് നെറ്റ്‌വർക്കിംഗിലൂടെയുള്ള ഏതെങ്കിലും സാധനങ്ങളുടെയോ സേവനങ്ങ ളുടെയോ, ഡിജിറ്റൽ ഉൽപ്പന്നങ്ങളുടെയോ വാങ്ങലും വില്പനയും ഉൾപ്പെടുന്നു. മുമ്പത്തെ നിയമത്തിൽ ഇകോമേഴ്സ് ഇടപാടുകൾ പ്രത്യേകം ഉൾപ്പെടുത്തിയിരുന്നില്ല. ആ കുറവ് പുതിയ ആക്റ്റ് നികത്തിയിട്ടുണ്ട് .

## പരാതികളുടെ ഇ-ഫയലിംഗ്

ഉപഭോക്താവിന്റെ താമസസ്ഥലത്തോ ജോലിസ്ഥലത്തോ ഉള്ള അധികാരപരിധി യിലുള്ള ഉപഭോക്തൃ ഫോറത്തിലൂടെ പരാതി നൽകാൻ പുതിയ നിയമത്തിലൂടെ സാധിക്കുന്നു. ഇത് വാങ്ങിയ സ്ഥലത്ത് അല്ലെങ്കിൽ വില്പനക്കാരൻ രജിസ്റ്റർ ചെയ്ത ഓഫീസ് വിലാസം ഉള്ളിടത്ത് ഫയൽ ചെയ്യുന്ന നിലവിലെ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമാണ്.

ഉപഭോക്താക്കൾക്ക് ഇലക്ട്രോണിക് രീതിയിൽ പരാതികൾ നൽകാനും വീഡിയോ കോൺഫറൻസിങ്ങിലൂടെ കക്ഷികളെ കേൾക്കാനും പരിശോധിക്കാനുമുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതും പുതിയ നിയമത്തിൽ അടങ്ങിയിരിക്കുന്നു. നടപടിക്രമങ്ങൾ എളുപ്പമാക്കുന്നതിനും ഉപഭോക്താക്കൾക്ക് അസൗകര്യവും ബുദ്ധിമുട്ടും കുറയ്ക്കുന്നതിനുമാണ് ഇത് ലക്ഷ്യമിടുന്നത്.

## ഉല്പന്ന ബാധ്യത

പുതിയ നിയമം ഉല്പന്ന ബാധ്യത എന്ന പുതിയ ആശയം അവതരിപ്പിക്കുകയും നഷ്ടപരിഹാരത്തിനായുള്ള ഏതു ക്ലെയിമിനും ഉല്പന്ന നിർമ്മാതാവ്, ഉല്പന്ന സേവന ദാതാവ്, ഉല്പന്ന വിൽപ്പനക്കാരൻ എന്നിവരെ അതിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യുന്നു.

## അന്യായമായ വ്യാപാര സമ്പ്രദായം

അന്യായ വ്യാപാര സമ്പ്രദായങ്ങളുടെ ഒരു വിശാലമായ നിർവ്വചനം പുതിയ നിയമം അവതരിപ്പിക്കുന്നു. അന്യായ വ്യാപാര സമ്പ്രദായത്തിൽ ഒരു ഉത്പന്നത്തിന്റെ വിപണനത്തിനായി ഉപഭോക്താവിനെ കബളിപ്പിക്കുന്ന രീതികളിൽ വാക്കാലോ, ഇലക്ട്രോണിക് രേഖാമൂലമോ, ഇലക്ട്രോണിക് റെക്കോർഡ് വഴിയോ ഉള്ള പ്രസ്താവനകൾ ഉത്പന്നങ്ങൾ ഒരു പ്രത്യേക നിലവാരത്തിലുള്ളതാണെന്നും അവയുടെ ഗ്രേഡ്, ഗുണമേന്മ, അളവ്, ഘടന, ശൈലി അല്ലെങ്കിൽ മോഡൽ എന്നിവ തെറ്റായി കാണിക്കുന്നതും സെക്കന്റ് ഹാന്റ് ഉത്പന്നങ്ങൾ പുനർനിർമ്മിച്ച് പുതിയ ഉത്പന്നങ്ങളായി കാണിക്കുന്നതും വിൽപ്പനക്കാരനോ വിതരണക്കാരനോ ഇല്ലാത്ത ഒരു സ്പോൺസർഷിപ്പോ അംഗീകാരമോ അഫിലിയേഷനോ ഉണ്ടെന്നു കാണിക്കുന്നതും ഒരു ഉത്പന്നത്തിന്റെ പ്രവർത്തനക്ഷമതയോ,

കാലയളവോ ശരിയായ രീതിയിൽ പരിശോധന നടത്താതെ ഉപഭോക്താവിന് നൽകുന്ന ഗ്യാരന്റിയോ വാറന്റിയോ അന്യായ വ്യാപാരത്തിന്റെ ഉദാഹരണങ്ങളാണ്.

## ഇതര തർക്ക പരിഹാരത്തിനുള്ള വ്യവസ്ഥ

പുതിയ നിയമത്തിൽ V-ാം അദ്ധ്യായത്തിൽ തർക്ക പരിഹാരത്തിനായി ഉപഭോക്തൃ മധ്യസ്ഥത സെല്ലുകൾ ജില്ലാ കമ്മീഷൻ/സംസ്ഥാന കമ്മീഷൻ എന്നിവയുമായി ബന്ധിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നു. മധ്യസ്ഥതയെ തുടർന്ന് ഉപഭോക്തൃ തർക്കം സംബന്ധിച്ച് കക്ഷികൾ തമ്മിൽ ധാരണയിൽ എത്തുകയാണെങ്കിൽ ആയതിലെ വ്യവസ്ഥകൾ രേഖപ്പെടുത്തുകയും കക്ഷികളോ അവരുടെ അംഗീകൃത പ്രതിനിധികളോ ഒപ്പിടേണ്ടതുമാണ് (80(1)-ാം വകുപ്പ്). തുടർന്ന് മധ്യസ്ഥൻ ഒരു ഒത്തുതീർപ്പ് (സെറ്റിൽമെന്റ്) റിപ്പോർട്ട് തയ്യാറാക്കി ആയത് ഒപ്പിട്ട കരാർ സഹിതം ബന്ധപ്പെട്ട കമ്മീഷന് അയച്ചുകൊടുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഇത് തർക്കവിധി നിർണ്ണയ പ്രക്രിയ ലളിതവും വേഗത്തിലുമാക്കി മാറ്റുന്ന ഒരു ഇതര തർക്ക പരിഹാര സംവിധാനമായി മധ്യസ്ഥത വഹിക്കുന്നു. തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും ഉപഭോക്തൃ കോടതികളിലെ സമ്മർദ്ദം കുറയ്ക്കുന്നതിനും ഇത് സഹായിക്കുന്നു.

## ഉപഭോക്താക്കളുടെ അവകാശങ്ങൾ

ഈ നിയമത്തിലെ 2-ാം വകുപ്പ് (9)-ാം ഖണ്ഡം പ്രകാരം ഉപഭോക്താക്കൾക്ക് ഏഴ് അവകാശങ്ങൾ നൽകുന്നു.

1) ജീവനും സ്വത്തിനും അപകടകരമായ വസ്തുക്കൾ, ഉത്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ എന്നിവയുടെ വിപണനത്തിനെതിരെ പരിരക്ഷിക്കാനുള്ള അവകാശം.

2) അന്യായമായ വ്യാപാര സമ്പ്രദായങ്ങളിൽ നിന്ന് ഉപഭോക്താവിനെ സംരക്ഷിക്കന്നതിനായി, ചരക്കുകളുടെയും ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം, അളവ്, ശേഷി, പരിശുദ്ധി, സ്റ്റാൻഡേർഡ്, വില എന്നിവ അറിയാനുള്ള അവകാശം.

3) സാധ്യമായ ഇടങ്ങളിലെല്ലാം വിവിധതരം ചരക്കുകളിലേക്കോ, സേവനങ്ങളിലേക്കോ, ഉത്പന്നങ്ങളിലേക്കോ മത്സരാധിഷ്ഠിത വിലയ്ക്ക് പ്രവേശനം ഉറപ്പുനൽകാനുള്ള അവകാശം.

4) അന്യായമായ വ്യാപാര സമ്പ്രദായങ്ങളിൽ നിന്ന് ഉപഭോക്താവിനെ സംരക്ഷിക്കുന്നതിനായി, ചരക്കുകളുടെയും ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം, അളവ്, ശേഷി, പരിശുദ്ധി, സ്റ്റാൻഡേർഡ്, വില എന്നിവ അറിയാനുള്ള അവകാശം.

5) കേൾക്കാനുള്ള അവകാശം ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്ക് ഉചിതമായ ഫോറത്തിൽ ഉചിതമായ പരിഗണന ലഭിക്കുമെന്ന് ഉറപ്പുനൽകുന്നു.



GPM 5/93/2021 - 15

6) അന്യായമായ വ്യാപാര സമ്പ്രദായത്തിൽ നിന്നും അല്ലെങ്കിൽ നിയന്ത്രിത വ്യാപാര സമ്പ്രദായങ്ങളിൽ നിന്നും അല്ലെങ്കിൽ ഉപഭോക്താക്കളെ നിരുപാധികം ചൂഷണം ചെയ്യുന്നതിൽ നിന്നും പരിഹാരം തേടാനുള്ള അവകാശം.

7) ഉപഭോക്തൃ അവബോധത്തിനുള്ള അവകാശം.

## കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി യുടെ സ്ഥാപനം (സിസിപിഎ)

വിപുലമായ അധികാരമുള്ള കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി (സിസിപിഎ) എന്നറിയപ്പെടുന്ന റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കാൻ പുതിയ നിയമം നിർദ്ദേശിക്കുന്നു. കേന്ദ്ര സർക്കാർ, ഉപഭോക്തൃ അവകാശ ലംഘനം, അന്യായമായ വ്യാപാര രീതികൾ, വ്യാജ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി, ഒരു കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി (സിസിപിഎ) രൂപീകരിക്കുന്നതിന് നിയമത്തിലെ 10-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. അത്തരം ലംഘനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണ വിഭാഗം സിസിപിഎയ്ക്ക് ഉണ്ടായിരിക്കും. കേന്ദ്ര അതോറിറ്റിയുടെ ആസ്ഥാനം ഡൽഹി ആയിരിക്കും. അതോറിറ്റിയുടെ ഉത്തരവിനെതിരെ ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം പരാതിക്കാരന് നാഷണൽ കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

## താഴെ പറയുന്ന പ്രവർത്തനങ്ങൾ സിസിപിഎ നിർവ്വഹിക്കും

I) സ്വമേധയാ അല്ലെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ ഉപഭോക്തൃ അവകാശ ങ്ങളെക്കുറിച്ച് അന്വേഷിക്കുക, ഉചിതമായ ഫോറം മുമ്പാകെ പരാതി ഫയൽ ചെയ്യുക.

ii) അതോറിറ്റിക്ക് അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം ഹാനികരമായ ചരക്കുകൾ തിരിച്ചുവിളിക്കുന്നതിനോ അല്ലെങ്കിൽ സേവനങ്ങൾ പിൻവലിക്കുന്നതിനോ ഉത്തരവ് നൽകുക, തിരിച്ചുവിളിച്ച ചരക്കുകൾക്ക് നൽകിയ വില ഉപഭോക്താവിന് തിരികെ നൽകുക, അന്യായമായ വ്യാപാര രീതികൾ നിർത്തുവാൻ നടപടി സ്വീകരിക്കുക.

iii) തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ പരസ്യം നിർത്തലാക്കാനോ അല്ലെങ്കിൽ പരിഷ്ക്കരിക്കാനോ ബന്ധപ്പെട്ട വ്യാപാരി, നിർമ്മാതാവ്/ പരസ്യദാതാവ് എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകുക.

iv) പിഴ ചുമത്തുക

v) സുരക്ഷിതമല്ലാത്ത ചരക്കുകൾക്കും സേവനങ്ങൾക്കുമെതിരെ ഉപഭോക്താക്ക ൾക്ക് സുരക്ഷാ അറിയിപ്പുകൾ നൽകുക.

vi) ഉപഭോക്താക്കളുടെ അവകാശങ്ങളെ കുറിച്ച് ഗവേഷണം നടത്തുകയും പ്രോത്സാഹനം നല്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

## തെറ്റിദ്ധരിപ്പിക്കുന്ന പരസ്യത്തിന് നിരോധനവും പിഴയും

നിയമത്തിലെ 21-ാം വകുപ്പ് പ്രകാരം, തെറ്റിദ്ധരിപ്പിക്കുന്ന അല്ലെങ്കിൽ തെറ്റായ പരസ്യത്തിന് എൻഡോർസർക്കോ അല്ലെങ്കിൽ നിർമ്മാതാവിനോ എതിരെ പത്ത് ലക്ഷം രൂപ വരെ ചുമത്താനും ഒരു വർഷം വരെ ഏതെങ്കിലും ഉത്പന്നത്തിനോ സേവനത്തിനോ എൻഡോഴ്സ് ചെയ്യുന്നതിൽ നിന്നും എൻഡോർസറെ വിലക്കാനും കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിക്ക് (സിസിപിഎ) അധികാരമുണ്ടായിരിക്കും. ആവർത്തിച്ചുള്ള കുറ്റകൃത്യത്തിന് 50 ലക്ഷം രൂപ വരെ പിഴ എൻഡോർസർക്കോ നിർമ്മാതാവിനോ എതിരെ ചുമത്താനും മൂന്ന് വർഷം വരെ ഏതെങ്കിലും ഉത്പന്നത്തിനോ സേവനത്തിനോ എൻഡോർസ് ചെയ്യുന്നതിൽ നിന്നും എൻഡോർസറെ വിലക്കുവാനും കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിക്ക് അധികാരം നൽകുന്നു.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

ദേശിയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ (സിഡിആർസി) സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ ഈ നിയമത്തിലെ അദ്ധ്യായം IV-ൽ വ്യവസ്ഥ ചെയ്യുന്നു. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ (സിഡിആർസി) ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ സ്ഥാപിക്കും. പുതിയ നിയമത്തിൽ ദുരിതമനുഭവിക്കുന്ന ഒരു കൂട്ടം ഉപഭോക്താക്കൾക്ക് ഒന്നിച്ച് പരാതി ഫയൽ ചെയ്യാനും ചെലവുകൾ കുറയ്ക്കാനും പരിഹാരത്തിനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും കഴിയും.

ഒരു ജില്ലാ കമ്മീഷന്റെ ഉത്തരവിന് എതിരെയുള്ള അപ്പീലുകൾ സംസ്ഥാന കമ്മീഷൻ (47 (iii)-ാം വകുപ്പ് )കേൾക്കും. സംസ്ഥാന കമ്മീഷന്റെ ഉത്തരവിന് എതിരെയുള്ള അപ്പീലുകൾ ദേശീയ കമ്മീഷനിലും സമർപ്പിക്കാനാകും (51-ാം വകുപ്പ്).

ആയതിന്മേൽ അന്തിമ അപ്പീൽ സുപ്രീം കോടതിയിൽ സമർപ്പിക്കുന്നതിന് 67-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

നിയമത്തിലെ 49(2), 59(2) വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഉപഭോക്താവും സേവനദാതാവും/നിർമ്മാതാവും തമ്മിലുള്ള കരാറിന്റെ ഏതെങ്കിലും ഫലപ്രദമല്ലാത്തതും അസാധുവായതും ആയ നിബന്ധനകൾ അന്യായമായി കണക്കാക്കുന്നതിന് സംസ്ഥാന കമ്മീഷനെയും ദേശീയ കമ്മീഷനെയും അധികാരപ്പെടുത്തുന്നു. പഴയ നിയമത്തിൽ ഈ അധികാരം വ്യവസ്ഥ ചെയ്തിരുന്നില്ല.

നിയമത്തിലെ 71-ാം വകുപ്പ് പ്രകാരം കമ്മീഷനുകൾക്ക് വിധി നടപ്പാക്കാനുള്ള അധികാരം 1908ലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XXI-ലെ വ്യവസ്ഥകൾ പ്രകാരം നൽകിയിട്ടുണ്ട്.

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ  അധികാര പരിധി

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ (സിഡിആർസി) അധികാരപരിധി ഈ ആക്റ്റിലെ 34, 47, 58 എന്നീ വകുപ്പുകളിൽ നിർവ്വചിച്ചിരിക്കുന്നു. ഒരു കോടി രൂപ വരെ മൂല്യമുള്ള സേവനങ്ങൾക്കും ചരക്കുകൾക്കും എതിരെയുള്ള പരാതികൾ പരിഗണിക്കുന്നതിന് 34-ാം വകുപ്പ് പ്രകാരം ജില്ലാ കമ്മീഷനുകൾക്കും, 47-ാം വകുപ്പ് പ്രകാരം മൂല്യം ഒരു കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ താഴെയുള്ള സേവനങ്ങൾക്കും ചരക്കുകൾക്കും എതിരെയുള്ള പരാതികൾ പരിഗണിക്കുന്നതിനും, ജില്ലാ കമ്മീഷന്റെ ഉത്തരവിന് എതിരെയുള്ള അപ്പീൽ അപേക്ഷ പരിഗണിക്കുന്നതിനും സംസ്ഥാന കമ്മീഷന് അധികാരം ഉണ്ട്. ദേശിയ കമ്മീഷന് 58-ാം വകുപ്പ് പ്രകാരം 10 കോടി രൂപയ്ക്ക് മുകളിലുള്ള  പരാതികൾ പരിഗണിക്കുന്നതിനും, സംസ്ഥാന കമ്മീഷന്റെയും സെൻട്രൽ അതോറിറ്റിയുടെയും ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ അപേക്ഷ പരിഗണിക്കുന്നതിനുമുള്ള അധികാരം ഉണ്ട്.

## ഉപസംഹാരം

ബ്രാന്റ് അംബാസിഡർമാരായി പ്രവർത്തിക്കുന്ന സെലിബ്രിറ്റികളുടെ സ്വാധീനത്തിൽ ഉപഭോക്താക്കൾ അന്യായമായ വ്യാപാരരീതികൾക്ക് ഇരയായി തീർന്ന നിരവധി സംഭവങ്ങൾ സമീപകാലത്ത് ഉണ്ടായിട്ടുണ്ടെന്നത് കണക്കിലെടുത്ത് പുതിയ നിയമം അംഗീകാരികളുടെ ബാധ്യത പരിഗണിക്കുന്നു. അത്തരം സാഹചര്യത്തിൽ ബാധ്യത ക്ലെയിമുകൾ നിരസിക്കുന്നതിനായി പരസ്യത്തിൽ ഉന്നയിച്ച ക്ലെയിമുകളുടെ കൃത്യത പരിശോധിക്കുന്നതിന് അംഗീകാരത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ഉചിതമായ ജാഗ്രത പാലിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. പുതിയ നിയമം നടപ്പിലാക്കുമ്പോൾ ഉപഭോക്താവിനോട് ജാഗ്രത പാലിക്കാൻ ആവശ്യപ്പെട്ട ദിവസങ്ങൾ ഇല്ലാതായി മാറുന്നു. ഒരു രാജാവിനെ പോലെ പരിഗണിക്കപ്പെടുമെന്ന് കരുതുന്ന ആളാണ് ഇപ്പോൾ ഉപഭോക്താവ്.



2020-ലെ 1-ാം ആക്റ്റ്

## 2020 ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് – യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ്

മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട
ക്രിസ്ത്യാനികളുടെ മൃതദേഹം അടക്കംചെയ്യുന്നതിനും ശവസംസ്കാര
ശുശ്രൂഷകൾക്കും അതുമായി
ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ
ആയ കാര്യങ്ങൾക്കും വേണ്ടി
വ്യവസ്ഥ ചെയ്യുന്നതിനുള്ള
ഒരു ആക്റ്റ്

<u>പീഠിക.</u> മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളുടെ മൃതദേഹം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമ മുണ്ടാക്കുന്നു:-

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>- (1) ഈ ആക്റ്റിന് 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ.</u>- ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) "സെമിത്തേരി" എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ ഒരു കോൺക്രീറ്റ് അറയിൽ അല്ലെങ്കിൽ തറയിൽ എടുത്തിട്ടുള്ള കുഴിയിൽ അടക്കം ചെയ്യുന്നതിനായി വേർതിരിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(ബി) "ക്രിസ്ത്യാനി' എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി അംഗീകരിക്കുന്നവരും സ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ്യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഇടവക" എന്നാൽ കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കുന്നതിനായി ഒരു പള്ളി അല്ലെങ്കിൽ പ്രാർത്ഥനാ ഹാൾ ഉള്ള ക്രിസ്ത്യാനി കുടുംബങ്ങളുടെ ഒരു കൂട്ടായ്മ എന്നർത്ഥ മാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

3. <u>മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം.</u>- (1) ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ അതിന്റെ സെമിത്തേരിയിലോ ഉള്ള ശവസംസ്ക്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്ത് വച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്ക് വേണ്ടി തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

<u>വിശദീകരണം.</u>- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഒരു ഇടവകയിൽ ഉൾപ്പെടുന്ന ഒരു കുടുംബത്തിലെ അംഗം എന്നതിൽ ആ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആൾക്കാരുടെയും പിൻഗാമികളും ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ് യാക്കോബായ സഭാ വിശ്വാസത്തിൽ നിന്നും മാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു.

4. <u>ശിക്ഷ.</u>- 3-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, മൃതദേഹം അടക്കം ചെയ്യുന്നത് തടയുകയോ തടയാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

5. <u>കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും രാജിയാക്കാവുന്നതും ആയിരിക്കുമെന്ന്.</u>- ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും മരണപ്പെട്ടയാളിന്റെ കുടുംബാംഗങ്ങൾക്ക് രാജിയാക്കാവുന്നതും ആയിരിക്കുന്നതാണ്.

6. <u>രജിസ്റ്ററുകളുടെ പരിപാലനം</u>-. ഇടവകയിലെ വികാരി 3-ാം വകുപ്പ് പ്രകാരം സെമിത്തേരിയിൽ നടത്തപ്പെട്ട മൃതദേഹം അടക്കലിനു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വികാരി അങ്ങനെയുള്ള രജിസ്റ്റർ ഒരു സ്ഥിരമായ രേഖയായി അയാളുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും അയാൾക്ക് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന ഫീസ് സ്വീകരിച്ചുകൊണ്ട് ഏതൊരാൾക്കും ഇതിലേയ്ക്കായി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>- (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തി ലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും.</u>- (1) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ഓർഡിനൻസ് (2020-ലെ1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.


നിയമധ്വനി
www.keralalawsect.org
നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
www.keralalawsect.org

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 4

RNI REG. No. KERMAL/2017/74542

DATE OF PUBLICATION
14/08/2020
ഇഷ്യൂ 2



Printed by Salim. A, the Superintendent of Government Presses, Thiruvananthapuram
Published by Aravinthababu P. K, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: Aravinthababu P. K.